പത്രാധിപർ: ടി. കെ. നാരായണക്കുറുപ്പ്

# ടാഗോർ



# വിഷയവിവരം.

സ്മരണാഞ്ജലി—
ശ്രീ. കെ. രാമകൃഷ്ണപിള്ള ബി. ഏ; എൽ. എൽ. ബി.

നിറപറ (കവിത)—
ശ്രീ: പി. കുഞ്ഞിരാമൻനായർ.

പ്രാചീനഭാരതവും വ്യോമയാനവും—
ശ്രീ: വി. കെ. മൂത്തതു്, അഡ്വക്കേററു്.

ജഗദീശ്ചന്ദ്രബോസ്—(ടാഗോർ)
വിവർത്തകൻ, ശ്രീ: സി. ജി. മാധവൻപിള്ള.

പ്രേമഗീതി (കവിത)—
പെരുന്ന, ശ്രീ: കെ. എൻ. നായർ.

പ്രേമോപഹാരം—
ശ്രീ: കെ. പി. ശങ്കരമേനോൻ ബി.എ; ബി.എൽ.

വെളിച്ചം,-വെളിച്ചം!—(കവിത-ടാഗോർ)
വിവർത്തകൻ, പി. വി. കെ. പാന്തൂർ.

കലയുടെ വില—
ശ്രീ: എം. എ. ദാമോദരമേനോൻ.

കലാകാരന്റെ രഹസ്യം (ചെറുകഥ)—
ശ്രീ: നാഗവള്ളിൽ, ആർ. എസ്. കുറുപ്പ് ബി.ഏ.

ഉമർഖയാം—
ശ്രീ: കെ. മുഹമ്മദലി ബി. എ; എൽ. റി.

എക്സ്പ്രഷനിസം—
ശ്രീ: എം. കൃഷ്ണൻനായർ. തിരുവനന്തപുരം.

അന്തിമവാഞ്ഛ (കവിത)—
ശ്രീ: ചാലയിൽ നാരായണപ്പണിക്കർ.

അറുപതാംവയസ്സിൽ (ചെറുകഥ)—
ശ്രീ: തകഴി ശിവശങ്കരപ്പിള്ള.

പൂജാരി (ഏകാങ്കനാടകം)-വിക്തർയൂഗോ
വിവർത്തകൻ, ശ്രീ: വി. കെ. ദാമോദരൻ, ശാസ്ത്രി.

പാവങ്ങൾ (കവിത)—
ശ്രീ: പട്ടം, എൻ. ഗോപാലൻനായർ.

ലൈബ്രറി (ടാഗോർ)—
വിവർത്തകൻ, ശ്രീ: കെ. ആർ. സുധേശൻനായർ.

അസംബന്ധങ്ങളുടെ അരങ്ങേററം—
ശ്രീ: പി. ദാമോദരൻപിള്ള ബി. എ.

സമാധി (കവിത)—
ശ്രീ: മുത്തൂർ രാഘവൻനായർ.

ടാഗോറിന്റെ കത്തുകൾ—
ശ്രീ: പി. ശേഷാദ്രിഅയ്യർ ബി. എ; എം. എൽ.

മുക്തകങ്ങൾ:- (ലേഖനങ്ങളുടെ അവസാനത്തിൽ അങ്ങിങ്ങു കൊടുത്തിരിക്കുന്ന കവിതാശകലങ്ങൾ പത്രാധിപരുടേതാണ്.)

# എഴുതുവാൻ നല്ല പെൻസിൽ ഏതു്?

ശ്രീ ചിത്രാ പ്രദർശനത്തിൽ നിന്നും ഒന്നാം സമ്മാനം ലഭിച്ച

# ല
# ക്ഷ്മി
# പെ
# ൻ
# സി
# ൽ

ഉയൎന്നതരം അമേരിക്കൻ സിഡർതടിയിൽ ഉണ്ടാക്കപ്പെട്ട ബ്ലാക്കലെഡ് പെൻസിൽസ്, കളർ പെൻസിൽസ്, കാപ്പിയിംഗ് പെൻസിൽസ് മുതലായ വിവിധതരത്തിലുള്ള പെൻസിലുകൾ എല്ലാ ഇൻഡ്യൻ മാൎക്കററുകളിലും മിതമായ വിലയ്ക്കു കിട്ടുന്നതാണു്.

നിൎമ്മാതാക്കൾ:—

ദി കവയിലോൺ പെൻസിൽഫാക്ടറി, കൊല്ലം.

(ഗവൺമെൻറ് സപ്ലയേഴ്സ് & വാർ കൺട്രാക്ടേഴ്സ്)

തിരുവിതാംകൂറിൽ ആദ്യമായി സ്ഥാപിക്കപ്പെട്ടതു്.

# മൂവായിരം പവൻ

## "ഒരു കരിംകുരങ്ങിനു"



കരിംകുരങ്ങിന്റെ ഗ്രീവായിലുള്ള ഗ്രന്ഥിയെ Glands ശസ്ത്രക്രിയചെയ്തു മനുഷ്യന്റെ തൽസ്ഥാനത്തുള്ള ഗ്രന്ഥിയുമായി കൂട്ടിച്ചേർത്താൽ ജീവിതസൗഭാഗ്യം മൊട്ടിട്ടുവിളങ്ങുന്ന യൗവ്വനദശയെ വിപുലമാക്കാമെന്നും, യുവത്വവും നവതയും പുനഃസ്ഥാപിക്കാമെന്നും, ഡാക്ടർ വൊറനോഫ് കണ്ടുപിടിച്ചു. ഒട്ടുമാവിൻതൈകളുടെ സൃഷ്ടിസമ്പ്രദായമാണ് ഈ ശസ്ത്രക്രിയയിൽ അന്തർഭവിച്ചിരിക്കുന്നത്. ഡാക്ടർ വൊറനോവിനെ ഈ ശസ്ത്രക്രിയ നടത്തുവാനായി ഇൻഡോർ മഹാരാജാവ് ഇൻഡ്യയിൽ കൊണ്ടുവന്നിരുന്നു. അന്നത്തെ ശസ്ത്രക്രിയയ്ക്കായി കൊണ്ടുവന്നിരുന്ന ഒരു കരിംകുരങ്ങിന് "മൂവായിരം പവൻ" വില കൊടുക്കുകയുണ്ടായി. മൂവായിരത്തിൽപരം ഡാക്ടർമാർ ശസ്ത്രക്രിയ കാണുവാനായി വിവിധ രാജ്യങ്ങളിൽനിന്ന് അന്ന് ഇൻഡ്യയിൽ വന്നിരുന്നു. മഹാരാജാവിനു ശസ്ത്രക്രിയ നിമിത്തം അത്ഭുതകരമായ ഫലവും അനുഭവപ്പെട്ടു.

ധനവ്യയവും ബുദ്ധിമുട്ടുകളും കൂടാതെ ഇതേ ഫലംതന്നെ അനുഭവപ്പെടുത്തുവാനുള്ള
സ്വതന്ത്ര വിചിന്തനത്തിന്റെ സന്താനമാണ്, ഇന്ന് സർവ്വാദരണീയമായി
പ്രസിദ്ധി സമ്പാദിച്ചിരിക്കുന്ന ഞങ്ങളുടെ

# കരിംകുരങ്ങു രസായനം

എന്ന് അഭിമാനപൂർവ്വം അറിയിച്ചുകൊള്ളുന്നു. യൗവ്വനത്തെ നിലനിർത്തുവാൻ കരിംകുരങ്ങു രസായനത്തിനുള്ള ശക്തി അതുല്യവും അനുഭവപ്രസിദ്ധവും ആകുന്നു. ജീവിക്കുവാൻ ആവശ്യമായ ശരീരാവയവങ്ങൾക്കു ഹാനി സംഭവിച്ചിട്ടില്ലെങ്കിൽ, രക്ഷപ്പെടുവാൻ അല്പമെങ്കിലും അവകാശമുണ്ടെങ്കിൽ, ക്ഷയരോഗിയെ ഈ രസായനം രക്ഷിക്കും. എന്നാൽ, കാസം, വാതരോഗങ്ങൾ എന്നിവ, സൂര്യപ്രകാശത്തിൽ ഇരുളെന്നപോലെ ഈ രസായനസേവയാൽ തീരെ മാഞ്ഞു പോകുന്നു. ശരീരശക്തിയും പുഷ്ടിയും ഉണ്ടാകുന്നു. പ്രസവരക്ഷയ്ക്കു വിശേഷം.

കരിംകുരങ്ങുരസായനത്തിന്റെ പ്രചാരപ്രവാഹത്തിൽ വ്യാമോഹിച്ചു, കരിംകുരങ്ങു പേരുകളിൽ പല വ്യാജവ്യവസായങ്ങളും ഈയിടെ നടന്നുവരുന്നതായി ഞങ്ങൾക്കറിവായിരിക്കുന്നു. ഞങ്ങളുടെ ലേബലോടും, മുദ്രയോടും കൂടിയതാണോ എന്നു സൂക്ഷിച്ചു വാങ്ങുവിൻ! മിന്നുന്നതെല്ലാം പൊന്നല്ല. കാചവും കാഞ്ചനവും തിരിച്ചറിയുവിൻ!

കരിംകുരങ്ങുരസായനത്തിന്റെ യോഗം മറ്റാരാലും അറിയപ്പെടുന്നില്ല.

റാത്തൽ 1-ന് 5 ക. മാത്രം. പാക്കിങ്ങ് പോസ്റ്റേജ് പുറമെ.

പ്രൊപ്രൈറ്റർ:— വി. ഗംഗാധരൻവൈദ്യൻ, വൈദ്യകലാനിധി.

നിർമ്മാതാക്കൾ:—

# സ്വതന്ത്ര ഫാർമസി,

ചാലക്കുടി. **Cochin State.**

ബ്രാഞ്ചുകൾ: 1. ആലപ്പുഴ (പോലീസ് സ്റ്റേഷൻ സമീപം.) 2. കൊടകര.

# എം. പി. കൃഷ്ണൻവൈദ്യരുടെ
# അഭിനവഗർഭരക്ഷാഗുളിക

(രജിസ്റ്റേഡ് ട്രെയിഡ് മാർക്ക്)

ഇൻഡ്യയിലെന്നല്ല, ഇൻഡ്യയ്ക്കു പുറമേയും പ്രസിദ്ധി പ്രാപിച്ചിട്ടുള്ള അനുഭവസിദ്ധമായ പരമൌഷധം. ഇതു് ഏററവും ഫലപ്രദവും, വനിതാലോകത്തിനു് അനുഗ്രഹീതവുമാകുന്നു.

1. അഭിനവ ഗർഭരക്ഷാഗുളിക ഗർഭാരംഭം മുതൽ രോഗിണിയും അരോഗിണിയും ആരോഗ്യത്തിനും സുഖപ്രസവത്തിനും നിത്യമായി സേവിക്കാനുള്ളതു്.

2. അഭിനവ ഗർഭരക്ഷാഗുളിക വന്ധ്യക്ഷോഭം, ഗർഭപീഡ, ഛർദ്ദി, ക്ഷീണം, അരുചി, തലച്ചുററൽ, വയറുകത്തൽ, അഗ്നിമാന്ദ്യം, പനി, ശ്വാസനാളരോഗം, ശോധനയില്ലായ്മ, വയറെരിപ്പ്, അതിസാരം, ഗ്രഹണി, ഗുന്മശൂല ഇവയെ ശമിപ്പിക്കുവാൻ പര്യാപ്തമായതു്.

3. അഭിനവ ഗർഭരക്ഷാഗുളിക ഗർഭാശയശൂല, ഗർഭസ്രാവം, രക്തസ്രാവം, യോനിസ്രാവം, നെഞ്ചിടിപ്പ്, വിളർച്ച, ചുട്ടുനീററൽ ഇവയെ പൂർണ്ണമായി ശമിപ്പിക്കും.

4. അഭിനവ ഗർഭരക്ഷാഗുളിക ഗർഭശിശുവിനു് യാതൊരു ആരോഗ്യഹാനിയും സംഭവിക്കാതെ ജീവശക്തിയെ പ്രദാനംചെയ്തു് കാത്തുരക്ഷിക്കുവാനും മുലപ്പാലിനെ ശുദ്ധീകരിക്കുവാനും, ഒരു സിദ്ധൌഷധമാണു്.

5. അഭിനവ ഗർഭരക്ഷാഗുളിക പ്രസവകാലങ്ങളിൽ പ്രസവം സുഖകരവും, ശീഘ്രകരവും ആക്കിത്തീർക്കുന്നതും, ഗുന്മനോവു്, ആന്ത്രനോവു് ഇവയെ ശമിപ്പിച്ചു് പ്രസവകാലങ്ങളിലുണ്ടാകാവുന്ന സകലവിധ ഗർഭാശയ രോഗങ്ങളും മററുരോഗങ്ങളും വരാതെ കാത്തുരക്ഷിച്ചു് ജനയിത്രിക്കു നവചൈതന്യവും സന്തുഷ്ടിയും പ്രദാനംചെയ്യുവാൻ ശ്രേഷ്ഠമായിട്ടുള്ളതും ആകുന്നു.

മാത്ര:—ഒരൌൺസ് ജീരകവെള്ളത്തിൽ ഒരു ഗുളിക കലത്തി കാലത്തും അതേപ്രകാരം രാത്രിയിലും സേവിപ്പിക്കുക.

ഒരു മാസം സേവിക്കുവാനുള്ള ഗുളിക അടങ്ങിയ ഡപ്പി 1-ക്കു വില രു. 1.

മാനേജിംഗ് പ്രൊപ്രൈററർ,

എം. പി. കൃഷ്ണൻവൈദ്യർ,

ശ്രീകൃഷ്ണവിലാസം ആയുർവേദഫാർമസി

ആൻഡ് സക്കാർ വൈദ്യശാല, കൊല്ലം.

ബ്രാഞ്ചു്:—പുത്തൻചന്ത, തിരുവനന്തപുരം.

# ത്രിശക്തിസമ്മേളനം
## ഹിമാലയനിൽവച്ചു കൂടി.

നവീനം! സഹായം! വൈദഗ്ദ്ധ്യം!

ഈ മൂന്നു മഹാശക്തികളുടെ ഗുണങ്ങളും സമ്മേളിച്ചതു്, കൊല്ലത്തു് ഹിമാലയൻ സോഡാഫാക്ടറി & ബേക്കറിയിൽ നവീനരീതിയിൽ വിദഗ്ദ്ധഹസ്തങ്ങളാൽ ശാസ്ത്രീയമായി നിർമ്മിക്കുന്ന കേക്കുകൾ, ബിസ്കറ്റുകൾ, ക്രീം ഡ്രിംഗുകൾ തുടങ്ങിയ വിശിഷ്ട ഭോജ്യങ്ങളിലത്രെ.

ആർഡർ അനുസരിച്ചു കൃത്യസമയത്തു് ഏററവും ഉത്തരവാദബോധത്തോടുകൂടി

ടീപാർട്ടികൾ നിർവഹിച്ചുകൊടുക്കുന്ന ഏക സ്ഥാപനം.

പരിശോധിച്ചു തൃപ്തിയടയുവാൻ തക്ക അവസരം!

സ്വർണ്ണമെഡലുകളും ഗവമ്മെൻറിൽനിന്നും, പല പ്രശസ്തന്മാരിൽനിന്നും അഭിനന്ദനങ്ങളും ലഭിച്ചിട്ടുള്ളതു്.

**S. P. Kesava Pillai**, *Proprietor.*



# കേരളമിത്രം.

(സാഹിത്യപ്രധാനമായ ഒരു പ്രതിവാരിക.)

പത്രാധിപർ:—

ശ്രീ: നമ്പാത്തു് ശിവരാമമേനോൻ.

സുപ്രസിദ്ധ സാഹിത്യകാരന്മാരുടെ ഗദ്യപദ്യലേഖനങ്ങളും, ചെറുകഥകളും, നിശിത വിമർശനങ്ങളും, തൂലികാചിത്രങ്ങളും!—കേരളമിത്രത്തിൽ വായിക്കുക.

പരസ്യത്തിനു് ഏററവും പററിയ പ്രസിദ്ധീകരണം.

മാനേജർ,

"കേരളമിത്രം", തൃശ്ശിവപേരൂർ.

## കാൽസിഫെറോ

(രജിസ്റ്റേർഡ്)

കൈകാലുകൾ മെലിഞ്ഞും, നെഞ്ചുന്തിയും, വയർ ചാടിയും, കവിൾ വീർത്തും, വിളറിയും തീരെ ആരോഗ്യം നശിച്ച കുട്ടികൾക്ക് ഏററവും ഉത്തമമായ ടോണിക്ക്. കുഞ്ഞുങ്ങൾക്ക് ദേഹസംബന്ധമായുണ്ടാകുന്ന സകല തകരാറുകളും നിശ്ശേഷം മാററുന്നു. അസ്ഥിവളർച്ചയ്ക്കും ശരീരപുഷ്ടിക്കും ഉത്തമം.

ഫലസിദ്ധിയുള്ള പല അപൂർവ്വൗഷധങ്ങളുടെ രസവും, കാൽസിയം, ഇരുമ്പ്, മാംഗനീഷ്യം മുതലായ ധാതുദ്രവ്യങ്ങളും, തേനും, മോൾട്ടും ചേർത്ത് ശാസ്ത്രീയമായി തയ്യാർ ചെയ്തിട്ടുള്ളത്. 48 നേരത്തിനുള്ള ആറു ഔൺസു കുപ്പി ഒന്നിനു രണ്ടേ രൂപാമാത്രം. എല്ലാ മരുന്നുഷാപ്പുകളിലും വില്ക്കപ്പെടുന്നു.

സുപ്രസിദ്ധ ആരോഗ്യസംവർദ്ധകൗഷധമായ "ബ്ളഡ്-ഇൻ-ട്രാക്ഷാ" നിർമ്മാതാക്കളാൽ തയ്യാറാക്കപ്പെട്ടതു്.

എസ്. ജി. ഏ. ഫാർമസി, കോട്ടയം.



USE

# GOPAL INK




FOR YOUR FOUNTAIN PENS.



# സഞ്ജീവിനി

## ആയുർവേദ വൈദ്യശാല

ചാല, തിരുവനന്തപുരം.

---

## പിത്താകാലാന്തകൻ

ശരീരത്തിൽ രക്തമില്ലാതെ വിളറി വിളർത്തു ജീവിതംതന്നെ ഒരു ഭാരമായിത്തീർന്നിരിക്കുന്ന ബഹുസഹസ്രം ആളുകൾ ഞങ്ങളുടെ ഈ സിദ്ധൗഷധത്താൽ രക്ഷനേടിയിരിക്കുന്നു.

24 ഔൺസു കുപ്പി 1-ക്കു വില രൂ 4.



# മാതൃഭൂമി

## ഏജൻസി,

ലക്ഷ്മിനട—കൊല്ലം.

മഹാത്മജി, ജവഹർലാൽ, ടാഗോർ, H. G. വെൽസ, ഷേക്സ്പിയർ മുതലായവരുടെ വിശ്വവിഖ്യാതങ്ങളായ കൃതികളുടെ (ആത്മകഥകളും മററും) ഒന്നാംതരം മലയാളവിവർത്തനങ്ങളും പ്രശസ്ത കേരളീയകവികളുടെ പുസ്തകങ്ങളും ഇവിടെ വില്പനയ്ക്കുണ്ട്.

സുപ്രസിദ്ധ സാഹിത്യപ്രസിദ്ധീകരണമായ മാതൃഭൂമി ആഴ്ചപ്പതിപ്പ് ഇവിടെനിന്നും കൈവഴിയായും അഞ്ചൽമാർഗ്ഗമായും അയച്ചുകൊടുക്കുന്നതാണ്.

ഏജൻറു്,

K. N. K. Pillai.

അനവധികാലമായി പ്രചാരത്തിലിരിക്കുന്ന,

# കരിംകുരങ്ങു ലേഹം

ക്ഷയം, ചുമ, ഏങ്ങൽ ഇതുകൾ എത്രപഴകിയവയായാലും നിശ്ശേഷംമാററി ആരോഗ്യത്തേയും ആയുസ്സിനേയും ഒന്നുപോലെ വർദ്ധിപ്പിച്ചു യൌവ്വനത്തെ നിലനിർത്തും. പ്രസവരക്ഷയ്ക്കു അത്യുത്തമം. എല്ലാവിധ വാതരോഗങ്ങളിലും പ്രത്യക്ഷഫലം. 40 നേരത്തേക്ക് (റാ: 1-ക്ക്) 4 ക: മാത്രം. പാക്കിങ്ങ്, പോസ്റ്റേജ് പുറമേ.

## “പുഷ്പം”

ഗർഭാശയസംബന്ധമായ എല്ലാ രോഗങ്ങളേയും ശമിപ്പിക്കും; വിശേഷിച്ച് ഗർഭാശയത്തിന്റെ സ്ഥീകരണക്കുറവ്, സ്ഥാനഭ്രംശം ഇതുകളെ ഇല്ലാതാക്കും. തീണ്ടാരി കാലങ്ങളിൽ ഉള്ള വയററിൽവേദന, അസ്ഥിസ്രാവം, ജലസ്രാവം മുതലായ രോഗങ്ങളെ നിശ്ശേഷം ശമിപ്പിച്ച് ആരോഗ്യത്തേയും, സൌന്ദര്യത്തേയും ഒന്നുപോലെ വർദ്ധിപ്പിച്ച് യൌവ്വനത്തെ നിലനിർത്തും. വന്ധ്യകളെന്നു വിചാരിക്കുന്നവർ ഈ വിശിഷ്ട രസായനൌഷധം ഉപയോഗിച്ചു ഗർഭധാരണശക്തിയെ സമ്പാദിപ്പിൻ!

16 ഔ: കുപ്പി 1-ക്ക് 5 ക. മാത്രം. പാക്കിങ്ങ്, തപാൽചിലവു പുറമേ. ആവശ്യപ്പെടുവിൻ!

## “ഭാരത ഗർഭരക്ഷാഗുളിക”

ഗർഭകാലങ്ങളിൽ സ്ത്രീകൾക്കുണ്ടാകുന്ന ക്ഷീണം, ഛർദ്ദി, അരുചി, വിളപ്പ്, വയററിലും അരക്കെട്ടിലും വേദന, ചുമ, ശ്വാസംമുട്ടൽ, തലവേദന ഇതുകളെ ശമിപ്പിച്ച് ശരീരത്തിന് ആരോഗ്യവും, മനസ്സിന് ഉന്മേഷവും നൽകി ഗർഭസ്ഥശിശുവിനെ യഥാക്രമം സംരക്ഷിച്ച് പ്രസവത്തെ സുഖകരമാക്കിത്തീർക്കുകയും ചെയ്യുന്നു.

180 ഗുളികകൾ അടങ്ങിയ കുപ്പി 1-ക്ക് 5 ക. പാക്കിങ്ങ്, പോസ്റ്റേജ് പുറമേ.

കൂടുതൽ വിവരങ്ങൾക്കാവശ്യപ്പെടുക!

ഭാരത വൈദ്യശാല (Estd. 1919) (റെജിസ്റ്റർ ചെയ്തതു്.)
ചാലക്കുടി A. O. & P. O; കൊച്ചിൻ സ്റ്റെയിററ്.



IT WILL PAY YOU TO CONSULT

# A. G. KRISHNA SHENOY

PAINTS & HARDWARE MERCHANT

| HEAD OFFICE: | | BRANCH: |
|---|---|---|
| BROADWAY | OR | KALARIKKAL BLDG |
| ERNAKULAM | | KOTTAYAM. |
| (Tel: MAGNET) | | Tel: VENUS. |

Before you buy your requirements in
Paints or Hardware.

## ALL INDIAN

WIRE NAILS, SCREWS, BOLTS & NUTS

MANUFACTURED BY

## MATHER STORES

(H. O. ERNAKULAM.)

Telegram: MATHER.

Branch: COCHIN.

## ഗോൾഡ്-ഇൻ-വിററാ

രക്തമില്ലാതെ വിളറി ശുഷ്കമായ ശരീരത്തിൽ ധാരാളം രക്തത്തെ ഉളവാക്കി ജീവചൈതന്യത്തെ വളരെക്കാലം നിലനിർത്തുന്നതിനു് ഏററവും പററിയ ഒരു ടോണിക്കു്. പ്രസവശേഷം സ്ത്രീകൾക്കു് അത്യുത്തമം. എല്ലാ പ്രധാന മരുന്നുഷാപ്പുകളിലും കിട്ടും.

24 ഔ. കുപ്പി 1-ക്കു വില രൂ. 5.

നിർമ്മിതാക്കൾ:—

ശ്രീവഞ്ചിരാജ്യ ആയുർവ്വേദ ഫാർമസി (Regd.)

ആലപ്പുഴ.

## സഹൃദയ

## വിശേഷാൽ പ്രതി

കാഞ്ഞിരപ്പള്ളി സഹൃദയ വായനശാലയുടെ 1944-ലെ വാർഷികഗ്രന്ഥം ഈ ഡിസംബറിൽ പ്രസിദ്ധം ചെയ്യുന്നു.

മഹാകവി വള്ളത്തോൾ, ഏ. ബാലകൃഷ്ണപിള്ള, എം.പി. പോൾ, ജോസഫ് മുണ്ടശ്ശേരി, പി. കെ. രാജരാജവർമ്മ, ഇ. എം. കോവൂർ, കെ. വി. ശങ്കരമേനോൻ, വക്കം അബ്ദുൽഖാദർ, മധുരവനം കൃഷ്ണക്കുറുപ്പു്, സി. നാരായണപിള്ള, സി. ഐ. രാമൻനായർ, എസ്. ഗുപ്തൻനായർ, ടി. കെ. നാരായണക്കുറുപ്പു്, എൻ. കൃഷ്ണപിള്ള, ഡി. പി. ഉണ്ണി, അക്കമ്മ ചെറിയാൻ, കെ. രാമകൃഷ്ണപിള്ള, ഭാഗീരഥിയമ്മ, തകഴി ശിവശങ്കരപ്പിള്ള, എസ്. കെ. പൊററക്കാടു്, പൊൻകുന്നം വർക്കി, പി. കേശവദേവു്, കാരൂർ നീലകണ്ഠപ്പിള്ള, നാലാങ്കൽ കൃഷ്ണപിള്ള, ലളിതാംബിക അന്തർജ്ജനം, എം. പി. അപ്പൻ, ജോർജ്ജ് പള്ളിപ്പറമ്പൻ, ചങ്ങമ്പുഴ കൃഷ്ണപിള്ള, ആനന്ദക്കുട്ടൻ, വെണ്ണിക്കുളം ഗോപാലക്കുറുപ്പു്, സെബാസ്റ്റ്യൻ തകടിയേൽ, പി. കുഞ്ഞിരാമൻനായർ, ഫാദർ ഏബ്രഹാം വടക്കേൽ തുടങ്ങിയവരുടെ ലേഖനങ്ങൾ, തൂലികാചിത്രങ്ങൾ, ചെറുകഥകൾ, ഏകാങ്കനാടകങ്ങൾ, കവിതകൾ, ഇവയൊക്കെ "സഹൃദയ"യിൽ കാണാം.

മുഖചിത്രം:— ഗാന്ധിജിയുടെ ഏററവും പുതിയ ഒരു ചിത്രം. ത്രിവർണ്ണത്തിൽ മനോഹരമായ അച്ചടി. ഒന്നാംതരം ഗെററപ്പ്.

ക്രൗൺ 120 പേജ്. 1 ക. വില. (ഏജൻറന്മാൎക്കു പ്രത്യേക നിരക്കു്)

മാനേജർ, സഹൃദയ വി. പ്രതി, കാഞ്ഞിരപ്പള്ളി.

പുതുതായി ആലപ്പുഴ ബോട്ടുജെട്ടിയിൽ സമാരംഭിച്ചിരിക്കുന്ന

# പീപ്പിൾസ് ബുക്കുസ്റ്റാളിൽ,

മഹാത്മാഗാന്ധി, ടാഗോർ, നെഹ്റു, സരോജിനിനായിഡു, കാരകാ, യൂസഫ് മെഹറാലി, അബ്ബാസ്, പി. സി. ജോഷി മുതലായ പൗരസ്ത്യസാഹിത്യകാരന്മാരുടേയും, കാറൽമാർക്സ്, എഞ്ചൽസ്, ഷാ, ലെനിൻ, സ്റ്റാലിൻ തുടങ്ങിയ പാശ്ചാത്യസാഹിത്യകാരന്മാരുടേയും, സർവ്വോപരി ഏതു ചിന്താഗതിയേയും ഉത്തേജിപ്പിക്കുന്ന നവീനങ്ങളായ ആംഗ്ലേയഗ്രന്ഥങ്ങൾ കൃത്യവിലയ്ക്കു വിൽക്കപ്പെടുന്നു. എപ്പോഴും തയ്യാർ!

വൈക്കം മുഹമ്മദ്ബഷീർ, ദേവ്, പൊൻകുന്നം വർക്കി, പൊററക്കാട്ട് എന്നീ കലാരസികന്മാരുടെ കൃതികൾ തയാറാകുന്നു.

തൂലികാചിത്രങ്ങൾ:— (ശ്രീ. വക്കം അബ്ദുൽഖാദർ) വില ക 1.

അടിയൊഴുക്കുകൾ:— (ശ്രീ. തകഴി) വില ക. 1.

ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന ചെറുകഥകളുടെ സമാഹാരം സാഹിത്യത്തിനു് ഒരു പ്രത്യേകതയാണു്. അക്കഥകൾ വായിച്ചാൽ നിങ്ങൾ വിളറും, ലജ്ജിക്കും, ആലോചിക്കും, കോരിത്തരിക്കും!

പീപ്പിൾസ് ബുക്കുസ്റ്റാൾ,
ആലപ്പുഴ.



# പ്രഭാതകിരണം

(പെരുന്ന കെ. എൻ. നായർ)

ഭാവസുന്ദരങ്ങളായ
സ്വച്ഛന്ദ ഗീതങ്ങളുടെ
ഒരു സമാഹാരം.

മനോഹരമായ അച്ചടി!

വില എട്ടണ.

ആവശ്യപ്പെടുക:—

എസ്. ആർ. പ്രസ്സ് & ബുക്കുഡിപ്പോ
തിരുവനന്തപുരം.



# പരീക്ഷിപ്പിൻ!

വിലക്കുറവുള്ളതും ഗുണക്കൂടുതലുള്ളതും ലോകമെങ്ങും പ്രശസ്തി നേടിയതുമായ "തത്ത"മാർക്കു കുടകൾ വാങ്ങി ഉപയോഗിച്ചു തൃപ്തരാകുവിൻ!

കൂടാതെ നല്ല ഇനം കസവുതരങ്ങൾ, ഡബിൾമുണ്ടുകൾ, ഷർട്ടിംഗ്, കോട്ടിംഗ്, കവണിത്തരങ്ങൾ മുതലായ വിശിഷ്ടതരം ജൗവുളിത്തരങ്ങൾ ഞങ്ങളുടെ കടകളിൽ മൊത്തമായും ചില്ലറയായുംകിട്ടുന്നതാണു്.

ഹാജി ഹസൻ ഹാജി കാസിം
ആൻഡ് സൺ,
ആലപ്പുഴ.

ബ്രാഞ്ച്:– കോട്ടയം.

പ്രൊപ്രൈററർ:-
ഇബ്രാഹിം ഇസ്മായിൽ & ബ്രദേഴ്സ്

# വിജ്ഞാനപ്രദമായ ലേഖനങ്ങൾക്ക്

# മലയാളരാജ്യം

## വാരിക (തിങ്കളാഴ്ചപ്പതിപ്പ്)

# വായിക്കുവിൻ!

## നിങ്ങളുടെ ഭാവി!

ഭാവിഫലങ്ങൾ സൂക്ഷ്മമായി അറിഞ്ഞു് ജീവിതത്തെ കൂടുതൽ ശോഭനമാക്കുക!

മാസഫലമടങ്ങിയ ഒരു വർഷത്തെ ഫലമെഴുതുന്നതിനു് രൂ. 3.

5 ചോദ്യങ്ങൾക്കു് 2 രൂ. കൂടുതൽ ഓരോ ചോദ്യത്തിനു് 8 ണ. വീതം.

സമ്പൂർണ്ണജാതകം 10 രൂ. സംക്ഷിപ്ത ജാതകം 5 രൂ. തല്ക്കുറി 3 രൂ.

ജനനസമയമോ, ജനനകാലഗ്രഹസ്ഥിതിയോ അഥവാ കത്തെഴുതുന്ന സമയമോ സൂക്ഷ്മമായി അറിയിക്കുക.

V. P. ചാർജ്ജു് 4 ണ. പുറമേ.

ജാതകമെഴുതുന്നതിനു് ജനനസമയം അറിയിക്കണം.

ജ്യോത്സ്യൻ,
ശാസ്ത്രി പി. ഏ. പരമേശ്വരൻപിള്ള,
ലക്ഷ്മീജ്യോതിഷാലയം,
ബോട്ടുജട്ടി, ആലപ്പുഴ.

## മാന്താററിൽ ആയുർവേദ ആശുപത്രി.

യൂണിയൻക്ലബ്ബിനുസമീപം, കോട്ടയം.

ചീഫ് വൈദ്യൻ & പ്രൊപ്രൈറ്റർ,
കെ. കെ. ശേഖരകണിയാർ (കാരാപ്പുഴ.)

എല്ലാ ആയുർവേദ ഔഷധങ്ങളും ഇംഗ്ലീഷ് ചികിത്സാമാതൃകയിൽ അപ്പോഴപ്പോൾ കൊടുത്തും, രോഗികൾക്കു താമസിച്ചു ചികിത്സ നടത്തുന്നതിനു എല്ലാവിധ സൌകര്യങ്ങളോടുംകൂടി നടത്തിവരുന്ന കോട്ടയത്തെ ഏക സ്ഥാപനം.


## സിഫിലിസ്

ലജ്ജകൊണ്ടു മടിച്ചിരിക്കരുത്. രോഗം വർദ്ധിക്കും. എത്രയോ യുവതീയുവാക്കൾ സിഫിലിസ് പിടിപെട്ടു നരകദുഃഖം അനുഭവിക്കുന്നു. ഈ രോഗം ബാധിച്ചാൽ അവരുടെ രക്തം അത്തോടെ മലിനമായിത്തീരുന്നു. എന്നാൽ S. F. ഗുളികകൾ 12 എണ്ണം സേവിച്ചാൽ രക്തശുദ്ധി വരുത്തി ഒരാഴ്ചയ്ക്കുള്ളിൽ ഏതുതരം സിഫലിസ്സിനെയും പരിപൂർണ്ണമായി പരിഹരിക്കുന്ന ദിവ്യൌഷധം. അനുഭവസ്ഥന്മാർ അനവധി.

12 എണ്ണത്തിനു 5 രൂ. പുറമേ പുരട്ടുന്നതിനു 8 ണ. ഓർഡറുകൾ രഹസ്യമായി സൂക്ഷിക്കുന്നതാണു്. വിശദവിവരത്തിനു സ്റ്റാമ്പുസഹിതം എഴുതുക.

# KURIYANS' LTD.

(The Reliable House for Quality Furniture)



## MODERN BEDROOM SUITE.

WE FURNISH :—

*BUNGALOWS AND OFFICES IN UP-TO-DATE STYLE.*


WE SUPPLY :—

WINDOW AND DOOR FRAMES ETC., FOR FACTORIES.

We undertake to submit designs and quotations if measurements or cuttings from Catalogues are sent.

**CHURCH FURNITURE A SPECIALITY.**

All enquiries to :— **KURIYANS' LTD.,** Chungom Kottayam, Travancore.



# ടാഗോർ

പുസ്തകം ൧ } ഡിസംബർ { ലക്കം ൩

## സ്മരണാഞ്ജലി

[കെ. രാമകൃഷ്ണപിള്ള.]

രണ്ടായിരത്തിൽപരം പ്രഭാതങ്ങൾ പിന്നിട്ടുപോയെങ്കിലും, ആ പ്രഭാതം, ആയിരമായിരം മധുരകിരണങ്ങളുമായി മുന്നിട്ടുവന്നു് എന്റെ ഇന്നത്തെ പ്രഭാതത്തെ പുളകപ്പുവാട ചൂടിക്കുന്നു. ബോൽപുരംസ്റ്റേഷനിൽ തീവണ്ടിയിറങ്ങി ശാന്തിനികേതനത്തിലേക്കുള്ള കാറിൽ ഞാൻ കയറി. ഇരുഭാഗത്തും ഇടതൂൎന്നുനില്ക്കുന്ന വൃക്ഷതതികളുടെ ഇടയിലൂടെ ആ കാർ അതിന്റെ ലക്ഷ്യത്തിലേയ്ക്കു പാഞ്ഞു. എന്റെ മനസ്സ് അതിലും വേഗത്തിൽ അജ്ഞാതമെങ്കിലും, അതികാമ്യമായ ആ ക്ഷേത്രത്തിലേക്കും. നിയമപഠനം പൂൎത്തിയാക്കി യാത്രപറഞ്ഞുപോന്ന കാശി സൎവകലാശാലയുടെ വിശ്വമോഹനമായ പരിസരവും അഭ്രശുഭ്രമായ അന്തരിക്ഷവും, ആ മഹോന്നതസ്ഥാപനത്തിന്റെ ഉടലും ഉയിരുമായ ഭാരതൎഷി പണ്ഡിതമദനമോഹനമാളവ്യയും, എന്റെ മനോചക്ഷുസ്സിൽ! ചിരന്തനചിന്തകളിലും മനോഹരഭാവനകളിലും പൊതിഞ്ഞു സൂക്ഷിച്ച ശാന്തിനികേതനപരിസരം എന്റെമാംസചക്ഷുസ്സുകളുടെ മുമ്പിൽ! എന്റെ ചരിതാൎത്ഥത ആഗതൎക്കു് നിശ്ശബ്ദസ്വനത്തിൽ സ്വാഗതമരുളുന്ന അതിഥിമന്ദിരം ദൎശിച്ചു് ഒന്നു് നിശ്വസിച്ചു. അതിഥിമന്ദിരത്തിലെ രാജകീയസ്വീകരണത്തിന്റെ ആസ്വാദകരായി അന്നു അനേകം ബംഗാളികൾ അവിടെ കൂടിയിരുന്നു. എനിക്കു നിൎദ്ദേശിക്കപ്പെട്ടിരുന്ന വിശ്രമമുറിയിലെത്തി എന്റെ യാത്രോപകരണങ്ങൾ അവിടെ സൂക്ഷിച്ചു. സുഖസൗകര്യങ്ങളുടെ സംരക്ഷണത്തിനു് ചുമതലപ്പെട്ടിരുന്നവരോടു കുശലംപറഞ്ഞു കഴിയുന്നതിനുമുമ്പേ ഗുരുദേവന്റെ കാൎയ്യദൎശി എന്റെ സമീപം എത്തിക്കഴിഞ്ഞു.

അതിഥിമന്ദിരത്തിന്റെ മുൻവശത്തുള്ള ഉദ്യാനം കടന്നു്, കാവിമൺപാതയിലൂടെ വടക്കോട്ടു നടന്നപ്പോൾ, ഇടത്തുഭാഗത്തു കണ്ട മണിമാളികയിലായിരിക്കും ഗുരുദേവ

ൻ വിശ്രമം കൊള്ളുന്നതു് എന്നു് ഞാൻ വിചാരിച്ചു. മുൻവശമുള്ള സ്വീകരണമുറിയിൽ ഇരുന്നുകൊള്ളുവാൻ കാര്യദർശി നിർദ്ദേശിച്ചപ്പോൾ, എന്റെ വിചാരം വിശ്വാസമായി മാറി. ആ മുററത്തിന്റെവടക്കേതിലേക്കു നടന്നുപോയ അദ്ദേഹം, ഒരു ചെറിയ കെട്ടിടത്തിലാണു് ചെന്നുകയറിയതു്. അതിനു് മുമ്പിൽനിന്നു് ഒരു ചെറുസംഘം കുഞ്ഞുങ്ങളും, സ്ത്രീകളും, പുരുഷന്മാരും പ്രതിവന്ദനംകഴിഞ്ഞു് പിൻവാങ്ങുന്നതുപോലെ എനിക്കു തോന്നി. 'എന്നാൽ ഇനി ഗുരുദേവന്റെ സമീപത്തേക്കു പോകാം' എന്ന മന്ദസ്മിതസ്പഷ്ടമായി പറഞ്ഞ കാര്യദർശിയെ ഞാൻ അനുഗമിച്ചു.

മററു കെട്ടിടങ്ങളെ അപേക്ഷിച്ചു് അതു ഒരു മൺകുടിൽതന്നെയായിരുന്നു. പടിഞ്ഞാറുവശത്തുള്ള ഒരു ചെറുതളം: പച്ചപ്പരവതാനി വിരിച്ചിട്ടിരിക്കുന്ന ആ തളത്തിലാണു് ആഗതരെ സ്വീകരിക്കുന്നതു്. രണ്ടു ചൂരൽകസേരകൾ വാതലിനു സമീപം ഇട്ടിട്ടുമുണ്ടു്. തുടിക്കുന്ന ഹൃദയത്തോടെ എന്റെ അക്ഷമത അരനിമിഷം അവിടെ നിന്നു. 'അവ്യയനാമീശന്റെയാരാമരത്നം തന്നിലവ്യാജകുതൂഹലം പാടിസ്സഞ്ചരിക്കുന്ന, ആ ദിവ്യകോകിലം, അദൃശ്യമായ പക്ഷപുടങ്ങളുടെ അക്ഷയഭാസ്സിലൂടെ അതാ അവതീർണ്ണനാകുന്നു. തോളോടു തൊട്ടു ചേർന്നുകിടക്കുന്ന വെൺചാമരസദൃശമായ കേശഭാരം; വിശാലമായ ഫാലപ്രദേശം: നീണ്ടു വളഞ്ഞ നാസിക: നീലവിലോചനങ്ങൾ: മാറോടു പററിത്താഴ്ന്നു തഴച്ചുകിടക്കുന്ന ശ്മശ്രു: പാദംവരെ അടിഞ്ഞു അമന്നു് അലതല്ലുന്ന മഞ്ഞപ്പട്ടുടയാട: ചെമ്പനീർവല്ലുമാന്ന കരാംഗുലികൾ: മരണത്തേയും മരവിപ്പിക്കുന്ന മധുരമന്ദഹാസം: ഹാ! എന്റെ കണ്ണുകൾ പുണ്യഫലം നുകന്നു. ലക്ഷ്യദർശനതൃപ്തിയുടെ അടയാളംകുറിച്ചു കൃപ്പുകയ്യ്മാത്രമേ ആ ദിവ്യസന്നിധിയിൽ എനിക്കുകാണിക്കവെയ്ക്കുവാൻ ഉണ്ടായിരുന്നുള്ളു. കളകണ്ഠമുരളീഗളിതമായ ആ ഉപചാരവചസ്സുകളോടൊപ്പം, ഉയർത്തപ്പെട്ട ആജാനുബാഹുക്കളിൽ ഒതുങ്ങിയ ഞാൻ ആ മാറോടു അണയ്ക്കപ്പെട്ടു. ചിരകാലസ്വപ്നസാക്ഷാൽക്കാരത്തിൽ എന്റെ ചേതന നവജീവൻ കൈക്കൊണ്ടു. അഭൗമമായ ഒരു ആലക്തികശക്തിയുടെ പ്രസരണം എന്റെ സിരകൾ അനുഭവിക്കുന്നതായി തോന്നി. ഗുരുദേവൻ ആസനസ്ഥനായി. ഞാൻ മററെങ്ങുമലഭ്യമായ അനുഗ്രഹപ്രകർഷത്തിൽ ആമഗ്നനും. എങ്കിലും ആ ആജ്ഞയെ ആദരിക്കുക! ഹിമവാന്റെ ഗാംഭീര്യവും, ഗംഗയുടെ അഗാധതയും, വിശ്വസൗന്ദര്യത്തിന്റെ വിമലഭാസ്സും ഒന്നിച്ചു ഒരിടത്തു ഒത്തുകാണുന്ന ആ നേത്രങ്ങൾക്കുമുമ്പിൽ ഇരിക്കുക!...

ഞാൻ ഇരിക്കാതെ നിവൃത്തിയില്ലായിരുന്നു. വാത്സല്യമസൃണത ചോദിക്കുന്നു: "നാടകമെവിടെ? കാണട്ടെ" ('Oh! Death My Lord! Come and Whisper to me in my ears' എന്ന പ്രസിദ്ധമായ ഗീതാഞ്ജലീപദത്തെ ഉപജീവിച്ചു് ഞാൻ എഴുതിയ 'Wedding' എന്ന നാടകം സമപ്പിക്കുവാനായിരുന്നു എന്റെ സന്ദർശനം) നാടകത്തിന്റെ കയ്യെഴുത്തുപ്രതി ആ പാദപാവനയിൽ ഞാൻ സമപ്പിച്ചു. അതു് എടുത്തുനോക്കി ഒന്നു മന്ദഹസിച്ചുകൊണ്ടു ഗുരുദേവൻ പറയുകയാണു്: 'So: Wedding' for this old man, on his seventy-third birth day. Very good birth-day present" (കൊള്ളാം. എഴുപത്തിമൂന്നുവയസ്സു തികയുന്ന ഈ ദിവസം ഈ വൃദ്ധനു "വിവാഹം." നല്ല സമ്മാനം) ഞാൻ ഒട്ടൊന്നു അമ്പരന്നു. നാടകം ആംഗലഭാഷയിൽ എഴുതിയതിനെപ്പററി ഗുരുദേവൻ ശകാരിച്ചു. "One can never

echo his heart beatings in an alien language. I always think in my mother tongue and I do always write in my mother-tongue Bengali." (വിദേശഭാഷയിലൂടെ യാതൊരുത്തനും അയാളുടെ ആത്മസ്പന്ദനങ്ങളെ പ്രതിധ്വനിപ്പിക്കുവാൻ കഴികയില്ല. ഞാൻ എന്റെ മാതൃഭാഷയിൽതന്നെ എപ്പോഴും ചിന്തിക്കുന്നു. എന്റെ മാതൃഭാഷയായ ബംഗാളിയിൽതന്നെ എപ്പോഴും എഴുതുന്നു) ഇതേത്തുടർന്ന് കാശി വിശ്വവിദ്യാലയം, പണ്ഡിതമദനമോഹനമാളവ്യ, കേരളം, വള്ളത്തോൾ എന്നിങ്ങനെ ഭാരതീയമായ പലതും സംസാരവിഷയമായി. കേരളത്തിന്റെ അകൃത്രിമരാമണീയകത, ചെങ്കതിർക്കമ്പി വീശി വീശി ആദിത്യൻ തെങ്ങോലപ്പച്ചപ്പട്ടിൽ തങ്കവേലകൾ ചെയ്യുന്ന രംഗം, മഹാകവി വള്ളത്തോളിന്റെ ദേശാഭിമാനോജ്ജ്വലമായ കാവ്യങ്ങൾ, കലാമണ്ഡലം എന്നീ ഘട്ടങ്ങളെത്തിയപ്പോഴേക്കും, ആ മുഖത്ത് പ്രസരിച്ച പ്രസാദവും, ആ പ്രസാദത്തിന്റെ പിമ്പിൽ അണിനിരന്ന സ്മരണകളും, എനിക്ക് ആ സാരസ്വതസരികയിൽ, തെളിഞ്ഞുകാണാമായിരുന്നു. അന്നത്തെ ജന്മദിനാഘോഷച്ചടങ്ങുകളിൽ സംബന്ധിച്ചു അടുത്തദിവസം യാത്രയായാൽ മതിയെന്നുള്ള നിർദ്ദേശത്തോടെ, എന്റെ തോളിൽ കയ്ത്തലംതാങ്ങി ഗുരുദേവൻ എഴുന്നേററു. ആ പ്രഭാപടലത്തിന്റെ നിഴലെന്നോണം ഞാനും അകത്തേക്കു നീങ്ങി.

ഒരു ചെറിയ ഹാളാണത്. മണ്ണുകൊണ്ടുതന്നെ ഭിത്തിയും മേൽക്കൂരയും. മണ്ണുകൊണ്ടുതന്നെ ഒരു കട്ടിൽ. ആ മേൽക്കൂര ചൂണ്ടിക്കാണിച്ചുകൊണ്ട് ഗുരുദേവൻ പറയുന്നു "This is made of pure mud and is designed by the world famous Nanda Lal Bose And this may fall on my head to day or to marrow.' (ഇതു വെറും മണ്ണുകൊണ്ടു നിർമ്മിച്ചതാണ്. ഇതിന്റെ നിർമ്മാതാവോ, വിശ്വവിഖ്യാതനായ നന്ദലാൽബോസും. ഈ മണ്ണ്, ഇന്നോ നാളെയോ എന്റെ തലയിൽ വീഴുകയും ചെയ്യും."

എന്റെമനസ്സിൽ ഒരു മിന്നൽപാഞ്ഞു.

* * *

* * *

ആ "നാളെ"—ആ മണ്ണിടിഞ്ഞുവീണ "നാളെ"—ഗുരുദേവനെ യശഃശരീരനാക്കിയ "നാളെ"—മൂന്നുവർഷംകഴിഞ്ഞ ഈ വിശ്വം ദർശിച്ചു!

അനന്തമായ ആകാശത്തിൽ ചക്രവാളം സൃഷ്ടിച്ച മർത്ത്യൻ കണ്ണടച്ചാൽ മദ്ധ്യാഹ്നത്തിലും ഇരുൾതന്നെ!

* * * *

മരണത്തിനും മുങ്ങിത്തപ്പിയാൽ കിട്ടാത്തവണ്ണം മനുഷ്യൻ ചിലപ്പോൾ കണ്ണീർക്കയത്തിലാണ്ടുപോകാറുണ്ട്!

# നിറപറ.

(പി. കുഞ്ഞിരാമൻനായർ)

മഞ്ജരി.

ആനന്ദസത്യവിജ്ഞാനവികചമാ-
മാത്മസ്വരൂപം തുറന്നുകാട്ടി.
പോരികതാമസവേഷംവെടിഞ്ഞിനി-
പ്പാരുപുതുക്കും പുലരിപോലെ.
സ്മേരമാം ചൈതന്യം കോരിവിളമ്പുവാൻ
കേരളസൌന്ദര്യറാണിയാളേ!
മായികവാരുണഹൂണഗണികയാൽ-
മാതൃമഹിമ മറന്നുപോന്നു.
നെഞ്ചിൻവിശപ്പാറാൻ പഞ്ചമറിയാത്ത
പുഞ്ചനിലങ്ങൾ കടന്നുപോന്നു;
ചന്ദനവന്യസമീരസുഗന്ധിയാം
നന്ദനപ്പൂവനമിട്ടെറിഞ്ഞു.
കട്ടിക്കരിങ്കാറു കെട്ടിയക്കോട്ടയിൽ
പെട്ടമ്പും മാനസചന്ദ്രബിംബം.
തള്ളിപ്പുറക്കും സ്വബോധം വിതയ്ക്കുന്ന
വെള്ളിവിളക്കായ് വിളങ്ങിവീണ്ടും.
അൻപിൽ, നിനവണിപ്പൊൻപ്രഭചാ-
(ർത്തിയി–
ന്നംബികേ, നിൻപദം കുമ്പിടുമ്പോൾ.
പോരികവാത്സല്യം കോരിവിളമ്പുവാൻ
കേരളധന്യജനനിയാളേ!
മാബലിപീഠത്തിൽ വെള്ളവിരിക്കുന്ന
മാൺപെഴമോണനിലാവുവീശി,
പാതിരപ്പൂചൂടിക്കന്യാകുമാരിക–
നേടിയ്ക്കുമാതിരക്കാററുമേശി;
പൂതമാംഗോകർണ്ണപാദുകചാർത്തിയ
പൂക്കണിക്കൊന്നമലരുംചൂടി
വററാത്തകാലടിയാററിൻകരയോരം
പററിയതാമരത്താരുതേടി.

'ചേകോൻചുരിക'യ്ക്കുചേലിൽപ്പുകളൊലി
ചേർക്കുന്ന ചേങ്ങോലക്കോലുംചൂണ്ടി.
തുഞ്ചൻ ചെറുശ്ശേരി കുഞ്ചൻ ചമയിപ്പൂ-
ചെന്തെങ്ങിൻക്കൊച്ചുകരിക്കുമേന്തി.
മാന്ത്രികസഹ്യഗിരീന്ദ്രവിഭാതമാം
നേന്ത്രുതൻ പൊന്നുംകുലയുമേററി;
തുമ്പയുമാമ്പലുംമാമലമങ്കതൻ–
ചമ്പകമഞ്ഞപ്രസാദവുമായ്
മുത്തുനിരത്തുന്നകാർത്തികത്താരമാം
പുത്തരിച്ചെമ്പാൽ കതിരുമായി.
പോരികസൌഭാഗ്യം കോരിവിളമ്പുവാൻ
കേരളകർഷകറാണിയാളേ!
പൂവണിവന്മലക്കന്മതിൽചൂഴമി-
ക്കാവിലെസ്സൽക്കലാപുണ്യപൂരം,
ഇങ്ങെഴുന്നള്ളിച്ചുവയ്ക്കുംമനോഹര-
മംഗളസ്വപ്നം സഫലമാക്കി;
പോരികപൌരുഷം കോരിവിളമ്പുവാൻ;
ഭാർഗ്ഗവവീര കുമാരിയാളേ!
മുക്തിവിതച്ചൊരി—ശക്തകരങ്ങളിൽ–
ചുററിയ ബന്ധനപാശമൂരി.
സാത്വികചന്ദന, മേലവും വീട്ടിലാ-
മദ്വൈതക്കൂത്തും, കഥകളിയും;
വാരിക്കൊട്ടത്തൊരുസുന്ദരസംസ്കാര–
+ 'വാര'ത്തിൽ വിശ്വഹൃദയമൂട്ടാൻ;—
ആമ്പലിൽ—തുമ്പയിൽ—ക്കേതകക്കു-
(മ്പിളിൽ—
തേൻപെററ പേരാററിൽ—പ്പമ്പയാററിൽ

---

+ വംരസ്സദ്യ.

പാടത്തേത്തങ്കവിളകളിൽ—പ്പൈങ്കിളി
പാടുന്ന പച്ചത്തുരുത്തുകളിൽ
തങ്കപ്പലരിപോൽച്ചെങ്കഴൽവെപ്പിനാൽ
പൊൻകതിർക്കുങ്കുമപ്പൂവുംപാററി;
ശപ്തരെസ്സുത്യസ്വാത്രുപരായ്, സുപ്തരെ-
ബുദ്ധരായ്, ബദ്ധരെ മുക്തരാക്കാൻ;
പ്രാണനും പ്രാണനായ് മിന്നുന്നമാനമാം
മാണിക്യരത്നപ്പതക്കംചാർത്തി;
ശാന്തികൊളുത്തിയ കാഞ്ചനദീപത്തിൽ.
നീന്തിക്കളിക്കും തിരികൾനീട്ടി.
അക്ഷയസ്വാതന്ത്ര്യപ്പൊൻവിളക്കുകൾ—
(ക്കൊള്ള-
മദ്വൈതവിദ്യതൻ വിത്തുപാകി,
പട്ടടക്കാടായ്ക്കിടക്കുന്നപാരൊരു
പച്ചമരതകക്ഷേത്രമാക്കി.
വല്ലായ്മവായ്ക്കുമീയില്ലവും വല്ലവും
നെല്ലാലടച്ചുനിറച്ചുവെയ്ക്കാൻ;
സത്യത്തിൻസുന്ദരവക്ത്രം തെളിയിക്കും
സംസ്കൃതിച്ചങ്ങലവട്ടയുമായ്.
ശംഖിൻനിനദത്തിൽ നീരാടി നിൽക്കുന്ന
തങ്കച്ചിലമ്പിൻെറ നാദംചിന്തി;
തെന്നലിൽ തോളിൽക്കയറിക്കളിയ്ക്കുന്ന
തെങ്കടൽത്തങ്കത്തിരയിൽക്കൂടി.
മാനവും നീതിയും ത്യാഗവും നിർമ്മിച്ച
മാബലി പുണ്യചരിതംപാടി
പാരിതഖിലവും, നേരിയനേരെന്ന
താരിൽത്തൊടുത്തൊരുമാലയാക്കി.
പൂവിട്ടുനിൽക്കുന്നോരൈക്യപ്പൊൻകോ-
(വിലിൻ
പൂജ്ഞതാബിംബത്തിൽ ചാർത്തിക്കൊള്ളാൻ.
ഭാവുകദേവവികാരങ്ങൾനൽകിയ
പാവനപ്പൂവുടൽ പൂകിനിൽക്കെ.
ആദിത്യബിംബംചവുട്ടിയുടയ്ക്കുമീ-
നീചനാംദാസ്യത്തിൻബാധനീക്കാൻ;
ഇങ്ങെഴുനള്ളുകീ;മംഗളവേളയിൽ
ശങ്കരപുണ്യജനനിയാളേ!

---

ഇക്കാണുന്ന പുല്ലുകളും അക്ഷരങ്ങളാണെന്ന കവി പറഞ്ഞു.

'ഏതു പ്രബന്ധത്തിൻെറ?'—വിമശകൻ ചോദിച്ചു.

'പ്രബന്ധത്തിൻെറ അല്ല; കൃതജ്ഞതയുടെ'—കവി പ്രതിവചിച്ചു.

'കൃതജ്ഞതയുടെ! ആരുടെ നേക്കുള്ള കൃതജ്ഞത?'—

കവി മൗനത്തിൽ മുഴകി.

വിമശകൻ ചിന്തിച്ചു:—മേഘങ്ങളുടെ നേക്കുള്ളതായിരിക്കാം; പൃഥിവിയുടെ ആറിത്തണുത്ത ഹൃദയത്തിൽനിന്നു പൊടിച്ച പൊന്തിയ കൃതജ്ഞത!———എന്നാൽ ഈ പിശാചിനു പറയരുതേ?

*    *    *    *

# പ്രാചീനഭാരതവും വ്യോമയാനവും.

( വി. കെ. മൂത്തതു്, അഡ്വക്കേറ്റു് )

രാമായണം, മഹാഭാരതം മുതലായ ഇതിഹാസങ്ങളിൽ വിമാനം വൎണ്ണിച്ചുകാണുന്നുണ്ടു്. ആധുനിക ഗവേഷണഫലമായി വിമാനനിൎമ്മാണവിധികളും കണ്ടുകിട്ടിയിരിക്കുന്ന വസ്തുതയിൽ നാം അത്ഭുതപ്പെടും. ഭോജരാജന്റെ "സമരാങ്കണസൂത്രധാര" എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചതോടുകൂടി ഈ വിഷയം കൂടുതൽ വിമൎശത്തിനു കാരണമായി. അതിൽ ഒരിടത്തു വിമാനസ്വരൂപം ഇപ്രകാരം പറയുന്നു:-

ലഘുദാരുമയം മഹാവിഹംഗം
ദൃഢവിശ്ലിഷ്ടതനും വിധാതതസ്യ
ഉദരേ രസയന്ത്രമാദധീത
ജ്വലനാധാരമധോസ്യ ചാഗ്നിചൂൎണ്ണം

അതായതു് കനംകുറഞ്ഞ തടിയിൽ വലിയ പക്ഷിയുടെ ആകൃതിയിൽ ദൃഢാവയവങ്ങളോടുകൂടി ഉരുണ്ടിരിക്കണം. അതിനകത്തു രസയന്ത്രംവെച്ചു, കത്തിക്കൊണ്ടിരിക്കത്തക്കവണ്ണം തീവെയ്ക്കണം.

'അമേരിക്കൻ കെമിക്കൽ സൊസൈറ്റി'യുടെ ഒരു സമ്മേളനത്തിൽ വായിക്കപ്പെട്ട പ്രബന്ധത്തിൽ ഭാരതീയ വിമാനശാസ്ത്രസംബന്ധമായ ആദ്യഗ്രന്ഥം അഗസ്ത്യസംഹിതയാണെന്നു സൂചിപ്പിക്കപ്പെട്ടിരിക്കുന്നു. അമ്ലജനകം, അബ്ജനകം മുതലായ വാതകങ്ങളും ഇലക്ട്രോപ്ലേറ്റിംഗ്സമ്പ്രദായവും അതിൽ പരാമൎശിച്ചിട്ടുണ്ടു്. പുരാതത്വഗവേഷകനായ പ്രിയരത്നആഷ് ബറോഡായിലെ സംസ്കൃതലൈബ്രറിയിൽനിന്നു വൈമാനികപ്രകരണം എന്ന ഗ്രന്ഥത്തിന്റെ ഏതാനും ഭാഗങ്ങൾ കണ്ടെത്തി. അതിന്റെ പ്രണേതാവു് ഭരദ്വാജമഹൎഷിയാണു്. വിമാനശില്പം ഒരു പ്രത്യേക ശാസ്ത്രശാഖയായി ഗണിക്കത്തക്കവണ്ണം സംസ്കൃതത്തിൽ തദ്വിഷയകമായ അനേകം ഗ്രന്ഥങ്ങൾ ഉണ്ടെന്നു അതിൽനിന്നു കാണാം. അഗസ്ത്യന്റെ ശക്തിസൂത്രം, ഈശ്വരന്റെ സൌദാമിനീകല, ആശ്വലായനന്റെ ശുദ്ധിവിദ്യാകലാപം, വ്യാസന്റെ ബ്രഹ്മാണ്ഡസാരം, സിംഹകോടന്റെ കൌമുദി, അംഗിരസ്സിന്റെ രൂപശക്തിപ്രകരണം, വിസരണന്റെ ലോകസംഗ്രഹം, വസിഷ്ഠന്റെ പ്രപഞ്ചലഹരി, ശകടായനന്റെ ലോഹശാസ്ത്രം, ജൈമിനിയുടെ ജീവസൎവ്വസ്വം, ആപസ്തംബന്റെ കൎമ്മാബ്ധിപാരം ബൌധായനന്റെ ധാതുസൎവ്വസ്വം, അത്രിയുടെ രുഗ്ഹൃദയം, നാരദന്റെ വൈശ്വാനരതന്ത്രം, വാല്മീകിയുടെ വാല്മീകിഗണിതം ഇവ അത്തരം ഗ്രന്ഥങ്ങളാണു്.

വിമാനശാസ്ത്രം വിജ്ഞാനമാകുന്ന പാൽക്കടൽ കടഞ്ഞെടുത്ത നവനീതമാണെന്നു ഈ ആചാൎയ്യന്മാർ പറയുന്നു. പൂൎവ്വശാസ്ത്രം ആശ്രയിച്ചു നാരായണൻ, ശൌനകൻ, ഗൎഗ്ഗൻ, വാചസ്പതി, ചാക്രായണി, ധുണ്ഡിനാഥൻ തുടങ്ങിയ ആചാൎയ്യന്മാർ വിമാനചന്ദ്രിക, വ്യോമയാനതന്ത്രം, യന്ത്രകല്പം, യാനബിന്ദു, ഖേടയാനപ്രദീപിക, വ്യോമയാനാൎക്കപ്രകാശം മുതലായ ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ടു്. ഈ ആചാൎയ്യന്മാർ അനേകം പ്രകാരത്തിൽ വിമാനനിൎമ്മാണം വിവരിച്ചിരിക്കുന്നു. കഴകൻ മുതലായ

പക്ഷികളുടെ ആകൃതിയിൽ ഉണ്ടാക്കിയതും ഇച്ഛപോലെ തീവ്രമദ്ധ്യമന്ദവേഗങ്ങളോടുകൂടി ആകാശമാൎഗ്ഗേണ ഒരു ദേശത്തുനിന്നു മററൊരു ദേശത്തേയ്ക്കു പോകുന്നതിനു കഴിവുള്ള വാഹനമാണു് വിമാനം എന്നാണു് അവയുടെ ചുരുക്കം. ലല്ലാചാൎയ്യന്റെ മതപ്രകാരം വിമാനം ഓടിക്കുന്നതിനു അധികാരിയാവാൻഒരുവൻ യാന്ത്രിക-താന്ത്രിക-കൃതക-അന്തരാളക--ഗൂഢ--ദൃശ്യ -അദൃശ്യ-പരോക്ഷ–അപരോക്ഷ–സങ്കോച–വിസ്തൃത–വിരൂപപ്രകരണ--രൂപാന്തര–സുരൂപ-ജ്യോതിൎഭാവ- തമോമയ–പ്രളയ–വിമുഖതാര-മഹാശബ്ദ വിമോഹന-ലംഘന–സാൎപ്പഗമന-ചാപല-സൎവ്വതോമുഖ–പരശബ്ദഗ്രാഹക-രൂപാകൎഷണ-ക്രിയാരഹസ്യഗ്രഹണ-ആകാശാകാരജലദാകാര ദിഗ്പ്രദൎശന–സ്തബ്ധകാകൎഷണ രഹസ്യങ്ങൾ അറിഞ്ഞിരിക്കണം. ഇവയാൽ ഛിന്നമസ്ത, ഭൈരവി, യോഗിനീ മുതലായ സിദ്ധികൾകൊണ്ടു താഴെപ്പറയുന്ന കാൎയ്യങ്ങൾ സാധിക്കാം. എല്ലാ പ്രകാരത്തിലുമുള്ള ആപത്തുകളിൽനിന്നു വിമാനം അഭേദ്യവും അച്ഛേദ്യവും അദാഹ്യവും ആക്കിത്തീൎക്കുക, ആകാശമണ്ഡലത്തിലെ ശക്തികളുടെ സംഘട്ടനംകൊണ്ടു വിമാനം തകൎന്നുപോകാതെ സൂക്ഷിക്കുക, ശക്തിതന്ത്രത്തിന്റെ അഭിപ്രായത്തിൽ രോഹിണി വിദ്യുത്‌വ്യാപ്തമാക്കിയിട്ടു വിമാനത്തിന്റെ മുമ്പിൽ വരുന്ന വസ്തുക്കളെ സ്പഷ്ടമാക്കി കാണുക, ആകാശത്തിൽ പറക്കുന്ന മററു വലിയ വിമാനങ്ങളുടെ ഗതിവേഗംകൊണ്ടു് തന്റെ വിമാനത്തിനു നാശമുണ്ടാവാൻ ഇടയുണ്ടെന്നുകണ്ടാൽ സപ്തമകീലം ചലിപ്പിച്ചു വിമാനത്തിന്റെ അവയവങ്ങൾ സങ്കോചിപ്പിക്കുക, മന്ത്രംകൊണ്ടു മുപ്പത്തിരണ്ടുതരം ധൂമരാശികൾ ഉണ്ടാക്കി അതിൽ തരംഗശക്തിയുടെ ഉഷ്ണതകൊണ്ടു ഉൽപാദിപ്പിച്ച പ്രകാശം കലൎത്തി വിമാനത്തിന്റെ തലയ്ക്കൽ സൂക്ഷിച്ചിട്ടുള്ള ഭൈരവി തൈലംകൊണ്ടു വൈരൂപ്യദൎപ്പണമുഖത്തിൽ പ്രകാശപുഞ്ജം സമാഹരിച്ചു ഭയങ്കരശബ്ദവേഗത്തോടുകൂടി പറന്നു ഭയാനകമായ ആകൃതിവ്യത്യാസം വരുത്തി ശത്രുവിനെ ഭയപ്പെടുത്തുക, അന്ധകാരശക്തിയുടെ ആകൎഷണംകൊണ്ടു വിമാനപഞ്ജരത്തിന്റെ വായവ്യകേന്ദ്രത്തിലുള്ള തമോയന്ത്രത്തിന്റെ മുഖത്തിൽ കൂടി അന്ധകാരത്തെ വിദ്ധ്യത്തുമായി കലൎത്തി അതിന്റെ കീലം ചലിപ്പിച്ചു മദ്ധ്യാഹ്നത്തിലും അമാവാസിയിലെ രാത്രിപോലെ ഇരുട്ടാക്കുക, കാററടിച്ചു കേററാനുള്ള നൂറ ഉപകരണങ്ങളോടുകൂടിയ കലയുടെ സഹായംകൊണ്ടു ഹൃദയം വിറപ്പിക്കുന്ന മഹാശബ്ദം ജനിപ്പിച്ചു യോദ്ധാക്കളെ സ്മൃതിഭ്രംശം നിമിത്തം മൂൎച്ഛിപ്പിക്കുക, ദണ്ഡവക്രം മുതലായ സപ്തഗതിയോടുകൂടി പോകുക, തൊടിയിടയിൽ ൪൦൭ല തരംഗവേഗം കലൎത്തി ശത്രുവിമാനം താഴോട്ടു പായിക്കുക, വിമാനത്തിലിരുന്നുകൊണ്ടു അന്യവിമാനത്തിലുള്ള ആളുകളുമായി സംഭാഷണം ചെയ്യുക, സാധനങ്ങൾ കൊടുക്കയും വാങ്ങിക്കയും ചെയ്യുക ഇത്യാദി വിമാനചാലകൻ ആകാശമാൎഗ്ഗത്തിലുള്ള ൫൩൦൦൭൦൦ രേഖാമാൎഗ്ഗങ്ങളും... ... ൨൨൦൭൦൦൨൦൦ മണ്ഡലങ്ങളും ൧൦൧൦൦൩൦൦ ശക്തിപഥങ്ങളും ൩൦൭൨൦൦ കേന്ദ്രമണ്ഡലങ്ങളും ൨൦൯൦൦൩൦൦ കക്ഷ്യകളും അറിഞ്ഞിരിക്കണം.

വിമാനസ്വരൂപനിരൂപണത്തിൽ ഭരദ്വാജൻ അതിനെ ൩൧ ഭാഗങ്ങളായി തിരിച്ചിരിക്കുന്നു. വിമാനനിൎമ്മിതിയിൽ വിശ്വക്രിയാദൎശനം, ശക്ത്യാകൎഷണം, പരിവേഷം, വിസ്തൃതക്രിയ, വൈരൂപ്യദൎപ്പണം എന്നീ സ്ഥാനങ്ങളും ശിരോഭാഗത്തു പത്മചക്രമുഖവും കണ്ഠഭാഗത്തു കുണ്ഠിനിയും, ദക്ഷിണകേന്ദ്രത്തിൽ പുഷ്പിണിയും പിഞ്ജുലിയും, വാമകേന്ദ്രത്തിൽ നാളപഞ്ചകവും ഉണ്ടാക്കണം. വിമാനത്തിനകത്തു ഗുഹാഗൎഭാദൎശം, വായവ്യകേന്ദ്രത്തിൽ ത

മോയന്ത്രം, പശ്ചിമകേന്ദ്രത്തിൽ പഞ്ചവാത്ത സ്കന്ധനാളം, അധഃകേന്ദ്രത്തിൽ രൗത്രിദർപ്പണം, വാമഭാഗത്തു ശബ്ദകേന്ദ്രമുഖം, ഈശാനകോണിൽ ഹവ വിദ്യുൽപുഞ്ജങ്ങൾ ഇവ സ്ഥാപിക്കണം. മൂലഭാഗത്തു പ്രാണകുണ്ഡലിയും നാഭികേന്ദ്രത്തിൽ ശക്ത്യുൽഗമകേന്ദ്രവും സ്ഥാപിക്കണം. മുകളിൽതലയുടെ ഭാഗത്തു ശിരഃകീലം എന്ന യന്ത്രം ഘടിപ്പിക്കണം. വിമാനത്തിന്റെ ചട്ടയ്ക്കകത്തു അഭ്രത്തകിട്ട പൊതിഞ്ഞിരിക്കണം. സൂര്യശക്തിയെ ആകർഷിക്കുന്നതിനുള്ള പഞ്ജരം മുകളിൽ വെക്കണം—ഇപ്രകാരം സൂക്ഷ്മവിശേഷതകളോടുകൂടി നിർമ്മിക്കുന്ന വിമാനം സർവ്വാംഗസമ്പന്നമായ മനുഷ്യശരീരംപോലെ സർവ്വാർത്ഥസാധകമാണു്.

ദേശകാലങ്ങളുടെ പ്രഭാവംകൊണ്ടു് പ്രാചീനവിമാനശാസ്ത്രഗ്രന്ഥങ്ങൾ നമുക്കു പരിചിതമല്ലാത്തതിനാൽ ത്രികാലജ്ഞരായ പൂർവ്വികരുടെ വിജ്ഞാനസമ്പത്തിൽനിന്നു നാം വഞ്ചിക്കപ്പെട്ടതു് നമ്മുടെ ദുർഭാഗ്യമാണു്. പ്രാചീനവിജ്ഞാനത്തിന്റെ നേരെ ഇന്നത്തെ അഭ്യസ്തവിദ്യർ കാട്ടുന്ന ഉപേക്ഷ അതിലും ദുർഭാഗ്യമാണു്. കീടദഷ്ടവും മൂർഖഹസ്തഗതവും ആയ അനേകം വിജ്ഞാനനിധികൾ ക്രിസ്തുവിനു മുമ്പും പിമ്പും എന്നുള്ള ചക്രത്തിൽ അകപ്പെട്ടു കിടക്കുന്ന ശിക്ഷിതമ്മന്യരായ നമ്മളെ വിളിച്ചുകേഴുന്നു!

(ഹിന്ദിയിൽനിന്നു)

---

എന്തു്; എന്റെ പരാജയത്തിന്റെ കണ്ണികൾകൊണ്ടു്, അങ്ങു വിജയശൃംഖല നിർമ്മിച്ചുതരുമോ?

*    *    *    *

വെളിച്ചത്തേക്കാൾ വലിയ ഇരുളും, ധൈര്യത്തേക്കാൾ വലിയ ഭീരുതവും ഞാൻ ഒരിടത്തും കാണുന്നില്ല!

*    *    *    *

ഭൂമിയിൽനിന്നകലുംതോറും വൃക്ഷം ഭൂമിയെ കൂടുതൽ ആശ്രയിക്കുന്നു!

*    *    *    *

മൺതരിയുടെ മൗനത്തിനു് എറുമ്പുകൾ ഭാഷ്യം ചമയ്ക്കുന്നു!

*    *    *    *

# ജഗദീശചന്ദ്രബോസ്സ്

## (രവീന്ദ്രനാഥടാഗോർ)

വിവർത്തകൻ:—സി. ജി. മാധവൻപിള്ള.

[സർ. ജെ. സി. ബോസ്സിന്റെ മരണവാർത്ത ശ്രവിച്ചപ്പോൾ ശാന്തിനികേതനത്തിലെ വിദ്യാർത്ഥികളോടു് മഹാകവി ചെയ്ത പ്രസംഗം]

യുവാവും പ്രവൃത്തിയിൽ അതിതല്പരനും ആയിരുന്ന ജഗദീശചന്ദ്രൻ ബഹിർല്ലോകത്തിനജ്ഞാതനായിരുന്ന കാലത്തു പദാനുപദം വിഷമിപ്പിക്കുന്ന ബഹുതടസ്സങ്ങളുള്ള ദുർഘടമായ യശഃപന്ഥാവിലൂടെ ആദ്യം സഞ്ചരിച്ചുതുടങ്ങിയപ്പോൾ അദ്ദേഹം അചിരേണതന്നെ സുജ്ഞാതനാമാവായിത്തീരുമെന്നുള്ള എന്റെ ദൃഢവിശ്വാസത്തെ പദ്യരൂപേണയും ഗദ്യരൂപേണയും ഞാൻ പ്രഖ്യാപനം ചെയ്തിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ മരണംമൂലമുണ്ടായ കഠിനദുഃഖം നാം അനുഭവിക്കുന്ന ഇന്നാകട്ടെ പ്രഭാപൂരിതമായ തൽസ്മരണകൾക്കു പുഷ്പാഞ്ജലിചെയ്യാനുള്ള ശക്തി എനിക്കില്ല. അതേ അജ്ഞാതദേശത്തേക്കു പോകാൻ എനിക്കും ഒരു ആഹ്വാനം കുറച്ചു നാൾമുമ്പു ലഭിക്കയുണ്ടായല്ലൊ. എന്നാൽ ഞാൻ തിരിച്ചുപോരാൻ വിധിക്കപ്പെട്ടു. എന്റെ ശരീരവും മനസ്സും ഇന്നും ആ മൂടലിന്റെ അവ്യക്തതയിൽനിന്നൊഴിഞ്ഞിട്ടില്ല. തന്നെ അനുഗമിക്കുവാൻ എനിക്കൊരു ക്ഷണം മുമ്പേപോയ ആ സ്നേഹിതൻ പിന്നിലിട്ടിട്ടുണ്ടെന്നുതന്നെ ഞാൻ ബലമായി വിശ്വസിക്കുന്നു. എന്തായാലും ഈ വിരഹം ഞാൻ അധികനാൾ അനുഭവിക്കേണ്ടിവരികയില്ല.

എനിക്കുമാത്രമുള്ളതല്ല ഈ ദുഃഖം. ഇതു രാജ്യം മുഴുവൻ അനുഭവിക്കുന്നു. സയൻസിന്റെ അധികാരസീമയിൽ അദ്ദേഹം ചെയ്തുകൊണ്ടിരുന്ന അന്വേഷണപ്രയാണം പൂർണ്ണമാക്കാതെ അതുപേക്ഷിക്കപ്പെട്ടല്ലൊ എന്നു വിചാരിച്ചല്ല നമുക്കീ ദുഃഖമുണ്ടാകുന്നതു്. അദ്ദേഹം പൊയ്പ്പോയിട്ടും അദ്ദേഹത്തിന്റെ ശ്രമഫലങ്ങൾ ലോകത്തിനു ഒരു ശാശ്വതസമ്പാദ്യമായി ശേഷിക്കുന്നുണ്ടല്ലൊ എന്ന സ്മരണ ആ വ്യക്തിമാഹാത്മ്യത്തെ ഉൽബോധിപ്പിച്ചു നമുക്കു നേരിട്ട നഷ്ടത്തെ അനുസ്മരിപ്പിക്കുന്നു. അദ്ദേഹത്തിന്റെ പിണ്ഡരൂപത്തിലെ അഭാവം ആ ആത്മാവിന്റെ നേട്ടങ്ങളെ സുവ്യക്തമാക്കുന്നതേയുള്ളു. അദ്ദേഹത്തിന്റെ പരിശ്രമങ്ങൾ ആവിഷ്കരിപ്പിച്ച തത്വങ്ങളെ പരമ്പരയാ അവകാശപ്പെടാവുന്ന ഒരു നിധിയായി നമുക്കദ്ദേഹം ദാനം ചെയ്തിരിക്കുന്നു.

എന്നെ സംബന്ധിച്ചുമാത്രം പറകയാണെങ്കിൽ സ്നേഹപ്രചോദനമുണ്ടായിട്ടുള്ള എല്ലാ സംഗതികളും ഞാൻ അദ്ദേഹത്തിനുവേണ്ടി ചെയ്തിട്ടുണ്ടെന്നു് എനിക്കൊരാശ്വാസമുണ്ടു്. കൂടാതെ ഒരു കവിയെന്ന നിലയിലും എനിക്കു ചെയ്യാൻ കഴിവുണ്ടായിരുന്ന സംഭാവനകൾ എന്റെ കവിതാ

ത്തിനു പൂർണ്ണശക്തിയുണ്ടായിരുന്ന കാലത്തു അദ്ദേഹത്തിനുവേണ്ടി ഞാൻ ചെയ്തു. അദ്ദേഹത്തിന്റെ അസാമാന്യപ്രതിഭാവിലാസത്തെ എനിക്കു എന്റെ കവിതാത്തിനു് ഛായാഗ്രഹണം ചെയ്യാൻ സാധിച്ചേടത്തോളം ഞാൻ അതിനെ എന്റെ ചില കാവ്യങ്ങളുടെ ഗർഭഗൃഹത്തിൽ പ്രതിഷ്ഠിച്ചു് ആരാധനയ്ക്കു വിഷയമാക്കി.

സയൻസും സാഹിത്യവും സംസ്കാരസൗധത്തിന്റെ രണ്ടു ഭിന്നമുറികളിൽ കുടികൊള്ളുന്നവയെങ്കിലും അന്യോന്യം വഴിപാടുകൾ നൾകാൻ തത്തദാരാധകന്മാർക്കു കഴിവുണ്ടാകുമാറു് ആ രണ്ടിനേയും പരസ്പരം യോജിപ്പിക്കുന്ന ഇടനാഴികൾ ഉണ്ടു്. ഇവയെ ജഗദീശചന്ദ്രൻ കൂടക്കൂടെ ഉപയോഗിച്ചുകൊണ്ടിരുന്നു. തന്നിമിത്തം ആ സയൻസുകാരനും ഈ കവിക്കും ഉററസമ്പർക്കത്തിനിടയായി. എന്റെ ജോലിയിൽ സയൻസിനു അത്ര പ്രസക്തിയില്ലായിരുന്നെന്നുള്ളതു ശരിതന്നെ. എങ്കിലും എന്റെ വിചാരങ്ങൾ കുടികൊണ്ടിരുന്ന മണ്ഡലത്തിന്റെ ഒരു വലിയഭാഗം അതു് അപഹരിച്ചിരുന്നു. ഇതുതന്നെ ആയിരുന്നു സാഹിത്യത്തെ സംബന്ധിച്ചു ജഗദീശന്റെ അനുഭവവും. ഇപ്രകാരം അന്തരീക്ഷത്തിന്റെ കൈമാററത്തിനു് ഉപയോഗിക്കാവുന്നവിധം ഞങ്ങൾ ഞങ്ങളുടെ മനസ്സിന്റെ വാതായനങ്ങളെ തുറന്നിട്ടിരുന്നു. ഞങ്ങളെ ഒരുമിച്ചുചേർത്ത മറെറാരു സംഗതി മാതൃഭൂമിയെക്കുറിച്ചുള്ള ഭക്തിയാണു്.

വസ്തുപിണ്ഡങ്ങളുടെയെല്ലാം ഗൂഢതമമായ ആഴത്തിൽ ജീവൻ അദൃശ്യമായി വർത്തിക്കുന്നു. ഏതൊന്നിനേയും തെളിയിച്ചു് അനുഭവപ്പെടുത്തിക്കൊടുക്കാൻ കഴിയുന്ന സയൻസിനു് അതിന്റെ ഒരടിസ്ഥാനമായിത്തന്നെ മേല്പറഞ്ഞ വസ്തുതയെ ഉൾപ്പെടുത്തിയുറപ്പിക്കാൻ ജഗദീശന്റെ പര്യവേക്ഷണഫലങ്ങൾ ഇടയാക്കിത്തീർക്കുമെന്നു് ഞാൻ പ്രതീക്ഷിച്ചുവെന്നുമാത്രമല്ല ഉറപ്പായി വിശ്വസിച്ചു് അതിൽനിന്നുണ്ടായ ആനന്ദലഹരിയിൽ മത്തനാകകൂടിച്ചെയ്തു. എന്റെ ശൈശവംമുതൽക്കുതന്നെ "ഈശാവാസ്യമിദമ് സർവ്വമ്..." എന്ന ഉപനിഷദ്വാക്യവുമായി ഞാൻ അത്ര സമ്പർക്കത്തിലിരുന്നിരുന്നതാണു് അതിനു കാരണം. സൃഷ്ടികർമ്മത്തിന്റെ പരിവർത്തനരൂപങ്ങളായി ഈ കാണപ്പെടുന്ന സകലതും പരമാത്മാവിൽ നിന്നൊഴുകുന്നവയാണെന്നും പരാത്മാവിനാൽ സ്പന്ദിതങ്ങളാണെന്നും ഉള്ള ദൃഢമൂലമായ എന്റെ വിശ്വാസം സയൻസുമാർഗ്ഗേണയുള്ള അതിന്റെ ഒരു തെളിവിനുവേണ്ടി എന്നെ കുറച്ചധികം ആശിപ്പിച്ചിരുന്നുവെന്നുള്ളതും അതിനു കാരണമായിരിക്കാം. എങ്ങും വ്യാപിച്ചുകാണുന്ന ഈ സ്പന്ദനവിശേഷത്തെപ്പററി സയൻസു കൂടുതൽ കൂടുതൽ അറിയാൻതുടങ്ങിയിരുന്നെങ്കിലും അതിനും പരമാത്മചൈതന്യത്തിനും തമ്മിൽ ഐക്യമുണ്ടെന്നു് അനുമാനിക്കാൻ തക്ക തെളിവുകൾ തന്റെ കലവറയിൽ അതിനു ശേഖരിക്കാൻ സാധിച്ചിരുന്നില്ല. എന്നാൽ അചേതനങ്ങളെന്നു ഗണിക്കപ്പെട്ടിരുന്ന പിണ്ഡവസ്തുക്കൾ (ലോഹാദികൾ) സചേതനങ്ങളെപ്പോലെതന്നെ ചോദനകൾക്കു വശംവദങ്ങളാണെന്നു ജഗദീശന്റെ പരീക്ഷണങ്ങൾ തെളിയിക്കാൻ തുടങ്ങിയപ്പോൾ അനതിദൂരകാലത്തുതന്നെ സയൻസു് മുമ്പറഞ്ഞ അടിസ്ഥാനതത്വം അംഗീകരിക്കുമെന്നു ഞാൻ നിശ്ചയിച്ചു.

പിന്നീടാണു് ജഗദീശൻ തന്റെ ലാബോറട്ടറിയുടെ കഴിവുകളെ സസ്യലോകാഭിമുഖമാക്കി പ്രവർത്തിക്കാൻ തുടങ്ങിയതു്. ഇവയിൽ ജീവൻ പ്രവർത്തിക്കുന്നുണ്ടെന്നു മുമ്പുതന്നെ ഏതാണ്ടറിഞ്ഞിരുന്നെങ്കിലും ആ ജീവൻ താണതരത്തിലുള്ള ഒന്നാണെ

ന്നായിരുന്ന പരക്കെയുള്ള വിശ്വാസം. ജഗദീശന്റെ പ്രതിഭാവിലാസത്തിൽനിന്നു ഉൽഭൂതമായി അതിനാൽതന്നെ ക്രമേണ പരിഷ്കരിക്കപ്പെട്ടു പൂർണ്ണരൂപത്തിലും ശക്തിയിലും എത്തിയിരുന്ന ഉപകരണങ്ങളുടെ സുസൂക്ഷ്മമായ നിർദ്ധാരണപാടവം അത്യാശ്ചര്യജനകമായിരുന്നു. സസ്യാദികളുടെ ജീവരഹസ്യത്തിന്റെ ഉള്ളറയിലേക്കു കടന്നുനോക്കാൻ അവ സമർത്ഥങ്ങളായി ഭവിച്ചു. കണ്ടുപിടുത്തക്കാരിൽവച്ചു രാജാവെന്നു് ആരും സമ്മതിച്ചുപോകത്തക്ക ഉപകരണസ്രഷ്ടാവായ ആ തത്ത്വോൽബോധകൻ ജന്തുലോകജീവനും സസ്യലോകജീവനും തമ്മിലുള്ള സാമ്യങ്ങൾ ഒന്നൊന്നായി തന്റെ യന്ത്രങ്ങൾ വഹിച്ച ദൌത്യം മൂലം മുഴുവൻ വെളിപ്പെട്ടു കിട്ടുന്നതുവരെ അന്യാദൃശമായ ക്ഷമയോടുകൂടി കാത്തിരുന്നു.

അങ്ങനെ സിദ്ധിച്ച തീരുമാനങ്ങളുടെ വിശദവിവരങ്ങൾ മനസ്സിലാക്കുന്നതിനു വേണ്ടിടത്തോളം അടിസ്ഥാനജ്ഞാനം സയൻസുവിഷയത്തിൽ എനിക്കില്ലായിരുന്നു. അശിക്ഷിതമായിരുന്ന എന്റെ വിഭാവന പലപ്പോഴും ആഗ്രഹാധിക്യം ഹേതുവാൽ സംഗതികളെ അടിസ്ഥാനപ്പെടുത്തി ശരിയായി ചെയ്യാവുന്ന അനുമാനങ്ങളുടെ സീമകളെ അതിലംഘിക്കയും ചെയ്തിരുന്നു. എന്നിരുന്നാലും എനിക്കു് അദ്ദേഹത്തിന്റെ ശ്രമങ്ങളിലും തൽഫലങ്ങളിലും ഉണ്ടായിരുന്ന താൽപര്യക്കൂടുതൽ ചിലപ്പോൾ ചില ലഘുവായ നേരമ്പോക്കുകൾക്കു വകനൽകിക്കൊണ്ടാണെങ്കിലും അദ്ദേഹത്തിനു സന്തോഷവും പ്രോത്സാഹനവും ഉളവാക്കിയിരുന്നുവെന്നു ഞാൻ വിശ്വസിക്കുന്നു. അക്കാലത്തെ അദ്ദേഹത്തിന്റെ സന്ദർശകന്മാരിൽ സംഗതിയുടെ ഗൌരവം മനസ്സിലാക്കി അഭിനന്ദിക്കാൻ കഴിയുന്നവർ ചുരുക്കമായിരുന്നു. എന്റെ നിർല്ലോഭമായ ആശ്ചര്യാഭിനന്ദനങ്ങളുടെ സുഖകരമായ അനുകൂലവാതം അദ്ദേഹത്തിന്റെ പ്രയത്നത്തോണിയെ മുന്നോട്ടു പായിക്കുവാൻ ഉപകരിച്ചിരിക്കണം. അദ്ദേഹത്തിന്റെ വിജയത്തിൽ എനിക്കുണ്ടായിരുന്ന അക്ഷയവും അഭേദ്യവുമായ വിശ്വാസം ലക്ഷ്യപ്രാപ്തിക്കു ഉത്തേജനം നൽകിയതുകൂടാതെ ലക്ഷ്യസത്യത്തെക്കുറിച്ചു് അദ്ദേഹത്തിനു കൂടുതൽ ഉറപ്പുണ്ടാകാൻ മാർഗ്ഗമായി സംശയമെന്യേ ഉപകരിച്ചിട്ടുണ്ടു്.

ഇത്രമാത്രം ഒന്നാംഅദ്ധ്യായം. അടുത്തതു വരുന്നു. നമ്മുടെ പ്രൊഫസർ സർവ്വഥാ അർഹയായ ധർമ്മപത്നിയുമൊരുമിച്ചു താൻ ശേഖരിച്ച തത്വരത്നങ്ങളെ ലോകോപകാരമാംവണ്ണം പരസ്യപ്പെടുത്താനും വിദ്വന്നിരൂപകന്മാരുടെ പരിശോധനയ്ക്കു അവയെ സമർപ്പിക്കുവാനുമായി കടലുകൾക്കപ്പുറമുള്ള രാജ്യങ്ങളിലേയ്ക്കു പ്രയാണംചെയ്തു. അപ്പോഴാണു് എന്റെ മനസ്സു് സന്തോഷസാഗരത്തിൽ നീന്തിക്കളിച്ചു്, അനുഗൃഹീതനായ ഒരു പുത്രൻമുഖാന്തിരം മാതൃരാജ്യത്തിനുണ്ടാകാൻപോകുന്ന മാഹാത്മ്യാതിശയാനന്ദങ്ങളുടെ മധുരമധുരമായ ഒരു മുന്നാസ്വാദനം എനിക്കു ലഭിക്കാൻ ഇടയായതു്. എന്നാൽ ആ സന്തോഷത്തിന്റെ ഔന്നത്യത്തിനും നിബിഡതയ്ക്കും ഒപ്പംതന്നെ, ധനസംബന്ധമായ കുറവുകൾ ആ വിജയത്തിനു തടസ്സങ്ങളായി നിൽക്കുന്നുവെന്നറിഞ്ഞപ്പോൾ എനിക്കു ദുഃഖവും ഉണ്ടായി. ഭൌതികവസ്തുക്കളുടെ കുറവു് ഉൽകൃഷ്ടാശയങ്ങളുടെ നിർവ്വഹണത്തിനു് എങ്ങനെ തടസ്സങ്ങളായി നില്ക്കാറുണ്ടെന്നുള്ളതിന്റെ അനുഭവം എനിക്കു അപ്പോൾതന്നെ വേണ്ടുവോളം ഉണ്ടായിരുന്നു. ഒടുവിൽ അപ്പോഴത്തെ ഞങ്ങളുടെ ആ ചുമടു താങ്ങാൻ ഒരു സ്നേഹിതന്റെ പിടലിയെ ശരണീകരിക്കാൻതന്നെ ഞാൻ നിശ്ചയിച്ചു. ആശ്ചര്യകരനായ ആ സ്നേഹിതന്റെ ഉൽകൃഷ്ടവും നിസ്തുല്യവുമായ ദാനശീലത്തെ പര

സ്യപ്പെടുത്തേണ്ടിവരുന്ന ആ തികച്ചും സുഖമല്ലാത്ത സന്തോഷത്തെ ഞാൻ അനുഭവിക്കാൻ കർത്തവ്യപ്രേരിതനായിത്തീൎന്നു പോകുന്നു.

കഴിഞ്ഞുപോയ ടിപ്പറാ മഹാരാജാവായിരുന്ന രാധാ കിശോരമാണിക്യമായിരുന്നു ആ സ്നേഹിതൻ. അദ്ദേഹം എന്റെ നേൎക്കു് ഹൃദയത്തിൽ സംഭരിച്ചുവച്ചിരുന്ന വമ്പിച്ച സ്നേഹത്തിന്റെ കാരണം എന്തായിരുന്നെന്നു് എനിക്കു അന്നും ഇന്നും അറിഞ്ഞുകൂടാ. അദ്ദേഹത്തിന്റെ പുത്രന്റെ വിവാഹം രാജോചിതമായ ആഡംബരത്തിലും ചിലവിലും നടത്താൻ നിശ്ചയിച്ചിരുന്ന ഒരു സമയമായിരുന്നു അതു്. ഞാൻ ആ അവസരംകൊണ്ടു മുതലെടുക്കാൻ ഉദ്ദേശിച്ചു് അത്ര മംഗലകരമായ ഒരു കൎമ്മത്തിനു് ഉചിതമായ ഒരു സംഭാവന ഒരു മഹൽക്കാൎയ്യത്തിനുവേണ്ടി നൽകണമെന്നു അപേക്ഷിച്ചു. എന്താവശ്യത്തിനാണതെന്നു ഞാൻ വിവരിക്കവേ അദ്ദേഹം മന്ദസ്മിതത്തോടുകൂടി ഇങ്ങനെ പറഞ്ഞു. "എനിക്കറിഞ്ഞുകൂടാ. ജഗദീശ ബോസിന്റെ ജോലിയുടെ മാഹാത്മ്യം അറിഞ്ഞു വിധികല്പിക്കാൻ ഞാൻ പ്രാപ്തനുമല്ല. എനിക്കൊന്നറിയാം, നിങ്ങൾ ആവശ്യപ്പെട്ട ഒരു കാൎയ്യം നിരസിക്കാൻ ഞാൻ അശക്തനാണെന്നു്. നിങ്ങൾ ഞാൻ തരുന്ന തുകകൊണ്ടു് എന്തു ചെയ്യാൻ പോകുന്നെന്നു ഞാൻ അന്വേഷിക്കുന്നില്ല. എനിക്കൊട്ടറികയും വേണ്ടാ." അദ്ദേഹം പതിനയ്യായിരം രൂപയുടെ ഒരു ചെക്കെഴുതി എന്റെ കയ്യിൽ തന്നു. ഞാൻ ആ തുക മുഴുവനും എന്റെ സ്നേഹിതന്റെ വിജയഘോഷയാത്രയ്ക്കുള്ള വഴി പടുക്കുന്നതിനു അയച്ചുകൊടുത്തു. യോഗ്യത അൎഹിക്കുന്നിടത്തു അതു നൽകാൻ ഒരു ഉചിതാവസരമാണിതെന്നു വിചാരിച്ചാണു് ആ മഹാനായ ദാതാവിന്റെ പേരു് ഇപ്പോൾ പ്രസ്താവിച്ചതു്.

അതിനുശേഷം, സകലൎക്കും അറിയാവുന്നതുപോലെ, സാൎവ്വജനീനമായ അംഗീകരണത്തിനുള്ളവഴി അദ്ദേഹം തുറക്കുകതന്നെ ചെയ്തു. യൂറോപ്പിൽ അദ്ദേഹത്തിനു സിദ്ധിച്ച യശസ്സു് ഇൻഡ്യയിലെ അന്നത്തെ ഒരു വലിയ ഉദ്യോഗസ്ഥന്റെ ശ്രദ്ധയെ ആകൎഷിക്കാൻ ഇടയായതുകൊണ്ടു പിന്നീടു വലിയ പ്രയോജനം ഉണ്ടായി. സ്വാധീനശക്തി വളരെയുണ്ടായിരുന്ന ആ ഉദ്യോഗസ്ഥൻ മുഖാന്തിരം പലദേശങ്ങളിലേയും ചെടിവൎഗ്ഗങ്ങളെപ്പറ്റി ജഗദീശൻ ചില പരീക്ഷണങ്ങൾ നടത്തുകയും ഒടുവിൽ സ്വഗൃഹത്തിനു സമീപം വിശേഷപ്പെട്ട പല സാധനസാമഗ്രികളോടുകൂടിയ സുപ്രസിദ്ധമായ ബോസ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമാകയും ചെയ്തു.

ഇപ്രകാരം അസാദ്ധ്യമെന്നു തോന്നപ്പെട്ടിരുന്നതിനെ അദ്ദേഹം തന്റെ അനിതരസാധാരണമായ ബുദ്ധിവൈഭവംകൊണ്ടും അക്ഷീണമായപരിശ്രമംകൊണ്ടുംഅചഞ്ചലമായ ധീരതകൊണ്ടും സാദ്ധ്യമാക്കിത്തീൎത്തു. ഇദംപ്രഥമമായിട്ടാണെന്നു തോന്നുന്നു, ഇൻഡ്യയിൽ ഏകനായ ഒരു ഗവേഷണവിദഗ്ദ്ധൻ ഗവൎമ്മെന്റുഖജനാവിൽനിന്നും ധനികന്മാരായ നാട്ടുകാരുടെ ഇരുമ്പുപെട്ടികളിൽനിന്നും വലിയ തുകകൾ ആകൎഷിച്ചെടുത്തു് തന്റെ ജോലി എന്നും തുടൎന്നുകൊണ്ടിരിക്കത്തക്ക ഒരു മഹാസ്ഥാപനം ഉണ്ടാക്കാൻ പ്രാപ്തനായിത്തീൎന്നതു്. പ്രാരംഭപ്രയാസങ്ങൾ വല്ലവിധേനയും ഒന്നു തരണംചെയ്യാൻ സാധിച്ചപ്പോൾ അദ്ദേഹത്തെ ലക്ഷ്മീദേവി നിൎല്ലോഭമായി കടാക്ഷിച്ചു. അവളുടെ സാധാരണമായ അസ്ഥിരപ്രകൃതം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അവൾ പ്രദൎശിപ്പിച്ചതുമില്ല.

അദ്ദേഹത്തിന്റെ വിജയകാലത്തു് സിസ്റ്റർ നിവേദിതയിൽനിന്നും പ്രശംസനീയമായ ഉത്തേജനവും സഹായവും ലഭിക്കയു

# പ്രേമഗീതി.*

(പെരുന്ന കെ. എൻ. നായർ)

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY MANNARCHAT

നായിക:—

വേണുസംഗീതംകേട്ട ഭുജഗത്തെപ്പോലെയെൻ-
ദേവ, നിൻ കരത്തിലേയ്ക്കെൻചിത്തമിഴയുന്നു

ഇരവിൻകുളിർകാററീ മുല്ലപ്പൂവനികമേ-
ലൊരു കാമുകനൊപ്പം തല ചായ്ച്ചീടുംനേരം;
വിവിധവർണ്ണോജ്ജ്വലസൽഫലനികരത്താൽ
കുനിയും ശാഖാഗ്രത്തിലു തത്തകൾ പൊതിയുമ്പോൾ'...

നായകൻ:—

ചെമ്പനീർപ്പൂവിന്നുള്ളിൽ സൗരഭ്യമെന്നോണമി-
ന്നെൻപ്രിയേ ലയിക്കുന്നു നിൻചിത്തമെന്മാൎത്തട്ടിൽ—

ചാരുവാമശോകത്തിൽക്കൂട്ട തൂക്കിടുമരി-
പ്രാവുപോൽ; പൂമാലപോൽ; സൗവൎണ്ണഹാരത്തെപ്പോൽ

ഇളകാതിരിക്ക നീ, യോമനേ; പ്രഭാത,മീ-
യിളതൻ കവിൾക്കൂമ്പിൽ ചെഞ്ചായം പൂശുവോളം!

* സരോജിനിദേവിയുടെ Indian Love-song ന്റെ സ്വതന്ത്രവിവൎത്തനം.

ണ്ടായി. വിലതീരാത്ത സഹായങ്ങൾ പലതും ചെയ്തുകൊടുത്ത ആ മഹതിയുടെ പേരു് ജഗദീശബോസ്സിന്റെ പ്രയത്നങ്ങളെ വിവരിക്കുന്ന ഏതു ചരിത്രത്തിലും മാന്യസ്ഥാനം അൎഹിക്കുന്നു. അന്നുതുടങ്ങി അദ്ദേഹത്തിന്റെ യശസ്സ് സകല പ്രതിബന്ധങ്ങളേയും ജയിച്ചു ലോകത്തെവിടെയും വിഹരിക്കാൻ തുടങ്ങി.

അക്കാലത്താണു് എന്റെ പ്രവൃത്തിമണ്ഡലം പ്രചണ്ഡവാതങ്ങളുടെ നശീകരണക്രിയകളാൽ പീഡിപ്പിക്കപ്പെട്ടതു്. ഞാൻ വെയിലും മഴയും കൊടുങ്കാററുമെല്ലാം സഹിച്ചു് എന്റെ കേദാരത്തിനു ചുററും മൺചിറകൾ ഉറപ്പിക്കാൻ ശ്രമപ്പെട്ടുകൊണ്ടിരിക്കെ അവ ഒന്നിനു പുറകെ ഒന്നായി അലിഞ്ഞുപൊയ്ക്കൊണ്ടിരുന്നു. ഇപ്രകാരം പ്രവൃത്തിനിമഗ്നനായിത്തീൎന്ന ഞാൻ ബന്ധുക്കളിൽനിന്നും സ്നേഹിതന്മാരിൽനിന്നും അകന്നു കഴിച്ചുകൂട്ടിയിരുന്നതുകൊണ്ടു് ബോസിന്റെ ഗവേഷണവികാസങ്ങളെ പിന്തുടരാൻ സാധിച്ചില്ല. അതുകൊണ്ടു ലോകം മുഴുവൻ ചെയ്യുന്ന പ്രശംസകളെ എന്റെ എളിയ സാക്ഷിപത്രത്താൽ മോടിപിടിപ്പിക്കാൻ ശ്രമിക്കുന്നതു് അനുചിതവും സാഹസികവും ആയിത്തീരുകയേയുള്ളു.

# *പ്രേമോപഹാരം

(കെ. പി. ശങ്കരമേനോൻ, ബി. എ; ബി. എൽ)

## I

എന്റെ തോട്ടത്തിൽ പഴങ്ങൾ ധാരാളമായി ഉണ്ടാകുന്നു. അവ അന്യോന്യം ഉരുമ്മിക്കിടക്കുന്നു. പൂർണ്ണതയുടെ അതിതീവ്രമായ വ്യഥയിൽ അവ സൂര്യപ്രഭയിൽ കല്ലോലസമം വർദ്ധമാനമായിത്തീരുന്നു.

അല്ലയോ രാജ്ഞി, ഭവതി എന്റെ പഴത്തോട്ടത്തിലേക്ക സാഭിമാനം കടന്നുവന്നു അവിടെ ഒരു തണലിൽ വിശ്രമിക്കുക; പഴുത്ത ഫലങ്ങളെ അവയുടെ ഞെട്ടുകളിൽനിന്നും പറിച്ചെടുക്കുക. ഭവതിയുടെ അധരങ്ങളിൽ അവയുടെ പരമമായ മാധുര്യഭാരത്തെ അവ സമർപ്പിക്കട്ടേ!

എന്റെ തോട്ടത്തിൽ ചിത്രശലഭങ്ങൾ വെയിലത്തു് അവയുടെ പത്രങ്ങൾ ഇളക്കുകയും, ഇലകൾ പതറുകയും, ഫലങ്ങൾ പൂർണ്ണതയെ കൈക്കൊള്ളുവാൻ അതിയായി ബദ്ധപ്പെടുകയും ചെയ്യുന്നു.

## II

പുൽത്തകിടിയിലെ പുഷ്പം ഭൂമിക്കു് എന്നപോലെ അവൾ എന്റെ ഹൃദയത്തിനു അത്ര അടുത്താണു്; ക്ഷീണിച്ച അവയവങ്ങൾക്ക നിദ്ര എന്നപോലെ അവൾ എനിക്ക അത്ര പ്രിയതരമാണു്.

സഗൌരവമായ പരിത്യാഗത്തോടുകൂടിയ ശരൽക്കാല വെള്ളപ്പൊക്കത്തിലെ നദിയെപ്പോലെ അതിന്റെ പരിപൂർണ്ണതയോടുകൂടി പ്രവഹിക്കുന്ന എന്റെ ജീവിതമാണു എനിക്ക അവളോടുള്ള പ്രേമം.

ഒഴുക്കു്, തിരമാല മുതലായവയോടുകൂടി പാടുന്ന ഒരരുവിയുടെ മർമ്മരാരവംപോലെ, എന്റെ ഗാനങ്ങൾ എന്റെ പ്രേമത്തോടു ഏകീഭവിച്ചിട്ടുള്ളവയാണു്.

## III

എന്റെ കവി, വസന്തത്തിലെ ഈ ദീർഘദിനപ്രഭയിൽ, എവിടെയും താമസിയാതെ കടന്നുപോകുന്നവരേയും, പുരോഭാഗത്തെ ദർശിക്കാതെ ഹസിച്ചുകൊണ്ടു് ത്വരിതഗമനം ചെയ്യുന്നവരേയും, യുക്തിരഹിതമായ ഒരു ആനന്ദവേളയിൽ പുഷ്പിച്ചു്, ഖേദമെന്യേ അടുത്തനിമിഷത്തിൽ വാടിത്തളരുന്നവയേയുംപററി പാടുക.

ഭൂതകാലസന്തോഷസന്താപങ്ങളേപ്പററി രുദ്രാക്ഷങ്ങളോടു പറയുന്നതിനായി നിങ്ങൾ മൌനമവലംബിച്ചിരിക്കരുതു്. കഴിഞ്ഞ നിശാവേളയിൽ വികസിച്ച പുഷ്പങ്ങളുടെ കൊഴിഞ്ഞുവീണ ദലങ്ങളെ പറക്കിഎടുക്കുന്നതിനു ഭവാൻ താമസിക്കരുതു്. നിങ്ങൾക്ക പിടികിട്ടാത്ത സാധനങ്ങളെ അന്വേഷിച്ചുപോവുകയും, സ്പഷ്ടമല്ലാത്ത അർത്ഥങ്ങളെ അറിയുന്നതിനു ശ്രമിക്കുകയും ചെയ്യരുതു്. നിങ്ങളുടെ ജീവിതത്തിലെ വിടവുകളെ അവയുടെ അഗാധതയിൽ സംഗീതോത്ഭവത്തിനായി അങ്ങിനെതന്നെ വിട്ടേയ്ക്കുക!

## IV

ഈ തേനീച്ചകളെ, അദൃശ്യപഥങ്ങളെ പിൻതുടരുന്ന അവയെ, വാസസ്ഥലങ്ങളിൽനിന്നും പുറത്തേക്കു് ഓടിക്കുന്നതു് എന്താണു്? ജിജ്ഞാസാപൂരിതമായ അവയുടെ പത്രങ്ങളിലെ ഈ ശബ്ദോൽഘോഷം എന്താണു്? പുഷ്പാത്മാവിൽ നിദ്രിതമായിരിക്കുന്ന സംഗീതത്തെ അവയ്ക്കു എങ്ങിനെ ശ്രവിക്കാൻ കഴിയും? പൂന്തേൻ ലജ്ജയോടും നിശ്ശബ്ദതയോടുംകൂടി സ്ഥിതിചെയ്യുന്ന ആ അരമനയിലേക്കുള്ള പന്ഥാവു് അവക്ക എങ്ങിനെ കണ്ടുപിടിക്കാൻ സാധിക്കും?

---

* മഹാകവി ടാഗോറിന്റെ കൃതികളുടെ പരിഭാഷ.

# * വെളിച്ചം, വെളിച്ചം!

(ടാഗോർ)

പരിഭാഷകൻ പി. വി. കെ. പാന്തർ

വെളിച്ചം, വെളിച്ചം! ഹാ, പ്രപഞ്ചം നിറഞ്ഞീടും
വെളിച്ചം! കണ്ണിൽവീഴും വെളിച്ചം; മനോഹരം!

ഓമനേ, മമജീവ കേന്ദ്രത്തിൽ നൃത്തംചെയ്‌വൂ;
പ്രേമത്തിൻ പൊൻകമ്പിയിൽ വെളിച്ചം മിടിക്കുന്നു!

ആകാശം തുറക്കുന്നു, കൊടുങ്കാററടിക്കുന്നു;
ലോകത്തിൽ ചരിക്കുന്നി'താട്ടഹാസകളനാദം'!

അപ്രഭാസമുദ്രത്തിൽ പൂവൊളിച്ചിറകാകും
കപ്പൽപായ്‌വിരുത്തുന്നു മോഹനശലഭങ്ങൾ.

മല്ലികപ്പൂവും, വണ്ടും പ്രഭതൻ തിരക്കോളിൽ
തല്ലിയുമതിൻമീതേ തള്ളിയുമിളകുന്നു.

വെളിച്ചം, മേഘങ്ങളിൽ പൊന്നായിച്ചിതറുന്നു!
തെളിമുത്തുകളെങ്ങും വിതറുന്നേന്നോമനേ!!

* * *

ആനന്ദം—അളവററ വഴിയും നിത്യാനന്ദം—
നൂനമീതളിരിലതന്നിലും പരക്കുന്നു.

കരയുംകവിഞ്ഞല്ലോ സ്വർഗംഗയൊഴുകുന്നു!
പരമാനന്ദത്തിൻെറ വേലിയേററമായ് മേലിൽ!!

---

* ഗീതാഞ്ജലിയിൽ—൫൭-ാംഗീതം

# കലയുടെ വില

(എം. ഏ. ദാമോദരമേനോൻ)

ലോകമൊട്ടുക്ക പടൎന്നുപിടിച്ചിരിക്കുന്ന ഇന്നത്തെ കലഹം കലയേയും കടന്നുപിടിച്ചിരിക്കണം. എന്തെന്നാൽ, ഇതിൻെറ വില ഉലയുമാറുള്ള ചില കോളിളക്കങ്ങൾ ഈയിടെ കണ്ടുതുടങ്ങിയിരിക്കുന്നല്ലോ. ഏതായാലും വിലപ്പെരുപ്പം പരക്കെയുള്ള ഇക്കാലത്തു കലയുടെ വിലയും പെരുകാനേ പാടുള്ളൂ.

കലാധൎമ്മവിചാരത്തിൽ അതിൻെറ വില വെളിപ്പെടുന്നതാണു്. പൗരാണികകാലങ്ങളിൽ, കലാനിരൂപണം ഇന്നത്തേപ്പോലെ അത്രതന്നെ ബഹുലമായിരുന്നിട്ടില്ല. വാത്സ്യായനാദിതന്ത്രങ്ങളിൽ ചതുഷ്ഷഷ്ടികലാവിഭാഗം കാണാം. പക്ഷെ, 'കല എന്നാലെന്തു്?' എന്ന പ്രശ്നത്തെ സുധീരമായി നേരിടുക അവയിൽ എത്രയോ വിരളമാണു്. എന്തായാലും ആധുനികയുഗത്തിലെ അവകാശവാദം കലയുടെനേൎക്കും കലമ്പിച്ചെല്ലുന്നുവെങ്കിൽ അതിലത്ഭുതപ്പെടുവാനില്ല. "കലയ്ക്കു ജീവിക്കാൻ അൎഹതയുണ്ടോ?" വാസ്തവത്തിൽ ഈ പ്രശ്നം ഇന്നത്തെ ലോകാന്തരീക്ഷത്തിൽ അങ്ങുമിങ്ങും ഒളിച്ചുനിന്നു പല്ലിളിച്ചുകാട്ടാനും തുടങ്ങിയിട്ടുണ്ടു്. സൂക്ഷിച്ചുനോക്കിയാലതു കാണാം.

നമ്മുടെ കലാനിരൂപകന്മാർ സാധാരണയായി പാശ്ചാത്യഹസ്തമവലംബിച്ചുകൊണ്ടാണു കലയെ നേരിടുന്നതു്. തൊലി ചുളുങ്ങി ഞെരമ്പുതെളിഞ്ഞു ശോഷിച്ച ആ പൗരസ്ത്യകരം ഒന്നു തലോടിനോക്കാനെന്താണിത്ര അറപ്പു്? കലയുടെ ഉല്പത്തിയെപ്പററി കാളികാപുരാണത്തിൽ പ്രസ്താവിക്കുന്നുണ്ടു്. വികാരതരളിതനായ വിധാതാവു് സന്ധ്യയെ നോക്കിയപ്പോൾ അവളുടെ ശരീരത്തിൽനിന്നാണത്രെ നാല്പത്തിനാലു കലകളുണ്ടായതു്!

"ഉദീരിതേന്ദ്രിയോ ധാതാ
വീക്ഷാം ചക്രേയദാ ഽഥ താം
തദേവഹ്യൂനപഞ്ചാശദ്—
ഭാവാ ജാതാശ്ശരീരതഃ

ബിംബോകാദ്യാസ്തഥാഹാവാ-
ശ്ചതുഷ്ഷഷ്ടികലാസ്തഥാ
കന്ദൎപ്പശരവിദ്ധായാഃ
സന്ധ്യായാ അഭവൻ ദ്വിജാഃ"

ഈ കഥയിൽ ഒരു കാൎയ്യമുണ്ടു്. അതായതു വികാരതരളിതമായ അവസ്ഥയിലാണു കലയുണ്ടാകുന്നതെന്നാണു്. കൂടാതെ കലയുടെ ആനന്ദാത്മകത്വം പണ്ടേക്കുപണ്ടേ സമ്മതമാണെന്നും.

'കലാ'ശബ്ദം ക്ഷേപാത്ഥക (മനോവികാരാത്ഥക)മായ 'കല' ധാതുവിൽനിന്നും നിഷ്പന്നമാണു് എന്നു വരുമ്പോൾ ജീവിതത്തിൻെറ വികാരാത്മകത്വം കലയുടെ നില കൂടുതൽ വിശദമാക്കണമല്ലോ. മനുഷ്യജീവിതം, പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഒരു വികാരസമുച്ചയമത്രേ. മനുഷ്യൻെറയും മൃഗങ്ങളുടെയും ജീവിതങ്ങൾ വേർതിരിച്ചുകാണിക്കുന്നതു ഈ വിശിഷ്ട പ്രവാഹമാണു്. ശാരീരി

കാവശ്യങ്ങളുടെ പൂർത്തിയോടുകൂടി മൃഗങ്ങളുടെ വികാരങ്ങൾ വിരാമാവസ്ഥയിലെത്തുന്നു. മനുഷ്യന്റെ ഈ വികാരതന്തു അചിന്ത്യമായ അനന്തതയിലേയ്ക്കു നീണ്ടുനീണ്ടുപോകുന്നു. കായികമായ വാഞ്ഛകളുടെ പൂരണത്തിനുശേഷവും അവൻ എന്തോ ഒന്നിനുവേണ്ടി ഉഴലുന്നു. അഥവാ ആത്മസംതൃപ്തിക്കുവേണ്ടി പണിയുന്നു. ഇത്തരം പണി അല്ലെങ്കിൽ ക്രിയ ചെയ്യുന്നതിൽ അവന്റെ വിശേഷബുദ്ധി പ്രത്യേകം സഹായിക്കുന്നുണ്ടു്. മാത്രമല്ല, പരിതഃസ്ഥിതികളുമായുള്ള പരിചയസമ്പത്തു ഈ വ്യവസായത്തിൽ അവന്റെ മൂലധനം കൂടിയാണു്. അവന്റെ ഉല്പാദനവസ്തു—അതൊരു കാവ്യശകലമോ, ചിത്രമോ, മോഹനരാഗമോ, നൃത്തമോ ആയിക്കൊള്ളട്ടെ—ആത്മ സംതൃപ്തി—ആനന്ദം—അരുളുന്നതായിരിക്കും. ഈ ആനന്ദാനുഭവം മാനസികസംസ്കാരത്തിന്റെ ബീജമായി നിലകൊള്ളുന്നു.

ആനന്ദാത്മകമാണു് കല എന്നതിൽ ആർക്കുമില്ലല്ലോ തർക്കം? എങ്കിൽ അതൊരാശ്വാസമാണു്. ശരി; അപ്പോൾ, ആനന്ദമെന്നുവച്ചാൽ? അതൊരു മാനസികസത്തയാണു്. സംതൃപ്തിയാണു്. ആത്മീയസമ്പൂർണ്ണതയെന്നും പറയാം. ഈ സമ്പൂർണ്ണഭാവം ക്ഷണികമായിരുന്നേക്കാം. എങ്കിലും ഈ ക്ഷണനേരത്തേയ്ക്കെങ്കിലുമുള്ള സമ്പൂർണ്ണത ജീവിതലക്ഷ്യമായ പരിപൂർണ്ണതയുമായി പരിചയപ്പെടുത്താൻ പര്യാപ്തമാണു്. പരിപൂർണ്ണത എന്നതു് അഭിനിവേശങ്ങളുടെ, ജീവിതവാഞ്ഛകളുടെ മുഴുവൻ മുഴുമിക്കൽതന്നെ. ജീവാത്മാവിന്റെ കുണ്ടും കുഴിയും നികത്തി നിരപ്പാക്കുന്നതിനു ഇന്ദ്രിയങ്ങളുടെ പഴുതുകളിൽക്കൂടി വിഷയങ്ങൾ നുഴഞ്ഞുകേറി വരാറുണ്ടു്. അപ്പോൾ അവയെ സുഗമവും സുഭഗവുമായ രീതിയിൽ കൈക്കൊള്ളുന്നതിനു മനുഷ്യാത്മാവു് കൂടുതൽ സമർത്ഥമാണു്. എങ്കിലും, പല തലമുറകൾ കഴിഞ്ഞിട്ടും ഇതുവരെയ്ക്കും മനുഷ്യവർഗ്ഗം പരിപൂർണ്ണത ആർന്നിട്ടില്ല. എന്നാൽ, അതിലേയ്ക്കു അവന്റെ ആത്മാവു് ആഞ്ഞു പാഞ്ഞു പൊയ്ക്കൊണ്ടിരിക്കയുമാണു്. ഇത്തരം പാച്ചിലിൽ അതിനു നിരന്തരമായ തൃഷ്ണ സംഭവിക്കുന്നുണ്ടു്. അതേസമയം, ആ തൃഷ്ണ ശമിപ്പിക്കാൻ ചില തണ്ണീർപ്പന്തലുകളിൽ അതു കണ്ണുവയ്ക്കാറുമുണ്ടു്. ആ കണ്ണേറു് മനുഷ്യന്റെ സൗന്ദര്യാവബോധമല്ലാതെ മറ്റെന്താണു്?

ഇവിടെ സൗന്ദര്യത്തിന്റെ വിചാരം വരുന്നു. കലാനിരൂപണത്തിനു കച്ചകെട്ടുമ്പോഴൊക്കെ 'സൗന്ദര്യാവബോധം' എന്നിങ്ങനെ കേൾക്കാറുണ്ടു്. ജനസാമാന്യം ഈ ശബ്ദം വെറുക്കത്തക്കവണ്ണം ഇതിന്റെ അസ്പഷ്ടത സ്പഷ്ടമായിത്തീർന്നിട്ടില്ലേ എന്നു ശങ്കിക്കാറുണ്ടു്. സുന്ദരമായ ഭാവമാണു് സൗന്ദര്യം. സുന്ദരപദത്തിന്റെ അർത്ഥകല്പന ഇങ്ങനെയാണു്:-"സു+ദ്രിയതെ (ദൃങ് ആദരേ)" ഏറ്റവും ആദരിക്കപ്പെടുന്നതു എന്നർത്ഥം. "യദാ സു ഉനത്തി ചിത്തം ദ്രവീകരോതി" എന്നുമുണ്ടു്. അതായതു് അത്യന്തം ഹൃദയദ്രവീകരണശക്തിയുള്ളതെന്നു താല്പര്യം. എന്തായാലും ഹൃദയതാരള്യത്തിനു പ്രേരകമായ ഒന്നാണു് സുന്ദരമെന്നു സിദ്ധമാണു്. ഈ താരള്യപ്രേരകമായ ഭാവം (സൗന്ദര്യം) അലസമായ ഹൃദയത്തെ ചെന്നു കുലുക്കിയുണർത്തുക പതിവാണു്. ആ സുന്ദരഭാവവുമായിട്ടുള്ള ഹൃദയത്തിന്റെ താദാത്മ്യം ഹൃദയത്തിന്റെതന്നെ സൗന്ദര്യത്തെയും (ദ്രവീഭാവത്തെയും) ഉത്തരോത്തരം ഉത്തേജിപ്പിക്കയും ചെയ്യും. ഹൃദയത്തിന്റെ താരള്യം (അലിവു്) പ്രേമത്തിന്റെ പൂർവ്വരൂപമാണെന്നു എന്തുകൊണ്ടു പറഞ്ഞുകൂടാ? മനുഷ്യഹൃദയത്തിൽ പ്രേമാസ്പദമായ ഒരു

സ്ഥായീഭാവമുള്ളതു രതിയാണ്. ഈ രതി ജന്മസിദ്ധമത്രേ. ഇതിൽനിന്നും വിജൃംഭിതമാകുന്ന രസം ശൃംഗാരമാണ്. ശൃംഗാരത്തിന്റെ ശൃംഖലയിൽനിന്നും രതിയുടെ വരുതിയോടെ വഴുതിപ്പോന്നതല്ലേ ഇന്നത്തെ കലഹവിഷയമായ കല? രത്യധിഷ്ഠാനമായ കാമശാസ്ത്രത്തിൽ ചതുഷ്ഷഷ്ടികലകളേപ്പററി പ്രാധാന്യേന കാണുന്ന പ്രസ്താവം ഈ അഭ്യൂഹത്തിന്റെ അടിയുറപ്പിക്കുന്നു.

സൗന്ദര്യനിർവ്വചനം പലവിധത്തിലായിക്കാണുന്നുണ്ട്. പ്രതിക്ഷണം പുതുമയുളവാക്കുന്ന വസ്തുവെന്നു് ചിലർ പറയുന്നു. പക്ഷേ, ഇതിനൊരു ദോഷം പറയപ്പെടുന്നതു് ആരിൽ പുതുമയുടെ പ്രതീതിയുളവാകുന്നുവോ അവരുടെ സ്വഭാവത്തെ വിഗണിക്കുന്നുവെന്നുള്ളതാണ്. ഒരേ വസ്തുതന്നെ ആസ്വാദകഭേദമനുസരിച്ചു സുന്ദരമായോ അസുന്ദരമായോ വരാമത്രേ. ഉദാഹരണമായി,'മനോഹരസർവ്വാംഗിണി'യായ ഒരു തരുണീമണിയുടെ സൗന്ദര്യം ഒരു യുവകാമുകന്റെ ദൃഷ്ടിയിൽ സവിശേഷം വിഷയമാകാം. എന്നാൽ ഒരു ബാലന്റെ ദൃഷ്ടിയിൽ സൗന്ദര്യം പ്രകടമല്ല. മഥുരാപുരിയിലേയ്ക്കു ചെല്ലുന്ന ശ്രീകൃഷ്ണനെ വർണ്ണിക്കുന്ന ഭാഗം നോക്കുക:—

> 'ഗജത്രാതേതി വൃദ്ധാഭിഃ
> ശ്രീകാന്ത ഇതി യൗവതൈഃ
> യഥാസ്ഥിതശ്ചബാലാഭി-
> ർദൃഷ്ടശ്ശൗരിസ്സകൗതുകം.'

ഇവിടെ വൃദ്ധകൾക്കും യുവതികൾക്കും ബാലികമാക്കും ശ്രീകൃഷ്ണനെ കണ്ടപ്പോഴുണ്ടായ പ്രതീതി, ഭിന്നഭിന്നമായിരിക്കുന്നു. യുവതികൾക്കുമാത്രമേ ശ്രീകാന്തത്വത്തേക്കുറിച്ചു ചിന്തിക്കാൻ കഴിഞ്ഞിട്ടുള്ളു. ചപലയായ ലക്ഷ്മിയുടെകാമോപചാരവൈദഗ്ദ്ധ്യവും സൗന്ദര്യധുര്യംകൊണ്ടു നിത്യവല്ലഭനായിരിക്കുന്നവൻ എന്ന അർത്ഥമാണിവിടെ യോജിപ്പിക്കേണ്ടതു്. ഇവിടെയെല്ലാം സൗന്ദര്യം ആസ്വാദകനെക്കൂടി ആശ്രയിച്ചിരിക്കുന്നു. അതുകൊണ്ടു് സൗന്ദര്യനിർവ്വചനത്തിൽ ആസ്വാദകനെക്കൂടി ഉൾപ്പെടുത്തേണ്ടതാണ്."

സൗന്ദര്യത്തിന്റെ ആസ്വാദകാശ്രയത്തിനു് വേറെയും തെളിവുകളുണ്ടു്. ചിലന്തിവല, തേനീച്ചക്കൂടു് മുതലായി ക്ഷുദ്രജന്തുക്കളുടെ ചില സൃഷ്ടികളിൽ നമ്മുടെ സൗന്ദര്യാവബോധം കലയെ ദർശിക്കാറില്ലേ? എന്നാൽ, ആ ജന്തുവംശത്തിൽപ്പെട്ട ഏതെങ്കിലുമൊന്നിനു് അതു കാണുമ്പോൾ വല്ല വിശിഷ്ടവികാരവുമുണ്ടാകുന്നുണ്ടോ? അവയ്ക്കു അവ വെറും ജീവികോപായങ്ങൾ മാത്രം. പഞ്ചമരാഗം പാടുന്ന കുയിലിനു് തന്റെ സംഗീതത്തിന്റെ സൗന്ദര്യലഹരി ആസ്വദിക്കാൻ കഴിയുന്നുണ്ടോ എന്തോ? ചിത്രശലഭങ്ങളുടെ ചിറകുകൾക്കുള്ള ഭംഗി കണ്ടു്, പരസ്പരം കലാസ്വാദനംചെയ്യാൻ അവയ്ക്കു എങ്ങനെയാണു കഴിയുക? ചുരുക്കത്തിൽ സൗന്ദര്യാസ്വാദനം എന്നതു ഭാവനാലോകവിഹാരികളായ മനുഷ്യാത്മാക്കൾക്കേ സാദ്ധ്യമാവൂ എന്നല്ലേ ധരിക്കേണ്ടിവരുന്നതു്?

"വിന്യാസവിശേഷനിഷ്ഠമായ ഭംഗിയാണു സൗന്ദര്യ"മെന്നും പറയാറുണ്ടു്. പ്രത്യേകനിലയിൽ യാതൊരു മേന്മയുമില്ലാത്ത പദാർത്ഥങ്ങൾ ഒരു ക്രമമനുസരിച്ചു നിരത്തിവയ്ക്കുമ്പോൾ അഥവാ വിന്യസിക്കുമ്പോൾ ഒരു അഴകുണ്ടാകുന്നു. തടി, കല്ലു്, കുമ്മായം ഇവയുടെ യഥാസ്വമായ വിന്യാസഫലം ഒരു രമ്യമായ ഹർമ്മ്യമായിരിക്കും. അപ്രകാരം, പ്രകൃതിയിൽ അങ്ങിങ്ങു ചിതറിക്കിടക്കുന്ന ഭാവങ്ങളെ—അവ ശബ്ദമോ, വർണ്ണമോ, ചലനമോ ആയിക്കൊള്ളട്ടെ—

യഥോപപത്തി കൂട്ടിയിണക്കിഭാവുകാസ്വാ
ദ്യമായ രീതിയിൽ പ്രകാശിപ്പിക്കുമ്പോഴും,
യഥാക്രമം സംഗീതം,ചിത്രം,നൃത്തംഎന്നീ
രൂപങ്ങളിൽകൂടി, സൗന്ദര്യം ആസ്വാദിക്കാ
റാകുന്നു. "പ്രകൃതിയുടെ അനുകരണമാണു
കല" എന്ന തത്വത്തെ ഇതു സൂചിപ്പിക്കു
ന്നു. ഈ നിർവ്വചനത്തെ സാധൂകരിക്കുന്ന
തിൽ സംഗീതം പ്രാഥമ്യം വഹിക്കുന്നു.
നിഷാദാദിസപ്തസ്വരങ്ങളോരോന്നും പ
ക്ഷിമൃഗാദികളുടെ പ്രകൃതിദത്തമായ ശബ്ദ
ത്തെ അനുകരിച്ചതിൽനിന്നും ഉണ്ടായതാ
ണെന്നു വിചാരിക്കാം. എന്തെന്നാൽ,

"ഷഡ്ജംരൗതി മയൂരസ്തു
ഗാവോനർദ്ദന്തിചർഷഭം
അജാവികൗചഗാന്ധാരം
ക്രൗഞ്ചോ നദതി മദ്ധ്യമം

പുഷ്പസാധാരണേകാലേ
കോകിലോരൗതി പഞ്ചമം.
അശ്വസ്തുധൈവതം രൗതി
നിഷാദം രൗതികുഞ്ജരഃ"

എന്നു് ഒരിടത്തു കാണുന്നുണ്ടു്. ഇതി
ന്റെ യാഥാർത്ഥ്യത്തെക്കുറിച്ചു ഇവിടെ പ്ര
പഞ്ചനം ചെയ്യേണ്ടതില്ല. ഏതായാലും
"ക്ഷണംതോറും പുതുമയുളവാക്കുന്നതും വ
സ്തുക്കളിലും ക്രമവിന്യസിതങ്ങളായ വസ്തു
സമുദായങ്ങളിലും ആസ്വാദസ്വഭാവമനുസ
രിച്ചു പ്രതീതിവിഷയമാകുന്നതുമായ ഒന്നാ
ണു സൗന്ദര്യം" എന്നു സാമാന്യനിർവ്വചനം
കൊണ്ടു സമാധാനിക്കാം.

സൗന്ദര്യത്തെപ്പററി ഡേവിഡ് ഹാ
ർഡ്മാൻ ഇങ്ങനെ പറയുന്നു:—"സൗന്ദ
ര്യം വികാരങ്ങളെ ഉണർത്തുക മാത്രമല്ല,
ആത്മീയവികാസം നൽകുകൂടി ചെയ്യുന്നു.
അതു നമ്മെ ഒരു നൂതനജീവശക്തിയുടെ
അനുഭൂതിയരുളുന്ന ഉയർന്ന തലത്തിലേയ്ക്കു
കൂട്ടിക്കൊണ്ടുപോകുന്നു. മാനസികവും
ആത്മീയവുമായ പ്രവർത്തനങ്ങൾ വിശുദ്ധ
ങ്ങളായിത്തീരുകയും അവ ഒരു വിശദരൂ
പം കൈക്കൊൾകയും ചെയ്യുന്നു." മററൊ
രു കലാനിരൂപകനായ റാബർട്ട് ബ്രിഡ്ജ
സ് Testament of Beauty എന്നു് ഗ്രന്ഥ
ത്തിൽ പറയുകയാണു്:—"സൗന്ദര്യം എ
ല്ലാ അദൃശ്യപ്രേരണകളിലും വച്ചു ഏററവും
ഉന്നതമാകുന്നു. ദൃശ്യവസ്തുക്കളുടെ ഗുണം
ഇന്ദ്രിയംവഴിയായി മനുഷ്യമനസ്സിലുള്ള
ആദ്ധ്യാത്മികവികാരത്തെ ഉണർത്തുന്നു.
കലയാകട്ടെ, സൗന്ദര്യത്തിന്റെ നൂതന
രൂപങ്ങളെ സൃഷ്ടിക്കുക നിമിത്തം, അന്ത
രാത്മാവിനെ ദിവ്യയുക്തിയുടെ ജീവിതം
വഴി പരമാത്മജ്ഞാനത്തിലേയ്ക്കു പുരോഗ
മിപ്പിക്കാൻ പര്യാപ്തമായ പുതിയ ആശയ
ങ്ങളെ ഇളക്കിവിടുന്നു."

സൗന്ദര്യത്തിന്റെ ആസ്വാദകാശ്രയ
ത്വം കലയുടെ വ്യക്തിനിഷ്ഠത്വത്തെ
യാണു കുറിക്കുന്നതു്. വ്യക്തിത്വപ്രകാശ
നമാണു് കല എന്നുതന്നെയും പറയാനെ
ന്താണു് വിഷമം? പക്ഷേ, പ്രകൃതിയുടെ
അനുകരണമാണു കല എന്ന നിർവ്വചന
ത്തിനു ബാധകമല്ലേ ഇതു് എന്ന ശങ്ക
ചിലർക്കുണ്ടാവാം. എന്നാൽ അങ്ങനെ
യല്ല; എന്തുകൊണ്ടെന്നാൽ, പ്രകൃത്യനുക
രണത്തിനാവശ്യമായ ഉപകരണങ്ങളെ
ഹൃദയാവർജ്ജകമായ രീതിയിൽ സംഗ്രഹി
ച്ചു പ്രകാശിപ്പിക്കുന്നതു വ്യക്തിത്വമാണു്.
ഒരേവണ്ടും ഒരേ തണ്ടാരുംകൊണ്ടു പെരു
മാറുന്ന എത്രയോ കവികളുണ്ടു്. എങ്കി
ലും അവരുടെ കവിതകളിൽ വ്യക്തിത്വം
ഭിന്നഭിന്നമായിത്തന്നെ കാണാൻ കഴി
യുന്നു. 'കല ജീവിതത്തിന്റെ വ്യാഖ്യാന
മാണു്' എന്ന പല്ലവി കേട്ടുകേട്ടു അലക്കി
യാലും തെളിയാത്ത മട്ടിൽ നമ്മുടെ മനസ്സു
മുഷിഞ്ഞിട്ടുണ്ടാവാം. എങ്കിലും അത്തരം
സത്യപ്രകാശത്തിൽ നമുക്കൊരാനന്ദമുണ്ടാ

കുന്നില്ലേ? അപ്പോൾ ആനന്ദാത്മകമായ സത്യമാണു കല എന്നു സിദ്ധമാകുന്നു.

ഇത്തരം ചിന്താഗതി, കലയുടെ വില അഭൗമമാണെന്നു തെളിയിക്കുന്നു. എന്നാൽ, വിലക്കയററം തടയാനറിയാവുന്ന ആധുനികലോകം ഈ വലിയ വിലപ്പെരുപ്പം കണ്ടുകൊണ്ടടങ്ങിയിരിക്കയില്ല. അതേ, കലയുടെ അകവും പുറവും തിരിച്ചുനോക്കി വിലനിർണ്ണയം നടത്തുമ്പോൾ അതിൻെറ ഉദ്ദേശാത്മകത എന്ന തക്ക്വ്രണിതമായ ഭാഗം പ്രത്യക്ഷമാകുന്നതു കാണാം. ഈ മഹാവ്രണത്തിന് ഒരു പ്രഥമശുശ്രൂഷചെയ്യാൻ പുറപ്പെടുന്ന സന്നദ്ധഭടൻ പലപ്പോഴും ബാംബുകൾക്കോ ഷെല്ലുകൾക്കോ ഇരയായേക്കാം. എങ്കിലും സമരകാലസഹജമായ അത്തരം സങ്കടങ്ങളിൽ സഹജരുമൊത്തു പങ്കുകൊള്ളുകയാണല്ലോ വേണ്ടതു്.

പ്രപഞ്ചകലാകാരൻെറ കൈവശമിരിക്കുന്ന ഈ 'കലാനിധി' മനുഷ്യനുവേണ്ടി സൂക്ഷിക്കപ്പെട്ടിരിക്കയാണെന്നു അവൻെറ ദുര അവകാശപ്പെടുന്നു. അപ്പോൾ അവൻെറ അജ്ഞത പ്രതിജ്ഞചെയ്യുയാണ്:—"അല്ല, കല കലയ്ക്കുവേണ്ടിത്തന്നെ" എന്നു്. ഒടുവിൽ ഈ വടംവലിയിൽ പിടലി കുടുങ്ങിയ മനുഷ്യത്വം ശ്വാസംമുട്ടി വലഞ്ഞുതുടങ്ങി. ഇതുകണ്ടു അലിവാന്ന ലോകശില്പി പറഞ്ഞു:—"എടോ മനുഷ്യ! ആകാശംവിഴുങ്ങിയായ നിൻെറ ദുര, കല എന്നല്ല ലോകമാസകലവും നിനക്കുവേണ്ടിയാണെന്നു് അവകാശപ്പെട്ടു തുടങ്ങിയിട്ടു് കല്പങ്ങൾ അല്പമല്ല കഴിഞ്ഞിരിക്കുന്നതു്. പോരെങ്കിൽ ആവശ്യം സൃഷ്ടിയുടെ മാതാവാകുന്നുവെന്നു് ഒരു തത്വവും തെരഞ്ഞുപിടിച്ചുവച്ചിട്ടുണ്ടു്. നിൻെറ ആവശ്യങ്ങളൊന്നും നിൻെറ വിജ്ഞാനപരിധിയെ അതിലംഘിക്കയില്ലെന്നും പറയാറുണ്ടു്. ഇതെല്ലാം കല കേവലം ഭൗതികാവശ്യങ്ങൾക്കുവേണ്ടിയാണെന്നു വരുത്താനാണു്. എന്നാൽ വെറും ഭൗതികാവശ്യങ്ങളുടെ സിദ്ധികൊണ്ടുമാത്രം നീ സമാശ്വസിക്കുന്നില്ലല്ലോ. ആ പരമാർത്ഥത്തിൻെറ മുമ്പിൽ ചിലർ കണ്ണടയ്ക്കുന്നുണ്ടാവണം. ഭൗതികലോകത്തിലെ വിജ്ഞാനത്തിൽ മാത്രം വിശ്വസിച്ചിരുന്നുവെങ്കിൽ നീ ഇത്രയും പുരോഗമിക്കയില്ലായിരുന്നു. നിനക്കതിനപ്പുറത്തും ചില വാഞ്ഛകളുണ്ടു്. ഈ വാഞ്ഛകൾ നിൻെറ ആത്മീയസമ്പത്തിൻെറ മിച്ചംതന്നെ. അതിനു വ്യക്തിത്വമെന്നും പറയാം. ഈ മിച്ചം അധികപ്പെടുംതോറും അതു ചെലവഴിക്കാനുള്ള പ്രേരണ നിനക്കെങ്ങനെയോ ഉളവാകുന്നു. എൻെറ കൈവശമിരിപ്പുള്ള ഈ വമ്പിച്ച മിച്ചം—മഹാവ്യക്തിത്വം—ഞാൻ ചുമ്മെ ചെലവഴിക്കാറുണ്ടു്. അപ്പോഴാണു് നീയുൾപ്പെടെയുള്ള ഈ പ്രപഞ്ചത്തിൻെറ സൃഷ്ടി. എൻെറ ഈ കലാസൃഷ്ടി എന്തിനുവേണ്ടിയാണെന്നു ആക്കു പറയാം? ചുരുക്കത്തിൽ ഇങ്ങനെ മനസ്സിലാക്കണം. വ്യക്തിത്വം വികസിക്കുംതോറും കലയുടെ ഉദ്ദേശാത്മകതയിൽ വെറും മിഥ്യയുടെ അവശേഷം കാണാറാകും. പക്ഷേ, നിൻെറ വ്യക്തിത്വം എൻേറതുപോലെ വികസിച്ചിട്ടില്ല. ആകയാൽ നിൻെറ കല ഉദ്ദേശാത്മകമാണു്. പക്ഷേ, എൻെറ നിലയിൽനിന്നു നോക്കുമ്പോൾ 'കല കലയ്ക്കുവേണ്ടി'യാണെന്നും നിനക്കു കാണാം. എന്തായാലും നീ പരിഭ്രമിക്കേണ്ട. ദുരയുടേയും അജ്ഞതയുടേയും ചങ്ങാത്തം നീ വിടുക. എന്നാൽ നിനക്കു കുശലംവരും."

ഇതിനകം ദുരയും അജ്ഞതയും മൂർച്ഛിച്ചുവീണുപോയിരുന്നു. അപ്പോൾ മുതൽ മനുഷ്യത്വം നിവന്നിന്നു ആശ്വസിക്കാൻ തുടങ്ങി. ഈ 'കലാനിധി'യുടെ വിലയും അതോടെ മനസ്സിലാക്കി.

# * കലാകാരന്റെ രഹസ്യം

നാഗവള്ളിൽ, ആർ. എസ്. കുറുപ്പ് ബി. എ.

ആ ചിത്രകാരന്റെ ചിത്രത്തിനുണ്ടായിരുന്ന ചുവപ്പുനിറം മറ്റൊരു ചിത്രത്തിനുമുണ്ടായിരുന്നില്ല. ആയിരമായിരം സായംസന്ധ്യകളുടെ ചുവപ്പുനിറം ഒരുമിച്ചു ചേത്തുപോലുള്ള ഒരു ചുവപ്പ്!

മററു ചിത്രകാരന്മാർ പലതരം ചായങ്ങളുപയോഗിച്ച് ചിത്രമെഴുതി. ആ ചിത്രകാരനു ഒരൊററ ചായമേ ഉണ്ടായിരുന്നുള്ളു. ആ ചുവപ്പുചായം! അതിന്റെ ശോഭയ്ക്കു മുമ്പിൽ മററു സകല നിറങ്ങളും നിഷ്പ്രഭങ്ങളായിപ്പോയി.

ജനങ്ങൾ ആ ചിത്രത്തിനു മുമ്പിൽ നിന്നുകൊണ്ടു പറഞ്ഞു:—

"എന്തൊരുശോഭ! എന്തൊരുചുവപ്പ്!"

മററുള്ള ചിത്രകാരന്മാർ പരസ്പരം ചോദിച്ചു:—

"ആ നിറം അയാൾക്കെവിടുന്നു കിട്ടി?"

അവർ അയാളോടു നേരിട്ടുതന്നെ ചോദിച്ചു....

"ക്ഷമിക്കണം. അതെന്റെ രഹസ്യമാണ്" അയാൾ മറുപടി പറഞ്ഞു.

ഒരു ചിത്രകാരൻ വിലപിടിച്ച പല ചായങ്ങൾ പല രാജ്യങ്ങളിൽനിന്നും വരുത്തി, ഒരു പുതിയനിറം നിർമ്മിച്ച് ചിത്രമെഴുതി. അല്പകാലം കഴിഞ്ഞപ്പോഴേക്കും ആ ചിത്രം മാഞ്ഞുപോയി.

മറ്റൊരുവൻ പഴയ ഗ്രന്ഥങ്ങൾ പരിശോധിച്ച് ഒരു പുതിയ ചായം കണ്ടുപിടിച്ചു. പക്ഷെ അതു ചിത്രത്തിൽ തേച്ചപ്പോൾ മങ്ങിപ്പോയി.

അപ്പോഴൊക്കെ ആ ചിത്രകാരൻ പുതിയ പുതിയ ചിത്രങ്ങൾ എഴുതിക്കൊണ്ടിരുന്നു. ചിത്രങ്ങളുടെ ചുവപ്പും അയാളുടെ ശരീരത്തിന്റെ വിളർച്ചയും അനുദിനം വർദ്ധിച്ചുകൊണ്ടിരുന്നു.

ഒരുദിവസം അയാളുടെ ചിത്രത്തിനു മുമ്പിൽ അയാൾ മരിച്ചുകിടക്കുന്നതായി കാണപ്പെട്ടു.

ചിലർ അയാളുടെ മൃതശരീരം സംസ്കരിക്കുന്നതിനു സന്നദ്ധരായി. മററുചിലർ അയാളുടെ ചായപ്പെട്ടികളിലുംമററും തിരഞ്ഞുനോക്കി. വിശേഷവിധിയായ യാതൊരു ചായവും അവർ കണ്ടില്ല.

കുളിപ്പിക്കുന്നതിനായി ശവശരീരത്തിലെ വസ്ത്രങ്ങൾ അഴിച്ചുമാററിയപ്പോൾ അതിന്റെ ഇടത്തുമുലയ്ക്കു താഴെയായി ഒരു മുറിവിന്റെ പാട് അവർ കണ്ടു. അയാളുടെ ജീവിതകാലംമുഴുവൻ നീണ്ടുനിന്ന ഒരു മുറിവായിരിക്കണമതെന്നവർക്കു തോന്നി. കാരണം അതിന്റെ മുറിവായ് മുരടിച്ചിരുന്നു.

സർവ്വവും മൂടി മുദ്രവെയ്ക്കുന്ന മരണം ആ മുറിവായും കൂടിയടച്ച് മുദ്രവെച്ചിരുന്നു.

അവർ ആ ചിത്രകാരനേയും മണ്ണിന്നടിയിലാക്കി. എന്നിട്ടും ആളുകൾ പരസ്പരം ചോദിച്ചുകൊണ്ടേയിരുന്നു:—

"അയാൾക്ക് ആ ചുവന്ന നിറമെവിടുന്നു കിട്ടി?"

അല്പകാലത്തിനുള്ളിൽ ആ ചിത്രകാരനെ അവർ മറന്നു. പക്ഷെ അയാളുടെ ആ ചുവന്ന ചിത്രങ്ങൾ ശാശ്വതമായി ജീവിച്ചു.

* ഒരു ആഫ്റിക്കൻ ചെറുകഥയുടെ സ്വതന്ത്രനുവാദം.

# ഉമർ ഖയാം

(കെ. മുഹമ്മദലി ബി. എ, എൽ. ററി)

ഭൂതകാല പാരസിക സാഹിത്യത്തെ ആവരണംചെയ്തിരിക്കുന്ന മൂടൽമഞ്ഞിനിടയിൽക്കൂടി, അതിസൂക്ഷ്മം സംവീക്ഷണം ചെയ്ത പാശ്ചാത്യനിരൂപണദൃഷ്ടികൾ കണ്ടെത്തിയ കാവ്യതല്ലജമത്രെ "റുബായിയത്തു്". കവി, ഉമർഖയാം. കൂടാരമുണ്ടാക്കുന്ന പാരമ്പര്യത്തൊഴിലിനേക്കുറിക്കുന്ന 'ഖയാം' എന്ന പദം, അദ്ദേഹം അഭിമാനപുരസ്സരം തന്റെ നാമത്തോടനുബന്ധിച്ചിട്ടു. ഗിയാസുദ്ദീൻ അബ്ബൂൽഉമർ ഇബ്നു ഇബ്രാഹിം എന്നാണു കവിയുടെ മുഴുപ്പേർ.

'റുബായിയത്തു്' എന്ന ചതുഷ്പദിയുടെ കർത്താവായിട്ടാണദ്ദേഹം സഹൃദയലോകത്തിന്റെ ആരാധനാപുരുഷനായിത്തീർന്നിട്ടുള്ളതു്. എങ്കിലും, ബീജഗണിതം, ഖഗോളശാസ്ത്രം എന്നിവയിൽ അദ്ദേഹം ഒരു പരമപാരഗനും അനിഷേധ്യസിദ്ധാന്തനിർമ്മാതാവുംകൂടിയായിരുന്നു. പക്ഷേ, ഇന്നത്തെ ശാസ്ത്രീയതത്വത്തെ പിന്നിലാക്കിക്കൊണ്ടു്, കാലം മുന്നോട്ടോടിക്കൊണ്ടിരിക്കുന്നു. സൗന്ദര്യാരാധകനെ മാററിനിർത്തുവാൻ കാലത്തിനു ശക്തിയില്ല.

ശാസ്ത്രലോകത്തു, ഒരുപക്ഷെ, ഉമർഖയാമിനു ഇന്നാരും ഉന്നതസ്ഥാനം നൽകിയില്ലെന്നുവന്നേക്കാം. സാഹിത്യലോകത്തു അദ്ദേഹത്തിനു സ്ഥാനം ആരും കൊടുക്കേണ്ടതില്ല.

ഉമർഖയാമിന്റെ ജീവചരിത്രത്തിൽ അധികഭാഗവും അറിയാൻ കഴിഞ്ഞിട്ടില്ല. അദ്ദേഹം ഖൊറാസാൻദേശത്തു നൈഷപ്പൂരിൽ ജനിച്ചു. നൈസാമുൽമുൽക്കു എന്ന സമ്പന്നസഹപാഠിയുടെ സഹായംകൊണ്ടു്, കവി ദാരിദ്ര്യപീഡനം അനുഭവിക്കേണ്ടിവന്നില്ല. അന്നത്തെ സുൽത്താൻ, ഉമർഖയാമിന്റെ പാണ്ഡിത്യത്തെ അംഗീകരിക്കയും, ബീജഗണിതസംബന്ധമായ ചില ജോലികൾ നിർവ്വഹിക്കുവാൻ അദ്ദേഹത്തെ ഭരമേല്പിക്കയുംചെയ്തു. അതിന്റെ ഫലമായി, ഒരു നവീനപഞ്ചാംഗപദ്ധതി നിർമ്മിച്ചു്, അദ്ദേഹം പ്രചരിപ്പിച്ചു. ഉമർഖയാമിന്റെ മരണം പന്ത്രണ്ടാംശതാബ്ദത്തിന്റെ അന്ത്യഘട്ടത്തിലായിരുന്നു. ഈ ജീവചരിത്രശകലങ്ങൾതന്നെ, റുബായിയത്തിന്റെ ആരാധകന്മാർ, പുരാവൃത്തങ്ങളിൽനിന്നു കടഞ്ഞെടുത്തിട്ടുള്ളതാണു്.

റുബായിയത്തിന്റെ പ്രശസ്തി പ്രചരിക്കുവാൻ തുടങ്ങിയതു് പത്തൊൻപതാംശതാബ്ദത്തിലാകുന്നു. എഡ്വേർഡു ഫിററ്സ്ജെറാൾഡു എന്ന ഒരു ആംഗലനിരൂപകൻ, രണ്ടുകൊല്ലത്തെ നിരന്തരപരിശ്രമംകൊണ്ടു്, ൧൮൫൭-ൽ, റുബായിയത്തിന്റെ പരാവർത്തനരീതിയിലുള്ള ഒരു തർജ്ജമ രചിച്ചു 'ഫ്റൻഡ്സ്മാഗസിൻ'പത്രാധിപക്കു അതു പ്രസിദ്ധീകരണാർഹമായി തോന്നിയില്ല. എങ്കിലും, പരിഭാഷകന്റെ മനസ്സു മടിച്ചില്ല. പുസ്തകരൂപത്തിൽ അതു പ്രസിദ്ധീകരിക്കപ്പെട്ടു. എന്നിട്ടും കുറേക്കാലത്തേയ്ക്കു, ഫിററ്സ്ജെറാൾഡു ആശിച്ച പ്രോത്സാഹനം ലഭിച്ചില്ല.

സ്വിൻബേൺ, റോസററി എന്നീ ആംഗലകവികൾ, അതിൻെറ ഗുണപൗഷ്കല്യമറിഞ്ഞു ആറു പ്രതി വാങ്ങി. പുസ്തകത്തിൻെറ പ്രശസ്തി പരന്നു. ഉദ്ദേശം ഒരണ വിലയ്ക്കു വിററിരുന്ന പുസ്തകത്തിൻെറ വില, അവസാനം, ഏതാണ്ടു പതിനാറുറുപ്പികയായിത്തീൎന്നു. പാഠഭേദങ്ങളോടുകൂടി, പ്രസ്തുത കൃതിയുടെ നാലു പതിപ്പുകൾ തുടരെത്തുടരെ പ്രസിദ്ധീകൃതങ്ങളായി. റുബായിയത്തിൻെറ പ്രസിദ്ധീകരണംകൊണ്ടു ഫിററ്സ്ജറാൾഡ് പ്രസിദ്ധനായിത്തീൎന്നു. ഉമർഖയാം പാശ്ചാത്യലോകത്തു പൂജിതനായതും, ഫിററ്സ്ജറാൾഡിൻെറ പ്രസ്തുത പ്രസിദ്ധീകരണംകൊണ്ടുതന്നെ.

ഫിററ്സ്ജറാൾഡിൻെറ പരിഭാഷയെ—പരാവൎത്തനത്തെ—മാത്രം ആസ്പദമാക്കി ഉമർഖയാമിൻെറ തത്വചിന്തയേയും ജീവിതനിരീക്ഷണത്തേയും നിരൂപണംചെയ്യുന്നതിൽ അല്പം ആലോചിക്കേണ്ടതുണ്ടു്. മുകിൽമാലകൊണ്ടു് തെല്ലൊരു മൂടുപടമിട്ടിരിക്കുന്ന പൂൎണ്ണചന്ദ്രബിംബത്തെ വീക്ഷിച്ചു്, പ്രേക്ഷകൻ ചെയ്യുന്ന നിരൂപണത്തിൻെറ സാമ്യം അതിനുണ്ടെന്നു വേണമെങ്കിൽ പറയാം. പോരെങ്കിൽ, ഫിററ്സ്ജറാൾഡുതന്നെ സമ്മതിക്കുന്നു, "ഈ പാരസികരോടു തോന്ന്യാസംകാണിക്കുന്നതുതന്നെ ഒരു രസകരമായ ജോലിയാണെ"ന്നും, "ഉമറിൻെറ പല ചതുഷ്പദികളും ഉടച്ചുവാൎത്തിട്ടുണ്ടെ"ന്നും ഉടച്ചുവാൎക്കുമ്പോൾ, മൂശമാറിപ്പോയെന്നും, ഉടഞ്ഞുപോയെന്നും, അഥവാ, കോടിപ്പോയെന്നും വന്നേക്കുവാൻ പാടില്ലാതില്ലല്ലോ. ഇതിനെ സാധൂകരിക്കുവാനെന്നു തോന്നുമാറു്, പാരസികഭാഷയിൽ സുസമ്മതമായ പാണ്ഡിത്യമില്ലാതിരുന്ന ഫിററ്സ്ജറാൾഡു, തൻെറ ഓരോ പതിപ്പു റുബായിയത്തിലും മൂലത്തെ വിട്ടു സ്വതന്ത്രമായ വ്യതിയാനങ്ങൾ വരുത്തിക്കൊണ്ടേയിരുന്നു.

വിവിധഭാഷകളിൽ പണ്ഡിതനും, രാജ്യതന്ത്രജ്ഞനായ സഹൃദയനും, റുബായിയത്തു സുപ്രസന്നമായി വിവൎത്തനംചെയ്യുകവിയുമായ സർദാർ, കെ. എം. പണിക്കർ അവർകൾ ഫിററ്സ്ജറാൾഡിൻെറ പരിഭാഷാരീതിയെപ്പററി ഇപ്രകാരം എഴുതുന്നു—

"നാലുമഞ്ചും ശ്ലോകങ്ങൾ ഒന്നിച്ചുചേൎത്തു കൂട്ടിക്കലൎത്തി സ്വന്തമായയൊരൎത്ഥമുണ്ടാക്കി തോന്നിയതുപോലെ ഭാഷാന്തരംചെയ്കയായിരുന്നു; അദ്ദേഹത്തിൻെറ രീതി. ഒരൊററപ്പദ്യത്തിൻെറപോലും മൂലശ്ലോകം ഏതാണെന്നു പറയാൻ സാധിക്കാത്തവിധം ഇളക്കിമറിച്ചത്രെ ഫിററ്സ്ജറാൾസു തൻെറ കൃതി രചിച്ചിട്ടുള്ളതു്." പാരസികഭാഷയിലുള്ള മൂലകൃതിയുടെ പല പാഠഭേദങ്ങളും യൂറോപ്പിലുള്ള ചില ഗ്രന്ഥശേഖരങ്ങളിൽ സർദാർ കണ്ടിട്ടുണ്ടെന്നുള്ളതും വക്തവ്യമാണു്. ഇങ്ങനെ, ചിലയിടങ്ങളിൽ, രസം മാഞ്ഞുമങ്ങിയ, തേഞ്ഞുപോയ ഒരു കണ്ണാടിയിൽആണു്, ഉമർഖയാം പ്രതിബിംബിക്കുന്നതു്! ഇത്രയെങ്കിലും കാണുന്നതു് ഫിററ്സ്ജറാൾഡിൻെറ കലാപാടവംനിമിത്തവും.

റുബായിയത്തു് കൈരളീപാദങ്ങളിൽ ആദ്യം അൎപ്പിച്ചതു സരസമധുരഗായകൻ, ശ്രീമാൻ ജീ. ശങ്കരക്കുറുപ്പവർകൾആണു്. മലയാള ഫിററ്സ്ജറാൾഡു് ഉമർഖയാം പിഴിഞ്ഞുവെച്ച മുന്തിരിച്ചാറു "വിലാസലഹരി"യിൽ നമുക്കാസ്വദിക്കുവാൻകഴിയും, ധിഷണാധന്യൻ, സർദാർ, കെ. എം. പണിക്കർ അവർകളുടെ "രസികരസായനം", "പാരസികദ്രാക്ഷാഫലങ്ങളെ പിഴിഞ്ഞു, രസംചോരാതെ കൈരളിയ്ക്കു പകൎന്നു"തരുന്നു.

റുബായിയത്തു വായിക്കുന്ന ഏതൊരാളും, പാരസിക സാഹിത്യ സാങ്കേതികപ്രയോഗങ്ങളോടും സൂഫിസിദ്ധാന്തങ്ങളോടും

നല്ല പരിചയമില്ലാത്തവർ പ്രത്യേകിച്ചും, വെറും മുന്തിരിച്ചാറിന്റെ ലഹരിയിൽ മതിമറന്നു്, ജീവിതക്ലേശങ്ങളെ മധുകൊണ്ടു കഴുകിക്കളയുവാൻ ശ്രമിക്കുന്ന ഭൗതികസുഖലോലുപാധീനനായ ഒരു കവിയായിട്ടുമാത്രമാണു്, ഉമർഖയാമിനെ കാണുക. മദ്യപാനാസക്തനായിട്ടുകൂടിയും അദ്ദേഹം ചിത്രീകൃതനായിട്ടുണ്ടു്. അവക്കും അഭയം റുബായിയത്തുതന്നെ.

> "അവജ്ഞയിതിൽനിന്നെഴും
> സ്മരണയെക്കെടുത്തീടുവാൻ
> കുളിച്ചിടണമെത്രഞാൻവിമല
> മദ്യതീർത്ഥാംബുവിൽ"

വിശ്വേശ്വരനെ കാമിനിയായും ഈശ്വരാന്വേഷിയെ കാമുകനായും ദിവ്യപ്രേമത്തെ മുന്തിരിച്ചാറായും പാരസികകവികൾ സങ്കല്പിച്ചു ഗാനംചെയ്യാറുണ്ടു്. ദിവ്യപ്രേമമാകുന്ന വീഞ്ഞു കുടിച്ചു, ഐഹികചിന്തകൾ വെടിഞ്ഞു കാമുകൻ ദിവ്യതേജസ്സിനെ (ലിഖാ) ലക്ഷ്യമാക്കിക്കൊണ്ടു പ്രയാണം ചെയ്യുന്നു. കാമിനീകാമുകന്മാരുടെ (ആശിഖ്മ അശ്ശുഖ്) ബന്ധമാണു ദിവ്യദർശനാസക്തനായകവിയും ദൈവികജ്യോതിസ്സും തമ്മിൽ, ഈ നിലയിലെത്തിയ സൂഫിക്കവികൾ, ദിവ്യകാമിനിയുടെ കരവല്ലിയാൽ ആവേഷ്ടിതനായി, ചിലയവസരങ്ങളിൽ ആവേശംകൊണ്ടു "ഞാൻതന്നെ സത്യം; എന്നെകവിഞ്ഞ സത്യമില്ല" (അനൽ ഹഖ്) എന്നുകൂടി ഉദ്ഘോഷിച്ചിട്ടുണ്ടു്. ലൗകികനിയമസംഹിതകളിൽനിന്നെല്ലാം അതീതമായിട്ടാണു് അവരുടെ നില. പാരസിക സാഹിത്യത്തിൽ കാണാവുള്ള മദ്യത്തേയും, മദ്യശാലയേയും, സഖിയേയും സാങ്കേതികമായ അർത്ഥത്തോടുകൂടിവേണം വ്യാഖ്യാനിക്കുവാൻ. റുബായിയത്തിൽ, മേൽപറഞ്ഞ സാങ്കേതികമായ പ്രയോഗങ്ങൾ സുലഭമാണു്. കാമിനിയും മുന്തിരിച്ചാറും റുബായിയത്തിനെ സജീവമാക്കുന്നു.

അഭിപ്രായഭിന്നതമൂലം കവി, സമകാലീനന്മാരിൽനിന്നു നിരവധി ദുരിതങ്ങൾ അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്. അവരുടെ അസഹിഷ്ണുതയാകുന്ന ആവനാഴിയിൽനിന്നു തുടരെത്തുടരെ തൊടുത്തുവിട്ട അസ്ത്രസഹസ്രങ്ങൾ ഉമർഖയാമിൽ വന്നുപതിച്ചുകൊണ്ടിരുന്നതായും അവയെ ഓരോന്നായി ഊരിയൂരിയെടുത്തു്, ശത്രുക്കളുടെനേരെ കവി എറിഞ്ഞുകൊണ്ടിരിക്കുന്നതായും റുബായിയത്തിൽ സസൂക്ഷ്മം നോക്കിയാൽ കാണാൻകഴിയും. ഈ അസ്ത്രപ്രത്യസ്ത്രപ്രയോഗത്തിന്റെ പരിണാമം എന്താണു്? കവി പറയുന്നു—"എന്റെ മാനമഖിലം പാനപാത്രത്തിൽ മുങ്ങിമറിഞ്ഞു. എന്റെ മാനം ഗാനത്തിനുവേണ്ടി വിററുകളഞ്ഞു." അതുകൊണ്ടു്, കവി പശ്ചാത്തപിച്ചു. പക്ഷെ, ആ പശ്ചാത്താപം സ്വബോധത്തോടുകൂടിയാണോ? ആണെന്നു കവിയ്ക്കു വിശ്വാസമില്ല. വസന്തം, പനിനീർപ്പൂവുംകൈയിലേന്തി വന്നണഞ്ഞു. പശ്ചാത്താപച്ചരടു് അതോടുകൂടി പൊട്ടിപ്പോയി. മതിമറന്നു ഖയാം വീണ്ടും മദ്യലഹരിയിൽ നിമഗ്നനായി. ഈ മദോന്മത്താവസ്ഥയിൽ വൈദികന്മാരെയും സൂഫികളെയും കവി കളിയാക്കുകയും അവരെ വെല്ലുവിളിക്കയും ചെയ്യുന്നു. നോക്കുക—മുന്തിരിച്ചെടി എന്റെ ആകാരത്തെ ആവരണം ചെയ്തിരിക്കുന്നു. ആക്രോശിച്ചുകൊണ്ടു പുറത്തുനില്ക്കുന്ന സൂഫികളു തുറക്കുവാനുള്ള താക്കോൽ, എന്റെ എളിയലോഹംകൊണ്ടുണ്ടാക്കാം.

തന്നോടൊത്തു ആകാശസൌധത്തിലേയ്ക്കുയരുവാൻ അപ്രാപ്തരായവർ കവിയുടെ ദൃഷ്ടിയിൽ അവഹേളിതരും, അവരുടെ ദൃഷ്ടിയിൽ കവി ആക്ഷേപപാത്രനും ആയിത്തീരുന്നു. ഇതു് ലോകസ്വഭാവംമാത്രം. ജീ

വിതരഹസ്യത്തെ അറിഞ്ഞു പഠിക്കുവാൻ പല വിദ്വൽ സദസ്സുകളിലും കവി സംബന്ധിച്ചു. പക്ഷെ, കയറിയ കവാടത്തിലൂടെ ഇറങ്ങിപ്പോരാനെ കഴിഞ്ഞുള്ളു. അതുകൊണ്ടു്, ഖയാം ഖേദിക്കുന്നു. പൂർണ്ണചന്ദ്രൻ മിന്നാമിനുങ്ങോടു കൈനീട്ടി പ്രകാശത്തിനു പിച്ചചോദിച്ചാലോ?

മനുഷ്യജീവിതത്തിന്റെ കടുംകെട്ടുകളെ കവി, റുബായിയത്തിൽ ഒന്നഴിച്ചുനോക്കുവാൻ ശ്രമിച്ചിട്ടുണ്ടു്. ജീവിതനാടകത്തിന്റെ ആദ്യവും അന്ത്യവും എഴുതിത്തീർത്തിട്ടാണു് നടന്മാരെ വേഷംകെട്ടി ഇങ്ങോട്ടയച്ചിട്ടുള്ളതു്. നടന്മാർക്കിഷ്ടമായാലും ഇല്ലെങ്കിലും, മാധുര്യമേറിയ ഭാഗമായാലും കയ്പുകലർന്നതായാലും അവനവന്റെഭാഗം അഭിനയിച്ചേതീരു. ഓരോ നടന്റെയും കുറ്റങ്ങളേയും കുറവുകളേയും കലാകാരൻ ആദ്യമെ നിർണ്ണയിച്ചുകഴിഞ്ഞു. ശ്രമിച്ചാലും, അവയിൽ നിന്നൊഴിയുവാൻ നടനു കഴിവുള്ളതല്ല. അതുകൊണ്ടു, കവി പറയുന്നു, കുറ്റംചെയ്തവർക്കുമാപ്പുനൽകുക; കുറ്റക്കാരായി സൃഷ്ടിച്ചതിനു്, മാപ്പു താനേ സ്വീകരിച്ചുകൊള്ളുകയും ചെയ്യുക.

യുക്തികൊണ്ടു ഖയാം കെട്ടഴിക്കുവാൻ നോക്കി. പക്ഷെ, യുക്തി വന്ധ്യയാണു്. തന്നിമിത്തം യുക്തിയാകുന്ന ഭാര്യയെ കവി ഉപേക്ഷിച്ചു. നിർദ്ദയം ഉപേക്ഷിച്ചു. മറ്റൊരു ഭാര്യയെ സ്വീകരിച്ചു. അവളാണു് മദ്യം. ആ സുന്ദരാംഗിയെ കവി തെരുതെരെ ചുംബിച്ചു. സുഖം നേടി.

ജീവിതനിരൂപണമാണു് റുബായിയത്തിന്റെ ജീവനാഡി. ജീവിതം ക്ഷണഭംഗുരമാകുന്നു. സ്വർണ്ണസിംഹാസനോപവിഷ്ടനായിരുന്ന സുൽത്താൻ മഹമൂദ് എവിടെ? ഖായിക്കുസ്രൂ., റുസ്തം, സീസർ ഇവരെല്ലാം ഇപ്പോൾ എവിടെ കിടക്കുന്നു! അവരുടെ കരബലവും പ്രതാപവും എവിടെ?

"മനുഷ്യനുടൽ മണ്ണുതാനടി-
യുമങ്ങു മണ്ണിൽ സ്വയം
വിനാമധു,വീനാസുഖം, വിഗ-
തഗാനമന്തം വിനാ."

മനുഷ്യന്റെ അഭിലാഷങ്ങളും അഭിനിവേശങ്ങളും മരുഭൂവിന്റെ മണ്ണു നിറഞ്ഞ വദനത്തിൽ വന്നണഞ്ഞ ഹിമകണംപോലെ, നിമിഷംകൊണ്ടു നീരാവിയായി നീങ്ങിപ്പോകുന്നു.

മനുഷ്യജീവിതം ഒരു യാത്രയായിട്ടാണു് കവി സങ്കല്പിക്കുന്നതു്. ഈ ലോകം ഒരു വഴിയമ്പലം മാത്രം. യാത്രക്കാരായ നാം വഴിയമ്പലത്തിൽ അല്പം വിശ്രമിച്ചുകൊണ്ടു് നമ്മുടെ പാട്ടിനു പോകുന്നു. ചവിട്ടിയഅടിവീണ്ടും ആരും കാണുന്നില്ല. ഇന്നു വിടർന്ന പനിനീർപ്പൂവു്, നാളെ നിലംപതിച്ചു മണ്ണായിത്തീരുന്നു. അവളുടെ ഇന്നത്തെ സൌന്ദര്യം നാളത്തേയ്ക്കു വാടിപ്പോകുന്നു. സൃഷ്ടിയിൽ അനശ്വരമായി ഒന്നുംതന്നെ കാണുന്നില്ല. അതുകൊണ്ടു് വേഗംവേണം.

"ഭാവിയെക്കാക്കാതെ, ഭൂ-
തത്തെനോക്കാതെ,
പോവിൻ, പഠിക്കുവിൻ
സൽഫലങ്ങൾ!

* * *

ജീവിതത്തിൻ മടിക്കുത്തു നിറയട്ടെ!
ജീവിതേശൻ വിളിക്കാറായല്ലോ."

# "എക്സ്പ്രഷനിസം."

(എം. കൃഷ്ണൻനായർ, തിരുവനന്തപുരം)

ജീവൽസാഹിത്യത്തിനു് എതിരായിട്ടുള്ള ഒരു സമരത്തിന്റെ പരിണതഫലമാണു് 'എക്സ്പ്രഷനിസം' എന്ന പ്രസ്ഥാനവിശേഷം. ധ്വന്യാത്മകങ്ങളായ നാടകങ്ങൾ രചിച്ചു പ്രഖ്യാതിപെററ ഇബ്സൻ (Ibsen) മേറെർലിങ്ക് (Macterlink) ഹാപ്റ്റ്മാൻ (Hauptman) എന്നീ മഹാന്മാർ ഇതിന്റെ വളർച്ചയ്ക്കു മാർഗ്ഗദർശികളായിത്തീർന്നുവെങ്കിലും സ്റ്റ്റിൻഡ്ബർഗ്ഗ്, ആൻഡ്രേവ്, എവറിനോവ് എന്നീ നാടകകർത്താക്കന്മാരാണു് ബഹിർല്ലോകവ്യാപാരചിത്രീകരണങ്ങളെ മനസ്സിലാക്കുവാൻ മനസ്സിന്റെ ബഹുമുഖങ്ങളായ സ്ഥിതിഗതികൾക്കു സാദ്ധ്യമാകുമെന്നുള്ള തത്വം ആദ്യമായി വ്യക്തമാക്കിയതു്. പദാർത്ഥനിഷ്ഠമായ സത്യത്തെ (Objective reality) ആവിഷ്കരിക്കുന്നതിലല്ല ഒരു എക്സ്പ്രഷനിസ്റ്റ് സാഹിത്യകാരൻ ഉന്മുഖനായിരിക്കുന്നതു്. എന്നാൽ ആന്തരമായ ഒരു തത്വത്തെ വെളിവാക്കുന്നതിനാണു അയാൾ ആഗ്രഹിക്കുക. ഗ്യാൽസ്വെത്തിയുടെ (Galsworthy) 'White Monkey' എന്ന നോവലിൽ ഒരു കലാകാരൻ എക്സ്പ്രഷനിസത്തെ ഇങ്ങനെവിവരിക്കുന്നു:- "അതു ബഹിർല്ലോകവ്യാപാരങ്ങളെ ചിത്രീകരിക്കുകയല്ല; നേരേമറിച്ചു് ആന്തരങ്ങളായ സ്ഥിതിഗതികളെ വ്യക്തമാക്കുകയാണു ചെയ്യുന്നതു്. ചരിത്രപരമായി നോക്കുകയാണെങ്കിൽ കലാകാരന്മാർ ബാഹ്യലോകങ്ങളെ ചിത്രീകരിക്കുന്നതിലും അതുപോലെതന്നെ ആന്തരസ്ഥിതിഗതികളെ പ്രതിപാദിക്കുന്നതിലും ഒന്നുപോലെ ഉത്സുകരായിരിക്കുന്നതു കാണാം. ബാഹ്യലോകത്തെക്കുറിച്ചു അതിന്റെ സർവ്വവിധത്തിലുള്ള വിവരണങ്ങളോടുകൂടിയ പര്യവേക്ഷണം ജീവൽസാഹിത്യത്തിലോ, യഥാതഥപ്രസ്ഥാനത്തിലോ അവസാനിക്കുന്നു. ഏതാദൃശമായ ബാഹ്യലോകം ആന്തരലോകത്തിനെ മനസ്സിലാക്കുന്നതിനും പ്രതിബിംബിപ്പിക്കുന്നതിനും മാത്രമുള്ള ഒരു ഉപാധിയായി ഭവിക്കുമ്പോൾ അതു എക്സ്പ്രഷനിസമെന്ന പ്രസ്ഥാനവിശേഷമായി പരിണമിക്കുന്നു."

എക്സ്പ്രഷനിസത്തെക്കുറിച്ചു കേൾക്കുകയോ, ആ പദത്തെ അതിനുമുൻപു് ഉപയോഗിക്കുകയോ ചെയ്തിട്ടില്ലാത്ത ഒരാൾ, പത്തൊൻപതാംശതാബ്ദത്തിൽ അതിനെ നീതീകരിക്കത്തക്കവണ്ണമുള്ള ഒരു തത്വത്തെ ആദ്യമായി ഉപന്യസിച്ചു. കലാപരമായി പൊതുവേ ഒരു വിമർശനം നടത്തിയ അവസരത്തിൽ 'ഓസ്കർ വൈൽഡ്' (Oscar Wilde) എന്ന ഗ്രന്ഥകാരൻ നല്ല കല എല്ലായ്പോഴും ആദർശപരവും ആന്തരസ്ഥിതിഗതി പ്രതിപാദകവും ആയിരിക്കണമെന്നു നിർവ്വചിക്കുകയുണ്ടായി. പ്രകൃതിയെ അതേരീതിയിൽ പകർത്തുന്നതു അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ നല്ല കല എന്ന ഇനത്തിൽ ഉൾപ്പെടുന്നില്ല. വൈൽഡു പറയുന്നു: "ജീവിതത്തോടും പ്രകൃതിയോടും അടുക്കുമ്പോഴാണു് കല ദുഷിക്കുന്നതു്. അവാസ്തവങ്ങളായ കാര്യങ്ങളിൽ ആനന്ദത്തോടും സങ്കല്പബാഹുല്യ

ത്തോടുംകൂടിയുള്ള പൊരുമാററത്തിലാണു യഥാൎത്ഥമായ കലയുടെ ആരംഭം. ഇതാണു് ആദ്യത്തെ നില. അനന്തരം ജീവിതം ഈ അത്ഭുതത്തിന്റെ ആവിൎഭാവത്തിൽ മനംമയങ്ങി അതിന്റെ പ്രകാശമാനമായ പരിധിയ്ക്കുള്ളിൽ തനിക്കുകൂടി പ്രവേശനം അനുവദിക്കുമോ എന്നു ചോദിച്ചുതുടങ്ങുന്നു. കല ജീവിതത്തെ അതിന്റെ ഒരു പരുപരുത്ത വശമായി സ്വീകരിച്ചു് അതിനെ മോടിപിടിപ്പിക്കുന്നു... ......എന്നിട്ടു് അവളുടെയും സത്യത്തിന്റെയും മദ്ധ്യത്തിൽ സുന്ദരമായ രീതി എന്ന ഘനമേറിയ ഒരു വേലി വലിച്ചുകെട്ടുന്നു. അനന്തരം മൂന്നാമത്തെ നിലയായി. ജീവിതം സ്വയം ശക്തിമത്തായിത്തീരുന്നു. അതു കലയെ കാനനത്തിലേക്കു പ്രയാണം ചെയ്യിക്കുന്നു. ഇതാണു് യഥാൎത്ഥമായ അധഃപതനം. ഇതിൽനിന്നാണു് നാം ഇപ്പോൾ അനുഭവിക്കുന്ന ദുരിതങ്ങളെല്ലാം ഉത്ഭവിക്കുന്നതു്.

എക്സ്പ്രഷനിസം എന്ന പദം ആദ്യമായി ചിത്രമെഴുത്തിനോടു അനുബന്ധിച്ചാണു വ്യവഹരിക്കപ്പെട്ടുവന്നതു്. ഈ വിഷയത്തിൽ ഇംഗ്ലീഷുഭാഷയിൽ Naturatistic period എന്നു പറയപ്പെട്ടുവരുന്ന കാലം ഇംപ്രഷനിസമെന്ന ഒരു ഉച്ചമായ അവസ്ഥാവിശേഷത്തിൽ എത്തിച്ചേൎന്നിരുന്നു. ഒരു പ്രത്യേക സമയത്തു് ചില പ്രത്യേക പരിതഃസ്ഥിതികളിൽ ഒരുവനു് ബാഹ്യമായ ഏതെങ്കിലും യാഥാൎത്ഥ്യത്തോടു വ്യക്തിപരമായി തോന്നുന്ന അനുഭവങ്ങളെ അല്ലെങ്കിൽ വികാരവിശേഷങ്ങളെ സമഞ്ജസമായ രീതിയിൽ പ്രകാശിപ്പിക്കുന്നതിനുള്ള യത്നത്തെയാണു് നാം ഇംപ്രെഷനിസമെന്നു (Impressionism) പറഞ്ഞുവരുന്നതു്. ഒരു പ്രേക്ഷകനു് പ്രത്യേകമൊരു വെളിച്ചത്തിൽ ഒരു പശു കടുംചുവപ്പായിട്ടോ, ഒരു ഗ്രാമം ഘനചതുരങ്ങളായ ഗൃഹങ്ങളാലോ അതേരീതിയിലുള്ള ജനങ്ങളാലോ നിബിഡമായിട്ടോ തോന്നിയെന്നു വരാം. എന്നാൽ ഒരു കലാകാരനാകട്ടെ, ധൈൎയ്യസമേതം ഒരടികൂടെ മുന്നോട്ടുവെച്ചു്, ബാഹ്യേന്ദ്രിയങ്ങളെ ഉപാധിയാക്കിക്കൊണ്ടുള്ള വസ്തുദൎശനമാത്രയിൽ അയാൾക്കുണ്ടായ അനുഭവങ്ങളെ രേഖപ്പെടുത്തുന്നതിനപുറമേ, ആ വസ്തുതന്നെ അയാളുടെ അന്തരാത്മാവിൽ ഉത്ഭവിപ്പിച്ച വികാരവിശേഷങ്ങളെ അല്ലെങ്കിൽ അനുഭവവിശേഷങ്ങളെ പ്രകൃതവസ്തുവിനോടു അല്പംപോലും സാദൃശ്യമില്ലാത്ത ഭിന്നരൂപങ്ങളിൽ പ്രതിപാദിക്കുന്നതിനു ആരംഭിക്കുകയും ചെയ്യുന്നു.

പൊട്ടുന്നനവേ എക്സ്പ്രഷനിസം നാടകശാലയിൽ പ്രത്യക്ഷമായി. എന്നാൽ അതു രണ്ടുവിധത്തിലാണു് പ്രവൎത്തിച്ചുതുടങ്ങിയതു്. ഒന്നാമതായി നാടകാഭിനയത്തിലും രണ്ടാമതായി നാടകരചനയിലും അതു സ്വാധീനശക്തി ചെലുത്തുവാൻ ആരംഭിച്ചു. ജൎമ്മനിയിൽ എക്സ്പ്രഷനിസ്റ്റിക്കു് പ്രസ്ഥാനത്തെ ആദ്യമായി നയിച്ചതു് വേഡ്കിൻഡ് ആയിരുന്നു. അതിനുശേഷം സാർജ് (Sorge) ഹാസൻക്ലീവർ (Hasen clever) കൈസർ (Kaiser) കോക്കോസ്ചക് (Kokoschka) വാൺ അൺറൂ (Von unruh) ഗോറിങ്ങ് (Goering) ടാളർ (Toller) മുതലായവർ അദ്ദേഹത്തെ അനുഗമിച്ചു. ഒരു എക്സ്പ്രഷനിസ്റ്റ് നാടകകൎത്താവു് സമുദ്രത്തിലൊ, ഭൂമിയിലോ യാതൊന്നും സാമ്യമായി കാണുന്നില്ലെന്നു നാം പറഞ്ഞാൽ, അതു് അയാളെ വിമൎശിക്കുകയല്ല നേരെമറിച്ചു് അഭിനന്ദിക്കുകയായിരിക്കും ചെയ്യുന്നതു്. ഏതെങ്കിലും ആശയത്തെയോ പ്രത്യേകതരത്തിലുള്ള ഒരു അവസ്ഥാവിശേഷത്തെയോ, വ്യക്തമാക്കിക്കാണിക്കുവാൻ അയാളൊരു കഥ പറയുന്നു. പറയു

ന്ന കാൎയ്യങ്ങൾ സംഭാവ്യമാണെന്നോ, സാദ്ധ്യമാണെന്നോ അയാൾ ചിന്തിക്കുന്നില്ല. അയാളുടെ കഥാപാത്രങ്ങൾ വ്യക്തികളല്ല. നേരേമറിച്ച് സാന്മാൎഗ്ഗികതത്വത്തിന്റെ ചിഹ്നങ്ങളാണ്. സംജ്ഞാനാമങ്ങൾക്കുപകരം പുത്രൻ, പിതാവ്, പരിചാരിക എന്നിങ്ങനെയുള്ള സാമാന്യനാമങ്ങളാണ് ഈ കഥാപാത്രങ്ങൾക്കുള്ളതു്. ബാഹ്യലോകത്തുനിന്ന് നയിക്കപ്പെടുന്ന വെറും പമ്പരങ്ങളാണിവർ. ലോകം മുഴുവനും യാന്ത്രികമായ ഏതോ പ്രവൎത്തന പരിധിക്കുള്ളിൽ അടങ്ങിയൊതുങ്ങിക്കഴിയുകയാണെന്നുള്ള ഒരു വികാരത്തെയാണ് ഈ കഥാപാത്രങ്ങൾ പ്രേക്ഷകരിൽ അങ്കുരിപ്പിക്കുക. പുരാതനകലകളിലെന്നപോലെ എക്സ്പ്രഷനിസത്തിലും കഥാപാത്രങ്ങൾ വിചിത്രസ്വഭാവമുള്ളവരായും പരസ്പരബന്ധമില്ലാതെ ചിന്നിച്ചിതറിയ രീതിയിൽ പ്രവൎത്തിക്കുന്നവരായും കാണാം. അപരിഷ്കൃതരായിട്ടുള്ളവരോ, ബാലന്മാരോ, വരയ്ക്കുന്ന ചിത്രങ്ങൾ തമ്മിൽ അംകുരിപ്പിക്കുന്ന ഫലത്തെയായിരിക്കും ഇവരും ഉളവാക്കുന്നതു്. കുറച്ചു വരകൾ, കോണുകൾ, യവനികകൾ മുതലായവയെല്ലാം യഥാൎത്ഥമായ ഒരു പശ്ചാത്തലത്തിന്റെ ആവശ്യം നിൎവ്വഹിക്കും. പരിതഃസ്ഥിതികളുടെ പഠനം അവിടെ ആവശ്യമില്ല. നേരേമറിച്ച് വ്യക്തിപരമായ മനഃശാസ്ത്രഗ്രഹണത്തിനാണ് കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നതു്. നാം ജീവിതത്തെ മനസ്സിലാക്കുന്നതു് അല്പാല്പമായിട്ടാണല്ലോ? അതുപോലെതന്നെ എക്സ്പ്രഷനിസ്റ്റ് നാടകകൎത്താക്കന്മാരും അതിനെ ചലനചിത്രങ്ങളിലെ പരസ്പരബന്ധമില്ലാത്ത രംഗങ്ങൾ പോലെ നമ്മുടെ മുൻപിൽ വരച്ചുകാണിക്കുന്നു. ടോളറുടെ Machine wreckers തുടങ്ങിയുള്ള നാടകങ്ങളിൽ ഈദൃശങ്ങളായ രംഗങ്ങളുടെ പെട്ടെന്നുള്ള മാററം അത്രമാത്രം അധികമായി കാണുന്നതിനാൽ അവയെ എലിസബത്തിന്റെ കാലത്തുണ്ടായ നാടകങ്ങളോടു് സാമ്യപ്പെടുത്തുന്നതിൽ അപാകമൊന്നുമില്ലെന്നു തോന്നുന്നു. ഈ നാടകകൎത്താവിന്റെ ചിഹ്നനപരമായ Masses and Man എന്ന മറെറാരു കൃതിയിൽ ഒരു സ്വപ്നത്തിന്റെ ഫലമാണ് നാം പ്രധാനമായി അനുഭവിക്കുക. ഇതുപോലെയുള്ള മററു നാടകങ്ങളിലും സ്വപ്നതുല്യമായ ഒരു സാങ്കേതികരീതി സൎവ്വത്ര പരിലസിക്കുന്നതു തെളിഞ്ഞു കാണാം. എക്സ്പ്രഷനിസ്റ്റിക്ക് നാടകങ്ങളിൽ സാധാരണയായി സംഭാഷണങ്ങൾ ദ്രുതഗതിയായി പ്രവഹിക്കുന്നു. ഗ്രാമ്യഭാഷ വിട്ടു് അതു ചിലപ്പോൾ ഭാവാത്മകഗീതങ്ങളിലെ (Lyric songs) വാചകഘടനപോലെ അന്വൎത്ഥതയിലേക്കു ഉയരുന്നു. മററു ചിലപ്പോൾ ഘടകങ്ങൾ, വിശേഷണങ്ങൾ എന്നു വേണ്ട ക്രിയകളെപ്പോലും ഉപേക്ഷിച്ചിട്ടു് ഈ സംഭാഷണരീതി അത്ഭുതാവഹമായ വിധത്തിൽ ചുരുങ്ങിപ്പോകുന്നു. വ്യാകരണനിയമങ്ങളെ എല്ലായ്പോഴും വെല്ലുവിളിക്കുന്ന ഈ രണ്ടാമത്തെ രീതി ആശ്ചൎയ്യസൂചകങ്ങളായ ചിഹ്നനവ്യാക്ഷേപകാദിമാൎഗ്ഗങ്ങളിൽ പ്രവേശിച്ചു് സ്വയം പ്രകാശമാനമായിത്തീരുന്നു. എന്നാൽ ആദ്യത്തെ രീതി വികാരപരവശങ്ങളായ പരിവൎത്തനഘട്ടങ്ങളിൽ ജാജ്വല്യമാനമായിത്തീരും. യഥാൎത്ഥമായ നാടകത്തിനു് അനുയോജ്യമായ ഭാവാത്മകാന്തരീക്ഷത്തെ സൃഷ്ടിച്ചു് അനുവാചകൎക്കു ആനന്ദമരുളുകയും ചെയ്യുന്നു. ചില സന്ദൎഭങ്ങളിൽ എക്സ്പ്രഷനിസ്റ്റിക്ക് നാടകങ്ങൾ സംഗീതം മുതലായ ബാഹ്യോപകരണങ്ങളെക്കൂടി സഹായത്തിനു വിളിക്കുന്നുണ്ടു്. മിക്കവാറും അവ അഭിനയത്തെ സഹായിക്കുന്ന വികാരോത്തേജകവും കൎണ്ണാനന്ദകരവുമായ സംഗീതോപകരണങ്ങളെയാണ് ആശ്രയിക്കുക. എന്നാൽ നാടകവേദിയിൽ ഉണ്ടാക്കുന്ന ഈ ശബ്ദം കൎണ്ണങ്ങൾക്കു സുഖകര

മായിരിക്കണമെന്നില്ല. സന്ദർഭാനുസരണം അതു കഠോരമോ ഉദ്വേഗജനകമോ ആയിരിക്കാം. അമേരിക്കയിലെ സുപ്രസിദ്ധ എക്സ്പ്രഷനിസ്റ്റ് നാടകകർത്താവായ യൂജീൻ ഓനീലിന്റെ (Eugene G Neill) Emporor Jones എന്ന കൃതിയിൽ ഭയചകിതനായ നായകന്റെ ദ്രുതഗതിയിലുള്ള നാഡീചലനം വ്യക്തമാക്കാൻ അണിയറയിൽ അത്ര സുഖകരമല്ലാത്ത ഒരു ശബ്ദം അതിവേഗത്തിൽ പുറപ്പെടുവിക്കുന്നു. പ്രേക്ഷകന്റെ കാര്യഗ്രഹണരീതിയെ പലപ്പോഴും എക്സ്പ്രഷനിസ്റ്റുകാർ ശ്രോത്രേന്ദ്രിയത്തിൽനിന്നു് നാടകവേദിയിലേയ്ക്കു നയിക്കുന്നു. ഇക്കാര്യത്തിൽ അഭിനയക്കാരനെയും സദസ്യരെയും വേർതിരിക്കുന്ന പഴയ വേലികളെല്ലാം തകർന്നുപോകുന്നു വെന്നുള്ളതു് വെറും പരമാർത്ഥം മാത്രമാണു്. എൽമർ റൈസിന്റെ (Elmer Rice) The Adding Machine എന്ന നാടകത്തിൽ പ്രേക്ഷകൻ വെളിയിൽനിന്നു നോക്കുന്നതിനു പകരം ആത്മഹത്യയ്ക്കു് ആലോചിക്കുന്ന ഒരു കഥാപാത്രത്തിൽ സ്വയം നിവസിക്കുകയാണു ചെയ്യുന്നതു്. ഒരു ക്ലാർക്ക് ആയ ഈ കഥാപാത്രത്തെ ആഫീസ് മാനേജർ പിരിച്ചുവിട്ടപ്പോൾ അയാൾ ഇരിക്കുന്ന സ്റ്റൂൾ ഒന്നിനൊന്നു വേഗത്തിൽ ചുററുകയും, അവസാനം ആ മാനേജരെ ഒരു അരംകൊണ്ടു് അയാൾ കുത്തിക്കൊല്ലുകയും ചെയ്യുന്നു. തൽക്ഷണം നാടകശാലയിലെങ്ങും ഒരുതരം ചുവന്ന വെളിച്ചം പ്രകാശിപ്പിക്കുകയും ശബ്ദം ഉണ്ടാക്കുന്നതിനുള്ള ഉപകരണങ്ങൾ എല്ലാത്തിനേയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നു.

സാഹിത്യപരമായി ജർമ്മനിയിൽ ഉണ്ടായ സകലവിധ വിപ്ലവങ്ങളും എക്സ്പ്രഷനിസത്തിൽ ലയിച്ചുചേർന്നു. അവരുടെ ഉദ്ദേശങ്ങളേയും ആദർശങ്ങളേയും വിവരിക്കുന്ന വിമർശനസാഹിത്യങ്ങൾ ധാരാളം ഉണ്ടായി. ഹെർമാൻ ബാർ (Hermann Bahr) കസിമീർ (Kasimir) മുതലായ പണ്ഡിതന്മാർ ഈ വിഷയത്തെക്കുറിച്ചു പല ഗ്രന്ഥങ്ങളും രചിച്ചു. എക്സ് പ്രഷനിസത്തെക്കുറിച്ചു് Edwin Hzydel എന്ന ഒരു അമേരിക്കൻ പ്രൊഫസ്സർ ഇങ്ങനെ പറയുന്നു:—"അതു ലോകത്തെ വകവെയ്ക്കുന്നില്ല; അതു യാതൊരുവസ്തുവിനെയും സ്വീകരിക്കുന്നുമില്ല ... വളരെ അടുത്തകാലത്തു അതു കമ്യൂണിസ്റ്റിക്കായിട്ടുപോലും തീർന്നിട്ടുണ്ടു്. എക്സ്പ്രഷനിസം കലയിൽ മാത്രമല്ല മനുഷ്യരിൽപ്പോലും വിപ്ലവമുളവാക്കി, പദാർത്ഥനിഷ്ഠവും (Objective) കർത്തൃനിഷ്ഠവുമായ (Subjective) വസ്തുക്കൾ തമ്മിലുള്ള മാത്സര്യത്തിനെ നശിപ്പിക്കാൻ ശ്രമിച്ചു് ആദ്യത്തേതിനെ പാടേ ഉന്മൂലനംചെയ്തിരിക്കുന്നു. ചുരുക്കത്തിൽ യഥാതഥ പ്രസ്ഥാനം (Realism) ജീവിതത്തിലെ പദാർത്ഥനിഷ്ഠമായ കാര്യങ്ങളേയോ, വസ്തുക്കളേയോ ചിത്രണംചെയ്യുന്നു. ഗ്രന്ഥകാരന്റെ ഒരു പ്രത്യേക അവസ്ഥാവിശേഷമാകുന്ന ദർപ്പണത്തിൽ പ്രതിബിംബിച്ചരീതിയിൽ ജീവിതത്തെ പ്രതിപാദിക്കുകയാണു ഇംപ്രെഷനിസംചെയ്യുന്നതു്. അതിൽ പദാർത്ഥനിഷ്ഠത്വം (Objectivity) പ്രായേണ ഉയ്യൻകാണാം. എന്നാൽ എക്സ്പ്രഷനിസമാകട്ടെ ആത്മാവിന്റെ നയനങ്ങൾകൊണ്ടു നോക്കിക്കാണുന്ന സത്യത്തെ വിവരിക്കുവാൻ പദാർത്ഥനിഷ്ഠമായ സത്യത്തെ പാടേ ഉപേക്ഷിക്കുന്നു......"

# അന്തിമവാഞ്ഛ

(പാലയിൽ നാരായണപ്പണിക്കർ)

(കേക)

പൊൻപ്രഭചൂഴുന്നൊരു സായന്തനാർക്കനോടു
പങ്കജം നൈരാശ്യത്താലന്തിമമൊഴിതൂകി:—
"ആതപപാടലയായ വാസവാശയെനോക്കി-
ക്കാത്തുഞാൻ പ്രഭോ! ഭവദാഗമമഹോത്സവം.
പൊൽക്കിനാവിങ്കൽ കണ്ടു രാവിൽ ഞാൻ, പുലരിയി-
ലുൾത്തടം കുളുർപ്പിക്കും താവകാനനത്തിനെ
ഞാനെന്റെയുവോന്മേഷമാധുര്യം, തവകഴൽ—
ത്താരിങ്കലർപ്പിപ്പാനായുന്മുഖിയായീ പാരം.
പ്രാചിപ്പെണ്ണെ,നിക്കുറ്റതോഴിയാമവൾ, പുലർ
കാലത്തു തവാഗമം സുന്ദരമാക്കിത്തീർത്തു.
ഉത്തരോത്തരം പ്രേമസാഗരത്തിരകളെൻ—
ഹൃത്തടത്തിങ്കൽ നവ്യചൈതന്യസാരംചേർത്തു.
മാമകാശതൻ തങ്കച്ചിറകും വിടർത്തിയാ
വ്യോമദേശത്തിലൂടെയങ്ങിങ്ങു പറന്നുപോയ്
മുഗ്ദ്ധമാം മന്ദസ്മിതം തൂകി ഞാനെന്നാത്മാവാം—
സ്നിഗ്ദ്ധശീതളമാല്യമങ്ങേക്കായരുളിപ്പോയ്!......
ഇല്ലെനിക്കങ്ങേപ്പേരിൽ വൈരാഗ്യമേതും ഭവാൻ-
സല്ലപിച്ചാനന്ദിക്കൂ വാരുണാശയുമായി
അങ്ങെന്നെ മറക്കണേ, ലോകത്തിൻമൂലയ്ക്കിവൾ
വിങ്ങിയിക്കേഴുന്നതു കാണൊല്ലേ, കനിയൊല്ലേ.
എങ്കിലുമൊന്നോർക്കണേ ജീവിതാംഭസ്സിൻമദ്ധ്യേ—
കണ്ടൊരു നീർപ്പോളയായെങ്കിലുമെന്നെ പ്രഭോ!
അന്ത്യമായ് പറയുന്നെൻ തപ്തഹൃത്തട;മെന്നിൽ
വെന്തുനീറീടും വാഞ്ഛയങ്ങയോടുണർത്തിപ്പാൻ.
"ചിരിയാൽ മയക്കിയപ്പാവമാം പ്രതീചിയെ-
ക്കരയിക്കുവാനേതും സംഗതിവരുത്തൊല്ലേ!"

# അറുപതാം വയസ്സിൽ.

(തകഴി ശിവശങ്കരപ്പിള്ള)

ബോധിപ്പാൻ,

എങ്ങിനെ അങ്ങയെ സംബോധനചെയ്യണമെന്ന് എനിക്കറിഞ്ഞുകൂടാ. അങ്ങ് ഇപ്പോൾ എന്റെ ആരാണ്? ഞാൻ അങ്ങയുടെ ആരാണ്? നാം തമ്മിലുള്ള ബന്ധത്തെ നിർവ്വചിക്കുന്ന ഒരു വാക്കു ഭാഷയിലില്ല. മുപ്പത്തിഏഴുസംവത്സരങ്ങൾക്കുമുമ്പു നാം തമ്മിലുള്ള ബന്ധം വിഛേദിക്കപ്പെട്ടതായി ലോകം അറിയുന്നു. അന്നുമുതൽ നമുക്കു പരസ്പരം യാതൊരുബന്ധവുമില്ലെന്നു ഉപരിപ്ലവമായി തോന്നിയേക്കാം. പക്ഷേ ആ ദിവസംവരെ നിലനിന്ന ബന്ധത്തിൽനിന്നും, അതിൽനിന്നു കേവലം വിഭിന്നമായ സ്വഭാവത്തോടുകൂടിയ നിർവ്വചിക്കാൻ കഴിയാത്തതായ ഒരു നൂതനബന്ധം പരിണാമം പ്രാപിച്ചു. അതു ഭാര്യാഭർത്തൃബന്ധമല്ല; സ്നേഹിതബന്ധമല്ല; ശത്രുത്വമല്ല; കേവലം പരിചയക്കാരുടെ വേഴ്ചയുമല്ല. പിന്നെന്താണ്, എന്തോ! പക്ഷേ, ആ ബന്ധവിശേഷം എന്റെയും അങ്ങയുടേയും ജീവിതത്തെ സാരമായിബാധിച്ചിട്ടുണ്ട്. നമ്മുടെ ഇഷ്ടാനിഷ്ടങ്ങളും സ്നേഹവും വിദ്വേഷവും വിശ്വാസവും യുക്തികളും എന്തിനേറെ, എല്ലാംതന്നെ ആ അജ്ഞാതമായ ബന്ധത്തിന്റെ അടിയൊഴുക്കുകളെ ആശ്രയിക്കുന്നുണ്ട്. ഉപബോധമനസ്സിലെ പ്രവൎത്തനങ്ങളെ നിഷേധിക്കുവാൻ സാദ്ധ്യമല്ല.

അങ്ങിനെ ഒരുവൾക്കു അയാളെയും അയാൾക്കു അവളേയും മറക്കുവാനൊക്കുമോ? അവൎക്കു അനുഭവങ്ങളും സ്മരണകളുമുണ്ട്. പലതും പഠിച്ചവരാണ്.

ജീവാന്തത്തോളമുള്ള പദ്ധതികളും പരിപാടികളും ഇരുവരുംകൂടി നിൎമ്മിച്ചതാണ്. അലസിപ്പോയെങ്കിലും അവയെല്ലാം അവരുടെ പില്ക്കാടുള്ള ജീവിതത്തെ നിയന്ത്രിക്കുന്നതു സ്വാഭാവികമല്ലേ? അങ്ങയുടെ ഭാൎയ്യയായി കഴിച്ച നാളുകൾ എന്റെ ജീവിതത്തിൽ നിഴലാടിക്കൊണ്ടിരിക്കുന്നതു ഞാൻ അറിയുന്നുണ്ട്.

നാം തമ്മിൽ പിരിയാൻ കാരണമായ ആ സ്മരണീയരാത്രിയിലെ എല്ലാംതന്നെ ഞാൻ വിശദമായി ഓൎക്കുന്നു. ഒന്നും മറന്നില്ല. അന്നു എനിക്കു അങ്ങയോടു വളരെയേറെ പറയുവാനുണ്ടായിരുന്നു. പക്ഷേ ഒന്നും പറഞ്ഞില്ല. ഒരു സ്ത്രീക്കും അതു സാദ്ധ്യമല്ല. ആ സ്ഥിതിയിൽപെട്ട മറേറതൊരുവളേയുംപോലെ 'എന്നെ രക്ഷിക്കണേ' എന്നു കാലുപിടിച്ചു കേഴുവാൻമാത്രമേ എനിക്കു കഴിഞ്ഞുള്ളു. ആത്മഹത്യചെയ്യുമെന്നു ഞാൻ പറഞ്ഞു; തിളയ്ക്കുന്ന നെയ്യിൽ കൈമുക്കാമെന്നു പറഞ്ഞു. എന്തെല്ലാം സത്യപ്രതിജ്ഞകൾചെയ്തു! ഒരു പുരുഷനും അതൊന്നും സ്വീകരിക്കുകയില്ല.

അന്നെനിക്കു അങ്ങയോടു ചോദിക്കാനും പറയാനുമുണ്ടായിരുന്നതെല്ലാം ആണു ഇന്നു ഞാൻ എഴുതുന്നതു്. ഈ മുപ്പത്തിഎട്ടുകൊല്ലക്കാലം അതിനു വേണ്ടിവന്നു. എനിക്കിന്നു ആ വസ്തുതകൾ അടുക്കോടു പറയാൻ കഴിയുന്നു. അങ്ങിനെ അവ പരുവപ്പെട്ടു; ലേഖനംചെയ്യാൻ അവസരവും വന്നു.

നാം തമ്മിൽ പിരിഞ്ഞതിനുശേഷം ഞാൻ ജീവിച്ചതു ഈ എഴുത്തെഴുതുവാനാണ്. ഈ എഴുത്തെഴുതുവാനുള്ളപ്പോഴം എനിക്ക ആത്മഹത്യചെയ്വാൻ സാദ്ധ്യമല്ല. ഇന്ന് എനിക്ക അറുപതു വയസ്സ തികയുന്നു. എന്റെ ഭർത്താവു മരിച്ചു. അദ്ദേഹത്തിന്റെ ചിതാഗ്നി അണയുന്നതേയുള്ളു. എനിക്കിനി ചെയ്യുവാനുള്ളതു അവിടത്തോടു പറവാനുണ്ടായിരുന്നതു മുഴുവൻ പറയുകയാണ്. ഇനിയും ഞാൻ ആത്മഹത്യ ചെയ്യുമോ എന്തോ!

എന്റെനാട്ടിൽ അദ്ധ്യാപകനായി അങ്ങുവന്നദിവസം ഞാൻഓക്കുന്നു. ആ കുഗ്രാമത്തിൽ അതൊരു വിശേഷസംഭവമായിരുന്നു. അന്നു വയ്യിട്ട് അമ്പലത്തിൽ അവിടുന്നു തൊഴാൻ വന്നിരുന്നു. പുതുതായിവന്ന സാറിനെ എന്റെ ഒരു കൂട്ടുകാരി കാണിച്ചുതന്നു. സാധുവായ അവൾ മരിച്ചുപോയി.

ഒരാഴ്ചയ്ക്കുശേഷം അങ്ങ് എന്റെ വീടിന്റെ അടുത്തവീട്ടിലേയ്ക്കു താമസം മാററിയതു് എന്തിനെന്നു ഞാൻ ആലോചിക്കാറുണ്ട്. അതു കരുതിക്കൂട്ടിയല്ല എന്ന് അങ്ങ് എന്നോടു പറഞ്ഞിട്ടുണ്ട്. അതു ശരിയാണെങ്കിൽ വിധി അങ്ങയെ എന്നോടടുപ്പിച്ചുകൊണ്ടുവന്നു എന്നേയുള്ളു.

അങ്ങ് എന്റെ വീട്ടിലെ പരിചയക്കാരനായി. അതു് എങ്ങിനെയായിരുന്നു? അതും മനഃപൂർവ്വമല്ലെന്നു അങ്ങു പറഞ്ഞു. എന്തുമാവട്ടെ. പക്ഷേ അങ്ങയുടെ അക്കാലത്തെ പെരുമാററം ചില ഉദ്ദേശങ്ങളോടുകൂടിയായിരുന്നു. അതിലും ഞാൻ അങ്ങയെ കുററപ്പെടുത്തുന്നില്ല. ആ കടാക്ഷവും ആവേശഭരിതമായ ചിരിയും എല്ലാം യൗവനയുക്തയായ ഒരു സ്ത്രീക്ക പുരുഷൻ നൽകേണ്ട കപ്പമാണ്. അവയെല്ലാം എന്നെ അഭിമാനഭരിതയാക്കുകയും എന്റെ ഹൃദയത്തെ ത്രസിപ്പിക്കുകയും ചെയ്തു. എന്റെ യൗവനം വിലപ്പിടിപ്പുള്ളതാണെന്നുഎനിക്കുതോന്നി. പക്ഷെ ഒരു ഭാര്യയെ ഉപേക്ഷിച്ചിട്ടുവന്ന അങ്ങ് ആവിധം ഒരു കാമുകനായതെന്തെന്ന് ഞാൻ ആലോചിക്കാറുണ്ട്. തികഞ്ഞ യൗവനവും ആരോഗ്യവുമുള്ള ഒരുവൾ നില്ക്കുന്നു; ഒന്നു ശ്രമിച്ചു നോക്കാം എന്നുവച്ചായിരുന്നോ? ആയിരിക്കാൻ ഇടയില്ല. എങ്കിൽ അങ്ങു എന്നെ പിന്നീടു വിവാഹംചെയ്യുമായിരുന്നില്ല. എന്റെനേരെ യഥാർത്ഥമായ ആവേശം തോന്നിയിരുന്നെങ്കിൽ, എന്നെ വിവാഹംചെയ്യണമെന്ന് ആദ്യംമുതൽ അവിടുന്നു ആഗ്രഹിച്ചിരുന്നെങ്കിൽ, വേണ്ടപ്പെട്ടവരുമായി ആലോചിച്ചു വിവാഹം നടത്തിയാൽ മതിയായിരുന്നു. എന്തിനു അവിടുന്നു കാമുകവേഷം കെട്ടി?

പക്ഷെ അവിടുന്നു മഹാസമർത്ഥനാണ് അന്ന് എനിക്ക അതു മനസ്സിലാക്കാൻ കഴിഞ്ഞില്ല. വിശദാംശങ്ങൾകൂടി ഓക്കുവാൻ കഴിയുന്നതുകൊണ്ടു് ഇന്ന് അങ്ങയുടെ സാമർത്ഥ്യം ഞാൻ അറിയുന്നു. വികാരത്തിന്റെ ആവേശംകൂടാതെ അങ്ങയുടെഅന്നത്തെ പ്രവൃത്തികളേയും പെരുമാററങ്ങളേയും നിരീക്ഷിച്ചു ചിന്തിക്കാൻ എനിക്ക കഴിയുന്നുണ്ട്. അങ്ങേയ്ക്കു പഠിച്ചുറച്ച ഒരു പദ്ധതി ഉണ്ടായിരുന്നു.

അങ്ങ് എന്നെക്കൊണ്ടു കാമുകി ചമയിപ്പിച്ചു. അതിനായിരുന്നു അങ്ങു കാമുകവേഷം കെട്ടിയതു്. അങ്ങു നമുക്ക കൂടിക്കാണാൻ ഒരു സങ്കേതം നിശ്ചയിച്ചില്ല. അങ്ങ് സങ്കേതം വേണമെന്ന് ആശിക്കുന്നതായി നടിച്ചില്ല. സങ്കേതങ്ങൾ നിശ്ചയിച്ചതു ഞാനായിരുന്നു. അതു് അങ്ങു എന്റെ ആവശ്യമാക്കിത്തീർത്തു. അവിടത്തെ കണ്ടുമുട്ടാതെ എനിക്ക വയ്യായിരുന്നു. അവിടുന്നു ഒരു ചുംബനം ആവശ്യപ്പെട്ടിട്ടില്ല. ഞാൻ ചോദിക്കാതെ ഒരു ചുംബനം എ

നിക്കു നൽകിയിട്ടുമില്ല. അവിടത്തെ ചുംബനംചെയ്യേണ്ടതു എന്റെ ആവശ്യമായിരുന്നു. ഒരു കാമലേഖനം അങ്ങു എഴുതിയിട്ടില്ല. അവിടുന്നു ഉത്തരങ്ങൾ പറഞ്ഞിട്ടുള്ളതല്ലാതെ ചോദ്യങ്ങൾ ചോദിച്ചിട്ടില്ലില്ല. 'എന്നെ നീ സ്നേഹിക്കുന്നോ? എന്നുപോലും ചോദിച്ചിട്ടില്ല. പക്ഷേ അവിടത്തെ കടാക്ഷങ്ങൾ എന്നെ ക്ഷണിക്കുന്നതായി എനിക്കു തോന്നി. അങ്ങനെ എനിക്കു തോന്നണമെന്നു അങ്ങ് ഉദ്ദേശിച്ചു. ആ കടാക്ഷങ്ങൾ എന്നെക്കുറിച്ചുള്ള ആവേശംകൊണ്ടു ഭരിതങ്ങളാണെന്നു ഞാൻ ധരിച്ചു; എന്നെ ധരിപ്പിച്ചു. ചുരുക്കത്തിൽ ആ ഇടപാടിൽ ആവശ്യക്കാരി ഞാനായിരുന്നു. ഒന്നും പറയാതെ, ഒന്നും ചെയ്യാതെ അങ്ങ് ഒരു പദ്ധതിയിൽ ഉറച്ചുനിന്നു. എന്തെല്ലാം ഞാൻ ചെയ്യണമെന്നു ആഗ്രഹിച്ചുവോ അതെല്ലാം ഞാൻ ചെയ്തു. അങ്ങയുടെ ആഗ്രഹങ്ങൾ പ്രകടിപ്പിച്ചുമില്ല. വേണ്ടിവന്നാൽ അവിടത്തേയ്ക്കു കൈമലത്താമായിരുന്നു. ഞാൻ പറഞ്ഞോ എന്നു ചോദിക്കാമായിരുന്നു. അങ്ങനെ അവിടുന്നു സംഗതികൾ കൈകാര്യംചെയ്തു. അങ്ങ് ഓമനേ എന്ന് എന്നെ മനസ്സറിഞ്ഞു വിളിച്ചിട്ടില്ല. പക്ഷേ വിളിക്കണമെന്നു തോന്നുമ്പോൾ എന്നെക്കൊണ്ടു പറയിക്കും 'ഓമനേ എന്ന് എന്നെ വിളിക്കയില്ലേ' എന്ന്. അപ്പോൾ എന്റെ ആശ സാധിക്കാനെന്നപോലെ വിളിക്കും.

ആ ഇടപാടിൽ അവിടത്തെ ബുദ്ധി പ്രവർത്തിച്ചു; ഹൃദയമല്ല. പ്രണയപ്രബന്ധത്തിൽ കണക്കുകൂട്ട്'. അവിടത്തെ പരിരംഭണങ്ങൾക്കുകൂടി സമയക്ലിപ്തം ഉണ്ടായിരുന്നു.

എന്നാൽ ആ അനുഭവങ്ങളെല്ലാം എനിക്കു സ്തോഭജനകങ്ങളായിരുന്നു. ഞാൻ വളരെയേറെ ആനന്ദിച്ചു. ആ ചുംബനങ്ങളുടെ വികാരതീക്ഷ്ണത ഭാര്യയായതിനു ശേഷം എനിക്കനുഭവപ്പെട്ടിട്ടില്ല. ഞാൻ തന്നെ നിശ്ചയിച്ച ആ സങ്കേതങ്ങളിലെപ്പോലെ രസംപിടിച്ച സംസാരം പിന്നീടുണ്ടായിട്ടില്ല. ഞാൻ ഒരുങ്ങിച്ചമഞ്ഞു നടന്നു. എനിക്കന്നു നവമായ ചൈതന്യമുണ്ടായിരുന്നു; എനിക്കന്നു ചിരിയും കളിയുമുണ്ടായിരുന്നു.

എന്തിനായി അങ്ങ് എന്നെ കാമുകിചമയിച്ചു? കാമുകിയാകാതെ ഞാൻ ഭാര്യയാകുമായിരുന്നില്ലേ? അങ്ങ് ആ കാലത്ത് എന്നെ പരീക്ഷിക്കുകയായിരുന്നോ? അങ്ങയുടെ ആദ്യഭാര്യ ഒരു രസികത്തി ആയിരുന്നതായി അവിടുന്നു പറഞ്ഞിട്ടുണ്ട്. ആ സ്ഥിതിക്കു അങ്ങു രസികത്വത്തിന്റെ പിന്നാലെ പോയി എന്നും എനിക്കു തോന്നുന്നില്ല. പോകട്ടെ, അതെന്തുമാകട്ടെ, ഞാൻ അന്ന് ആനന്ദമെന്തെന്നറിഞ്ഞു.

അങ്ങയെ സ്ഥലംമാററി ഉത്തരവുവന്ന ദിവസം ഞാൻ ഓർക്കുന്നു. അന്ന് വിവാഹാനന്തരം അഞ്ചുദിവസം കഴിഞ്ഞിരുന്നില്ല. ഞാൻ എന്തുമാത്രം ആ ഉത്തരവിനെ ശപിച്ചു. അവിടുന്ന് ഉദ്യോഗംതന്നെയും രാജിവച്ചേക്കുമെന്ന് ആദ്യം ഞാൻ പേടിച്ചു. അപ്പോൾ അവധിയെടുത്താൽ മതിയെന്നു ഉപദേശിക്കണമെന്നാണ് എനിക്കു തോന്നിയത്. സ്ഥലംമാററം റദ്ദ്ചെയ്യിക്കാൻ ശ്രമിച്ചാലെന്തെന്ന് ചോദിക്കണമെന്നു എനിക്കുണ്ടായിരുന്നു. പക്ഷേ അന്ന് അവിടുന്നു എങ്ങിനെ പെരുമാറി എന്ന് എനിക്കറിയാം. ആ വേർപാടു ഒരു അസുഖമായി അവിടത്തേക്കു തോന്നിയതേയില്ല എന്നു എനിക്കിപ്പോൾ തോന്നുന്നു. ആ രാത്രിയിൽതന്നെ ഞാൻ പറഞ്ഞു, അല്ല; എന്നെക്കൊണ്ടു പറയിച്ചു അവിടുന്നു ജോലിസ്ഥലത്തുപോയി ചാർജ്ജെടുക്കണമെന്ന്. പക്ഷേ അങ്ങുപറയിച്ചു എന്നു തെളിയിക്കാൻ ആവശ്യപ്പെട്ടാൽ ഞാൻ കുഴയും. എന്റെ മനസ്സിനെ അ

ങ്ങിനെ സ്വാധീനംചെയ്തു് അവിടന്നു പരു
വപ്പെടുത്തി.

അവിടത്തെ എഴുത്തുകൾ എല്ലാം എ
ൻെറ കൈവശമുണ്ടു്. ഞാൻ അവ വാ
യിക്കുന്നുണ്ടു്. വികാരശ്ശൂന്യങ്ങളായ ആ
കത്തുകൾ ബുദ്ധിയുടേയും യുക്തിയുടേയും
കേളീരംഗമാണു്. അകന്നിരിക്കുകയാൽ
അങ്ങു ദുഃഖിക്കുന്നെന്നു അവ വായിച്ചാൽ
തോന്നിപ്പോകും. എന്നെക്കുറിച്ചു വളരെ
താല്പര്യമുണ്ടെന്നും ധരിച്ചേക്കാം. അന്നു്
അങ്ങിനെയൊക്കെ തോന്നിയെങ്കിലും. ആ
വേശപൂർണ്ണങ്ങളെന്നു എനിക്കു തോന്നിയെ
ങ്കിലും ഏതോ ചില കുറവുകൾ അനുഭവ
പ്പെട്ടിരുന്നുഎന്നു പറഞ്ഞുകൊള്ളട്ടെ. ആ
കുറവുകൾ എന്തെന്നു് എനിക്കു് ഇന്നറി
യാം. ദൂരദിക്കിൽ താമസിക്കുന്ന ഭർത്താവി
നെക്കുറിച്ചു ഭാര്യയ്ക്കു വലിയ ഉൽകണ്ഠയാ
ണു്. മറെറാരുവളെ സ്മരിക്കുന്നുപോലുമി
ല്ലെന്നു് ഓരോ എഴുത്തിലും ഭർത്താവു അഞ്ചു
പ്രാവശ്യംവീതമെങ്കിലും ശപഥം ചെയ്യു
ണം. അയാൾക്കു സംതൃപ്തിനൽകാൻ അ
വൾക്കേകഴിയൂഎന്നു സമ്മതിക്കണം. അ
ങ്ങിനെയൊന്നുംതന്നെ അതിലില്ലായിരുന്നു.
നേരേമറിച്ചു് അവിടന്നു് എന്നെക്കൊണ്ടു
ആയിരം പ്രതിജ്ഞകൾ ചെയ്യിച്ചു. അ
ങ്ങു് ആവശ്യപ്പെട്ടു എന്നു പറയാൻ വയ്യ.
പക്ഷേ ഞാൻ ചെയ്തു. ഒരിക്കൽ, ആ എ
ഴുത്തുകൾ ഒന്നും എന്നെ തൃപ്തിപ്പെടുത്താ
ഞ്ഞിട്ടു്, ഇങ്ങോട്ടയയ്ക്കേണ്ട ഒരു എഴുത്തി
ൻെറ മാതൃക ഞാൻ എഴുതിഅയച്ചു. അ
വിടന്നു് ഓർക്കുന്നുണ്ടോ? ഒരു നവവധുവിനു
അത്തരം സംബോധനകളും കഥയില്ലാത്ത
കാമലേഖനങ്ങളും ആവശ്യമാണു്.

അങ്ങു മാസംതോറും ആ ക്ലിപ്തതീയതി
ഒരു ക്ലിപ്തമായ തുക കണിശമായി അയച്ചു
കൊണ്ടിരുന്നു. ഒരു മാസത്തേക്കു ഇത്ര
എണ്ണ, ഇത്രസോപ്പു്, ആണ്ടിൽ ഇത്ര പു
ടക എന്നെല്ലാം കണക്കാക്കിയിരുന്നു. ആ
കണക്കു അങ്ങു പാലിച്ചു. ഒരു നവവധു
വിനു അതൊന്നും പിടിക്കുകയില്ല. ഓരോ
മാസത്തിലും ആ തീയതി ഉദിച്ചാൽ മണി
യാർഡർ ഉണ്ടു്. അതെന്തു വിരസമാണു്!
അങ്ങിനെയൊന്നുമല്ല അവൾക്കു വേണ്ടതു്.
ഒരുമാസം മുഴുവൻ മണിയാർഡർ കാത്തി
രുന്നു മുഷിയണം. ഭർത്താവു് 'ഓമനേ'
എന്നെല്ലാംവിളിച്ചു് പ്രാരബ്ധങ്ങൾപറ
ഞ്ഞു്, ദുഃഖത്തിൽ പങ്കുകൊള്ളേണ്ടതു കട
മയാണെന്നു ധൈര്യംകൊടുത്തു് എഴുത
ണം. അവളോടു ഒരു അപരാധം ചെയ്തു
എന്നു ഭാവിക്കണം. അങ്ങിനെയിരിക്കു
മ്പോൾ മണിയാർഡർ കിട്ടണം. ഒരു പു
ടക സൂക്ഷ്മക്കുറവുമൂലം കത്തിക്കീറിപ്പോ
യാൽ അവളെ ശാസിക്കാം. പക്ഷേ വേ
റൊന്നു വാങ്ങിക്കൊടുക്കണം. അവൾക്കെ
ത്ര പുടക ഉണ്ടെന്നു് അയാൾക്കറിഞ്ഞുകൂ
ടായിരിക്കണം. അങ്ങിനെയൊക്കെയാണു്.

ഞാൻ പറയുവാൻ പോകുന്നതെല്ലാം അ
വിടന്നു വിശ്വസിക്കണമെന്നപേക്ഷ. എ
നിക്കിനി കള്ളംപറഞ്ഞിട്ടാവശ്യമില്ല. വി
ശ്വസിക്കുന്നതുകൊണ്ടു അവിടത്തേക്കു
ദോഷം വരാനുമില്ല. ആ സ്മരണീയമായ
രാത്രിവരെ ഞാൻ തെററുകാരിയല്ല. ഞാൻ
ചെറുത്തുനില്ക്കുകതന്നെ ചെയ്തു. ഞാൻ
ആ പുരുഷനെ ആട്ടിപ്പായിച്ചിട്ടേയുള്ളു.
അയാളെ കാണാതിരിക്കാൻ വളരെ ശ്രമി
ച്ചിട്ടുണ്ടു്. എന്നെ ഇളക്കുവാൻ വളരെ
നാൾ അയാൾക്കു കഴിഞ്ഞില്ല. അയാൾ
ഏതു വാതിൽ തുറക്കപ്പെട്ടുമെന്നറിയാൻ മു
ട്ടിമുട്ടി നടന്നു. അവസാനം ദുർബ്ബലസ്ഥാ
നത്തുമുട്ടി. ആ കഥ ഞാൻ വിവരിക്കാം.

ഒരുദിവസം ഞാൻ എന്തുകൊണ്ടോ എ
ന്തോ, അയാളുടെ അപേക്ഷകൾ കേട്ടുകൊ
ണ്ടിരുന്നുപോയി. ഞാൻ തോററതു് അ
ന്നാണു്. അന്നയാൾ പറഞ്ഞതു് കേൾ
ക്കാതിരുന്നെങ്കിൽ—ജീവിതം ഇങ്ങിനെ
യൊന്നും തിരികയില്ലായിരുന്നു. ഒരുവൻ

അങ്ങിനെ കരഞ്ഞുകൊണ്ടു് അത്ഥിക്കുന്ന തു്, ആരാധിക്കുന്നതു് ഒരു രസമായിരുന്നു. ഞാൻഅയാളെ ചീത്ത പറഞ്ഞിട്ടുണ്ടു്; അപമാനിച്ചിട്ടുണ്ടു്. എല്ലാം സഹിച്ചു. എൻെറ സ്ത്രീത്വം കിക്കിളിയായി. ഞാൻ പ്രശംസിക്കപ്പെട്ടവളായി.

അയാഠം എൻെറ കാൽക്കൽവീണു് ആയിരം പ്രതിജ്ഞകഠംചെയ്തു. സങ്കേതങ്ങഠം നിശ്ചയിച്ചു് നേരംവെളുക്കുവോളം മഞ്ഞുകൊണ്ടു വൃഥാ കാത്തിരുന്നു. പിറേറന്നു ക്ഷീണിച്ചുവരും. ഞാൻ രസിച്ചു ചിരിച്ചു പോയി. മറെറാന്നുംവേണ്ട എന്നെ ഒന്നു സ്പശിച്ചാൽമതിയത്രേ! അങ്ങിനെയങ്ങിനെ അയാളുടെ സാഹചര്യം ഞാൻ ഇഷ്ടപ്പെടാൻതുടങ്ങി. പക്ഷെ അയാഠം അത്ഥിച്ചതു ഞാൻ നൽകിയില്ല.

ആ രാത്രിയിൽ എല്ലാററിനും സാക്ഷിയായി ആറുമണിക്കൂർ കാത്തിരിക്കുവാൻ അങ്ങേയ്ക്കു എങ്ങിനെകഴിഞ്ഞു? അന്നു് ആ വസ്തുത എനിക്കു ചിന്താവിഷയമായില്ല. കാലംകഴിയുന്തോറും അതു് ഒരു മഹാപ്രശ്നമായി വളരുന്നു. ഒരു പുരുഷൻ, അയാളുടെ ഭായ്യ രാത്രിയിൽ മറെറാരു പുരുഷനുമായി സംസാരിക്കുന്നതു ഒളിച്ചിരുന്നു കേട്ടുകൊണ്ടിരിക്കുക! അതും ആ പരപുരുഷൻ പ്രണയപ്രാത്ഥനചെയ്യുന്നതു്!! അതു് അസ്വാഭാവികമല്ലെ? ഭത്താവിൻെറ ക്ഷമ ആറുമണിക്കൂർ നീണ്ടുനില്ക്കുമൊ? ഭായ്യാഭത്തൃബന്ധമെന്നുള്ളതു ഇത്രയേയുള്ളൊ? ഒരു വിശേഷംകൂടിയുണ്ടു്. നാംതമ്മിൽ വികാരവിവശമായ ഒരു പ്രണയകഥയ്ക്കുശേഷമാണു വിവാഹബന്ധത്തിലേപ്പെട്ടതു്. അവിടന്നു ഒരു പ്രശ്നമാണെന്നു ഞാൻ പറയുന്നെങ്കിൽ അതിൽ അത്ഭുതപ്പെടാനുണ്ടോ?

ആ രാത്രിയിൽ ആ പുരുഷനും ഞാനും തമ്മിലുണ്ടായതെല്ലാം ഞാൻ ഓക്കുന്നു.

ഒരു സ്ത്രീയെ ഒരു ഭയങ്കരപരീക്ഷണത്തിൽ അവിടന്നുകൊണ്ടുചാടിച്ചു; എന്നിട്ടു ആ അഗ്നിപരീക്ഷ നോക്കിക്കൊണ്ടിരുന്നു. സ്ത്രീ ദുർബലയാണു്; ചപലയാണു്. ആറുമണിക്കൂറുംമററും അവഠംക്കു എതിത്തുനില്ക്കാൻ കഴിവില്ല. അവഠംക്കു ഒന്നിനെത്തന്നെ അല്പനേരം ഉററുനോക്കിനിന്നാൽ അതുമായി പററിപ്പിടിച്ചുപോകും. അവഠം സ്തുതിക്കപ്പെട്ടാൽ, അവളുടെ അനുകമ്പയിൽ സ്പശിച്ചാൽ, അവളുടെ സ്ഥൈയ്യംതീന്നു. ഒരുവൻ ജീവിതത്തെ മുഴുവൻ വാഗ്ദാനംചെയ്താൽ, വാഴ്ത്തിയാൽ, മുമ്പിൽ മുട്ടുകുത്തിയാൽ, കരഞ്ഞാൽ—ഒരുവളുടെ ചെവി ആ ആവലാധികഠം കേട്ടുപോകും. പക്ഷേ അസ്വസ്ഥയായി അവിടെയൊക്കെ ഓടിനടന്നു. എന്നെ രക്ഷിക്കാൻ അവിടെ ഒന്നുമുണ്ടായിരുന്നില്ല. ആരെങ്കിലും അവിടെ വന്നിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചു. എങ്കിൽ അയാഠം പോകുമായിരുന്നു. പെട്ടന്നു സൂയ്യൻ ഉദിച്ചെങ്കിൽ! എന്നാൽ എനിക്കു കരയാൻ തോന്നിയില്ല. എനിക്കു അയാഠം പറയുന്നതു കേഠംക്കാൻ ഭയമായിരുന്നു. കേട്ടുപോയാൽ അതൊരു തെററായിരിക്കും. അയാഠം എന്നെ ഭീഷണിപ്പെടുത്തിയില്ല; കനകാഭിഷേകംചെയ്യാമെന്നു പറഞ്ഞില്ല. അയാഠം പാവമാണെന്നു സമ്മതിച്ചു. എന്നെ എന്നെന്നും സ്നേഹിക്കാമെന്നു വിശുദ്ധമായ എല്ലാററിനേയുംകൊണ്ടു സത്യം ചെയ്തു. മറെറാരാഠംക്കു ആ ഹൃദയത്തിൽ സ്ഥാനമില്ല. എന്നെ അയാഠംക്കു തൃപ്തിപ്പെടുത്താൻ കഴിവില്ലെങ്കിലും എന്നെന്നും വിശ്വസ്തനായ ദാസനായിരിക്കും. ഓടിനടക്കുന്ന എൻെറമുമ്പിൽ അയാഠം മുട്ടുകുത്തി. എൻെറ കരംപിടിച്ചു ഞാൻ സമ്മതിക്കാതെ ചുംബിച്ചു. അപ്പോഠം ഞാൻ അയാളെ ആട്ടി; കേഠംക്കാൻവയ്യാത്ത ചീത്തവാക്കുകഠം പറഞ്ഞു.

തന്റെ ഭാര്യയെ മറ്റൊരുവൻ അലട്ടുന്നതു എങ്ങിനെ അങ്ങേയ്ക്കു കണ്ടുകൊണ്ടിരിക്കാൻകഴിഞ്ഞു? അങ്ങയുടെസ്ഥാനത്തു മറ്റൊരാളായിരുന്നുവെങ്കിൽ ചാടി വെട്ടുത്തുവന്നു്—അവിടെ കൊലപാതകംനടക്കുമായിരുന്നു. അപ്പോൾ അങ്ങു പ്രത്യക്ഷപ്പെട്ടിരുന്നെങ്കിൽ നാം ഇങ്ങിനെ പിരിയേണ്ടിവരുമായിരുന്നില്ല. എന്നെ കോരിഎടുത്തു വികാരമധുരമായ ഒരു ചുംബനംനൽകുവാൻ കഴിയുമായിരുന്ന ഒരു സുവർണ്ണാവസരമായിരുന്നതു്. പക്ഷെ എനിക്കു മനസ്സിലാകുന്നു. വികാരമധുരമായി ചുംബിക്കാൻ കഴിയുന്നവനു് ആറുമണിക്കൂർ സാക്ഷിയായിരിക്കാൻ സാദ്ധ്യമല്ല. അവൻ എതിരാളിയെ തകർക്കും. അവിടന്നു് ഒരു കല്ലോ മരമോ ആണു്.

വീണ്ടും ആ പുരുഷൻ പ്രാർത്ഥിച്ചു. മനസ്സറിയാതെ ഉത്തരങ്ങൾപറഞ്ഞുപോയി. ആത്മാർത്ഥതയുടെ പിന്നാലെ വഴുതി. അങ്ങിനെപോയി.

“എന്നെ സ്നേഹിക്കുമോ?” ഞാൻ അറിയാതെ ചോദിച്ചതാണു്. രണ്ടാമതും അയാൾ എന്റെ കരംഗ്രഹിച്ചപ്പോൾ എനിക്കു കൈവലിക്കാൻ സാധിച്ചില്ല. ഞാൻ പറഞ്ഞു.

“എന്റെ ഭർത്താവറിഞ്ഞാൽ...”

അയാൾ ഒന്നും മിണ്ടിയില്ല. തേങ്ങിത്തേങ്ങി ഒരു കരച്ചിലായിരുന്നു മറുപടി. എന്റെ ഭർത്താവിനെ ഒരിക്കലും അയാൾ അധിക്ഷേപിച്ചില്ല. അയാൾ പറഞ്ഞു.

“എന്റെ ദേവി! ഞാൻ ഭാഗ്യഹീനനാണു്.”

ഞാൻ അങ്ങോട്ടു ചോദ്യംതുടങ്ങി.

“എന്തുകൊണ്ടു്?”

“ഭവതി വിവാഹിതയാണു്.”

“അതുകൊണ്ടു്?”

“എന്റെ ഹൃദയം അസ്ഥാനത്താണു പതിച്ചതു്.”

അതിനു ഞാൻപറഞ്ഞമറുപടി ഇപ്പോഴും എന്റെ ചെവികളിൽ മുഴങ്ങുന്നു. അങ്ങേയ്ക്കും അതു മറക്കാൻ സാധ്യമല്ല.

“ഓ! അദ്ദേഹം അറിയുകയില്ല”

എന്നിട്ടും ആ മനുഷ്യൻ അതിനു ലംഘിച്ചില്ല. അടുത്ത നിമിഷം ഞാൻ ബോധവതിയായി. അയാളെ യുക്തിവാദം കൊണ്ടു മടുപ്പിക്കാൻ ശ്രമിച്ചു. അതു ശരിയല്ല, എന്റെ ഭർത്താവിനെ ഞാൻ സ്നേഹിക്കുന്നു, അദ്ദേഹത്തെ വഞ്ചിക്കുന്നതു ശരിയല്ല എന്നെല്ലാം പറഞ്ഞു. ആ ന്യായവാദമെല്ലാം ആ മനുഷ്യൻ സമ്മതിച്ചു. പക്ഷെ എന്റെ യുക്തികൾതന്നെ എന്നെ അപഥത്തിലേക്കു നയിച്ചു. എന്റെ ന്യായവാദങ്ങൾ ഉപസംഹരിച്ചതു ഞാൻ ഓർക്കുന്നു.

“നിങ്ങളെ ഞാൻ മറക്കുകയില്ല. എന്നും ഈ സ്നേഹം ഓർക്കാം. എന്നെ ഉപദ്രവിക്കാതെ എന്നെ സ്നേഹിച്ചു്—” ഇങ്ങിനെ പോയി ആ വാചകം. എന്നെ ആരാധിച്ചുകൊണ്ടു ജീവിതംപോക്കിക്കൊള്ളാമെന്നു അയാൾ സമ്മതിച്ചു.

അയാൾ അവസാനമായ ഒരു പ്രാർത്ഥന ചെയ്തു. മറ്റൊന്നും ആവശ്യപ്പെടുകയില്ല. ഈ പ്രാർത്ഥനതന്നെയും ആവർത്തിക്കുകയില്ല. ഒരു ചുംബനം മതി. ഞാൻ നിശ്ശബ്ദമായി നിന്നു. ആ പ്രാർത്ഥന എനിക്കു നിഷേധിക്കുവാൻ കഴിഞ്ഞില്ല. അനുവാദത്തെ പ്രതീക്ഷിച്ചു് അയാൾ നിന്നു. അപ്പോഴാണു ഞാൻ ചെടികൾക്കിടയിൽ ഒരു നിഴൽപാടു കണ്ടതും അവിടന്നു പ്രത്യക്ഷപ്പെട്ടു അയാളോടു കുശലപ്രശ്നം ആരംഭിച്ചതും. അപ്പോൾ ഞാൻ അങ്ങയെ കണ്ടിരുന്നില്ലെങ്കിൽ ഒരുപക്ഷേ അയാൾ എന്നെ ചുംബിക്കുമായിരുന്നു. അങ്ങിനെ ഒരു ചുവടുകൂടി വഴുതി, പിന്നൊ

നുകൂടി, അങ്ങിനെ ശയ്യാഗാരത്തിനുള്ളോളം ഞാൻ വഴുതിപ്പോകുമായിരുന്നു. ആരതു എന്നു ഞാൻ ചോദിച്ചില്ലെങ്കിൽ അവയെല്ലാററിനും അവിടന്നു സാക്ഷിയാകുകയും ചെയ്യുമായിരുന്നു.

അങ്ങു് എന്നെ പരീക്ഷിക്കുകയായിരുന്നോ? മനഃപൂർവ്വം ചതിക്കുകയായിരുന്നോ? എന്നെ ഉപേക്ഷിക്കണമെന്നുകരുതിയിരിക്കെ, അതിനു ഒരു അവസരമായി അങ്ങു് അതു ഉപയോഗപ്പെടുത്തുക ആയിരുന്നോ? എൻെറ പുതുമ നശിച്ചിരുന്നില്ല. എന്നെ വേണ്ടാതാകുവാൻ കാലമായിരുന്നില്ല. യാന്ത്രികമായ അവിടത്തെ ജീവിതത്തിൻെറ ഉരുൾച്ചയിൽ സംഭവിച്ചതായിരിക്കണം. ആദ്യംമുതൽതന്നെ ആ സംഭവത്തിൻെറ വികാസം ബുദ്ധിപരമായ ഒരു നിരീക്ഷണത്തിനു വിധേയമാകുകയായിരുന്നു. അങ്ങിനെയേ അവിടത്തേക്കു കഴിയൂ. ഇങ്ങിനെ അസ്വാഭാവികമെന്നു തോന്നാവുന്ന പലതും അവിടത്തെ ജീവിതത്തിൽ സംഭവിക്കും.

ഭാര്യയെ രക്ഷിക്കുകയും അവൾ വഴുതാതെ സൂക്ഷിക്കുകയും ചെയ്യേണ്ടതായ ഭാരം ഭർത്താവിനുണ്ടു്. അവൾ ഒരു മനുഷ്യസ്ത്രീയാണു്; അയാളുടെ കണക്കിനു ഓടുന്ന ഒരു യന്ത്രമല്ല. ഭാര്യ മറെറാരുവൻെറ കൈകളിലേക്കു വഴുതുന്നതു നോക്കിനിന്നു ഒരു ശാസ്ത്രജ്ഞനെപ്പോലെ അതു മനസ്സിലാക്കാൻ ശ്രമിക്കുന്ന ഭർത്താവു തോററുപോകും. അവിടന്നു് പടിക്കലെത്തിയപ്പോൾ ഒന്നു ചുംബിച്ചിരുന്നെങ്കിൽ—പോകട്ടെ, അവിടത്തേക്കു കഴിയാത്തതാണതു്. ഒളിഞ്ഞിരുന്നു കണ്ടുപിടിക്കാനല്ലാതെ തടയാൻ അങ്ങേക്കുകഴിവില്ല. അവിടത്തെ മൂന്നാം വിവാഹവും പരാജയത്തിൽ കലാശിച്ചതിൽ അത്ഭുതത്തിനു അവകാശമില്ല.

പക്ഷേ അങ്ങയുടെ ജീവിതവുമായി ബന്ധപ്പെട്ട യാതൊരു സ്ത്രീക്കും അങ്ങയെ മറക്കാൻ സാദ്ധ്യമല്ല. ആ ഒരു ശക്തിവിശേഷം അങ്ങയ്ക്കുണ്ടു്. അവൾക്കു് പിന്നീട്ടു എത്രപുരുഷന്മാരുമായി വേഴ്ച ഉണ്ടായിക്കൊള്ളട്ടെ, അവിടന്നുമായി കഴിച്ചനാളുകൾ ഓർത്തുപോകും. സ്ത്രീക്കു ആവശ്യമായ പലതും നൽകുവാൻ അവിടത്തേക്കു കഴിയും. അവൾ അടിമയായി പോകും. സ്ത്രീയുടെ ഏതൊന്നിനെ തൃപ്തിപ്പെടുത്താൻ അങ്ങേയ്ക്കു കഴിയുന്നുവോ അതിനെ മാത്രാ തൃപ്തിപ്പെടുത്താനുള്ള ബാദ്ധ്യതയേ പുരുഷനുള്ളുഎന്ന അങ്ങയുടെ ധാരണയായിരിക്കാം അങ്ങയുടെകുറവു്. മറെറാരുവൻ ഭാര്യയെ ചുംബിക്കാൻ ആയുന്നതു് നോക്കിനില്ക്കാൻ കഴിയുന്ന അങ്ങു്, സ്ത്രീയുടെ കാമവികാരത്തെ തൃപ്തിപ്പെടുത്താൻ കഴിയുന്നവനായിരിക്കും. അതാണു് അവിടന്നു പഠിച്ചതു്. ആ ഒരു തൃപ്തിമതി അവൾക്കു എന്നു ധരിച്ചു. അതിനു പഠിച്ചു. ആ പാഠമാണു് ജീവിതത്തിലെ കണക്കു കൂട്ടൽ. അങ്ങയുടെ മററു രണ്ടു ഭാര്യമാക്കും ഇങ്ങിനെ ഓരോ എഴുത്തെഴുതുവാൻ കാണും. ഓരോ രാത്രികളും അവർ ഓക്കുന്നുമുണ്ടാവും.

ഇനി ഞാൻ എൻെറ രണ്ടാമത്തെ ഭർത്താവിനെ കുറിച്ചുകൂടി അല്പമൊന്നു പറഞ്ഞുകൊള്ളട്ടെ. അന്നു് അവിടന്നു് എൻെറ കൈപിടിച്ചു് ആ മനുഷ്യൻെറ കൈയ്യിൽ വച്ചുകൊടുത്തതല്ലോ. അദ്ദേഹം ആ പിടി ജീവാവസാനം വരെ അയച്ചില്ല. സാധുമനുഷ്യൻ! അവസാനകാലംവരെ എന്നെ ആരാധിച്ചു എൻെറ അഭീഷ്ടങ്ങൾക്കുവേണ്ടി ജീവിതം ഉഴിഞ്ഞു വച്ചു. മറെറാന്നിനെക്കുറിച്ചു ചിന്തിച്ചിട്ടു കൂടിയില്ല. എന്നെ നോക്കിയിരുന്നു് ആനന്ദിക്കും. എനിക്കെന്തുവേണമെന്നറിയാൻ അങ്ങിനെ കാത്തിരിക്കുകയാണു് അദ്ദേഹത്തിൻെറ ജോലി.

എനിക്കു ആ ജീവിതം ചെടിച്ചു. പാൽ പായസം എന്നും കുടിച്ചാലോ? ഇടയ്ക്കു് ഒരെരിവും പുളിവും കയ്പും ഒക്കെ വേണം. കേവലം അപൂൎണ്ണനായ ഒരു ഭൎത്താവായിരുന്നു അദ്ദേഹം. ഒരു സ്ത്രീക്കു അങ്ങിനെ ഒരുഭൎത്താവിനെ ലഭിക്കുന്നതു് ദുഃഖമാണു്. അവളെ ഭരിക്കുന്നവനായിരിക്കണം ഭൎത്താവു്. ഭരിക്കപ്പെടുന്നതാണു് അവളുടെ ആവശ്യം. പക്ഷേ അവൾ ഭൎത്താവിനെ ഭരിക്കുന്നതായി ഭാവിക്കും. അതൊരു ഭാവന മാത്രമാണു്. അവളെ ആരാധിക്കണം; എന്നിട്ട് അപ്രതീക്ഷിതമായി നിലത്തിട്ടു ചവിട്ടിത്തുക്കണം. സ്നേഹിക്കണം. ദ്വേഷിക്കേണ്ടതും ആവശ്യമാണു്. ചാട്ടവാക്കുകൾ അത്യാവശ്യമാണു്. എന്നാൽ ചീത്തപറയുകയും വേണം. അവളുടെ തന്നിഷ്ടങ്ങൾ വകവച്ചുകൊടുക്കുന്നതായി ഭാവിച്ചിട്ടു നിയന്ത്രിക്കണം. താലോലിക്കുകയും തല്ലുകയും വേണം. അവളിൽ ആവേശഭരിതനെന്ന ബോദ്ധ്യം വന്നിരിക്കുമ്പോൾ മറ്റൊരുവളെ നോക്കണം. ഇങ്ങിനെയൊക്കെയാണു വേണ്ടതു്.

ആ സാധുമനുഷ്യനെ ഞാനിട്ടു കുരങ്ങുകളിപ്പിച്ചു. എനിക്കു പുഛമായിരുന്നു എന്നു തോന്നുന്നു. പക്ഷേ അദ്ദേഹം എന്റെ ഭൎത്താവായിരുന്നു.

എന്റെ ഈ കത്തു് ഒരുപക്ഷേ അങ്ങു വായിച്ചു ചിരിച്ചേക്കും. എന്നാൽ ഈ എഴുത്തിലെ കാൎയ്യങ്ങളിൽ അങ്ങയുടെ ചിന്ത ചെല്ലുത്തുമെന്നു വിശ്വസിക്കുന്നു. മറുപടി അയയ്ക്കുമല്ലോ.

---

പുല്ലുകൾ കൈചൂണ്ടി! ഞാൻ നോക്കി. ശൂന്യമായ ആകാശം! അവ ചോദിച്ചു:-'നിന്റെ നിത്യങ്ങളായ താരകങ്ങളെവിടെ?

ഞാൻ എന്തുപറയും? എന്റെ വീരവാദമെല്ലാം അസ്തമിച്ചു. നിത്യതയുടെ വിജയമുദ്രപതിച്ചതാരങ്ങൾ! ക്ഷണികതയുടെ പരിഹാസച്ചുമട്ടുവഹിച്ച പുല്ലുകൾ! എന്റെ വിവേകം; ഇരുളിന്റെ ഉടൽപിറപ്പായ വിവേകം: അതെന്നെപ്പറിച്ചെറിഞ്ഞുകളഞ്ഞു!

ഞാൻ, അസ്വാസ്ഥതയുടെ ആഴത്തിലേയ്ക്കുന്നിറങ്ങി!

× × × ×

ഇരുളാഴിയിലാണ്ടുപോയ ജഗച്ചക്ഷുസ്സ്, പ്രഭാതത്തിന്റെ മുഖകമലത്തിൽ വീണ്ടും പ്രകാശിച്ചു!

താരകച്ചെപ്പുകളിൽ നിത്യപ്രകാശം നിറച്ചുവച്ച അന്ധകാരമാകുന്ന അജ്ഞാനം ശൂന്യതയിലേക്കു പോയി! പുല്ലുകൾ ചുമലിലേന്തിയ പളുങ്കുകുടങ്ങളിൽ നിത്യപ്രഭ നിറയെച്ചൊരിഞ്ഞുകൊടുത്ത പ്രഭാതം മിഴിച്ചുനിൽക്കെ, ആ നിറകുടങ്ങളെ അവ ശൂന്യതയിലേക്കു വലിച്ചെറിഞ്ഞു!

* * * *

# പൂജാരി.

( വിക്ടർ യൂഗോ )

## രംഗം I.

[ജയിലിലെ ആഫീസുമുറി. ഒരു കസേരയിൽ ജയിലർ ഇരിക്കുന്നു. മേശപ്പുറത്തു വളരെ കടലാസുകൾ വച്ചിരിക്കുന്നു. കസേരയുടെ ഇരുവശങ്ങളിലും രണ്ടു വാർഡർമാർ നില്ക്കുന്നു. മുമ്പിൽ ചില ജയിൽപ്പുള്ളികൾ ജയിൽവേഷത്തിൽ നില്ക്കുന്നു. ഒരു തടവുകാരൻ എല്ലാവരുടെയും പുരോഭാഗത്തു സ്ഥിതിചെയ്യുന്നു. അവൻെറ കയ്യിൽ തൻെറ പഴയ വസ്ത്രങ്ങളുടെ ഒരു പൊതിക്കെട്ടിരിക്കുന്നു. ]

ജയിലർ—പുള്ളി! ഇന്നു നിങ്ങളുടെ ശിക്ഷ പൂർത്തിയായിരിക്കുന്നു.

പുള്ളി—എങ്ങനെ? നാലുമാസം ഇനിയും ബാക്കിയുണ്ടല്ലോ.

ജയി—നിങ്ങൾ ജയിലിൽ വളരെ മര്യാദയായി പെരുമാറിയിട്ടുണ്ട്. അതിനാൽ നിങ്ങളുടെ കാലാവധി നാലുമാസം കുറവു ചെയ്തിരിക്കുന്നു. ഇപ്പോൾ നിങ്ങൾക്കു വെളിയിൽ പോകാം.

പു—(സന്തോഷത്തോടുകൂടി) അഹാ! അങ്ങ് വളരെ ദയാലുതന്നെ. (അല്പം വിരമിച്ച്) എന്നാൽ, യജമാനനേ! ഞാൻ വെളിയിൽ പോകുകയില്ല.

ജ—എന്തുകൊണ്ട്?

പു—ഞാൻ പുറത്ത് എവിടെ പോകും? വെളിയിൽ എനിക്കാരുണ്ട്? ഞാൻ ജീവിതത്തിലെ പത്തുകൊല്ലം ഈ ജയിലിൽ തന്നെ കഴിച്ചിരിക്കുന്നു. ഇതുതന്നെയാണ് എൻെറ വീട്. ഞാൻ വെളിയിൽ താമസിക്കുവാൻ ആരനുവദിക്കും? ഞാൻ എവിടെ പാർക്കും?

ജ—നിങ്ങൾ ഇവിടെ താമസിക്കുവാൻ ആഗ്രഹിക്കുന്നതെന്ത്?

പു—ഞാൻ ബാഹ്യലോകത്തെ തീരെ മറന്നുകഴിഞ്ഞിരിക്കുന്നു. ജയിലിനു വെളിയിൽ വളരെ ചീത്തയാളുകളാണു താമസിക്കുന്നത്. അവിടെ ഇൻസ്പെക്ടർ, പോലീസുകാർ, മജിസ്ട്രേട്ട് എന്നിവർ സദാ സഞ്ചരിച്ചുകൊണ്ടിരിക്കയാണ്. അവരാരും എന്നെ വെളിയിൽ വസിക്കുവാൻ അനുവദിക്കയില്ല. ഞാൻ അവരെ വളരെ ഭയപ്പെടുന്നു. അവിടുന്ന് ദയവുണ്ടായി എന്നെ ഇവിടെത്തന്നെ താമസിക്കുവാൻ അനുവദിക്കണം. അതിനായി ഞാൻ താണുവീണപേക്ഷിക്കുന്നു.

ജ—ഇല്ല, ഇനി നിങ്ങൾക്കിവിടെ താമസിക്കാൻ സാദ്ധ്യമല്ല. അവധി പൂർത്തിയായാൽ യാതൊരു തടവുകാരനും ജയിലിനുള്ളിൽ വസിക്കുവാൻ പാടില്ല.

പു—അപ്പോൾ ഞാൻ വെളിയിൽപോകണമെന്നു നിർബന്ധംതന്നെ? രണ്ടു നാലു ദിവസംകൂടി ഇവിടെ താമസിക്കാൻ അനുവദിക്കയില്ലേ?

ജ—ഇല്ല, ഇതാ! വിടുതൽസർട്ടിഫിക്കറ്റ്. ഇനി നിങ്ങൾ ഒരു മിനിട്ടുപോലും ഇവിടെ നില്ക്കുവാൻ പാടില്ല.

പു—(മററു തടവുകാരുടെനേരേ തിരിഞ്ഞു്) സഹോദരന്മാരേ! ഞാനിതാ പോവുകയാണ്.

ഒരു തടവുകാരൻ—വീണ്ടും വേഗം വരികയില്ലേ?...

രണ്ടാമൻ—ഞങ്ങളെ മറന്നുകളകയില്ലല്ലോ?

മൂന്നാ—നോക്കൂ! പോലീസുകാരിൽനിന്നും രക്ഷപെട്ടു പാർത്തുകൊള്ളണം. അവർ വളരെ അന്യായം പ്രവർത്തിക്കുന്നവരാണു്. നിങ്ങളെ ഇനിയും പിടിച്ചുകളയും.

(ജയിലിൻെറ വലിയ വാതൽ തുറക്കുന്നു. പുള്ളി വെളിയിലേക്കു പോകുന്നു. വാതൽ വീണ്ടും പഴയപടി അടയുന്നു)

രംഗം II.

[ക്ഷേത്രത്തിൽനിന്നും സ്വല്പം അകലെയായി ഒരു പൂജാരിയുടെ വീടു്. വളരെ ചെറിയ ആ വീട്ടിനു് രണ്ടു മുറികളും ഒരു പാചകശാലയും. മുറി വളരെ വെടിപ്പുള്ളതു്. അതിൽ അത്യാവശ്യ സാധനങ്ങൾ മാത്രം അതാതു സ്ഥാനങ്ങളിൽ നിരത്തിയിരിക്കുന്നു. ഒരു മുറി ഉറങ്ങുന്നതിനും മറ്റൊന്നു് ഇരിക്കുന്നതിനും. ഇരിപ്പുമുറിയിൽ രണ്ടു പഴയ കസേരയും, ഒരു ജീർണ്ണിച്ച മേശയും കിടക്കുന്നു. മേശപ്പുറത്തു രണ്ടുമൂന്നു തടിച്ച പുസ്തകങ്ങളും പേനയും മഷിക്കുപ്പിയും വച്ചിരിക്കുന്നു. ഒരുവശത്തു ഭിത്തിയോടുചേൎന്നു് ഒരു അലമാര, അതിൽ ഒരു വെള്ളിത്തളികയും കുറെ പിച്ചളപ്പാത്രങ്ങളും ഇരിക്കുന്നു. ഗോദാവരി ഒരു പായിലിരുന്നു് തുണി തയ്ച്ചുകൊണ്ടിരിക്കുന്നു. പതിന്നാലു വയസ്സുള്ള മാധവൻ ഹൽവ തയ്യാർ ചെയ്തുകൊണ്ടിരിക്കുന്നു.]

ഗോദാവരി—എന്താ മാധവാ! ഹൽവ തയ്യാറായോ?

മാധ—ഇല്ല, തയാറായില്ല.

ഗോ—ഇല്ലേ? ഇതുവരെ നീ എന്തുചെയ്യുകയായിരുന്നു? തീ കത്തിച്ചോ?

മാ—അതേ, അമ്മാ! തീ കത്തിച്ചു.

ഗോ—കൊള്ളാം, വേഗമാകട്ടെ, പൂജാരി ഇപ്പോൾ വന്നേയ്ക്കും. എന്താണെന്നറിഞ്ഞുകൂടാ, ഇന്നു് അദ്ദേഹം ക്ഷേത്രത്തിൽനിന്നും മടങ്ങിവരുവാൻ വളരെ വൈകുന്നു.

മാ—അമ്മാ! പൂജാരി എൻെറ വീട്ടിൽ പോയിരിക്കയാണു്.

ഗോ—നിൻെറ വീട്ടിലോ? എന്തിനു്?

മാ—അമ്മയ്ക്കു സുഖമില്ല, അവരെ സന്ദർശിക്കുന്നതിനു്.

ഗോ—എടാ! നിൻെറ അമ്മ ചാവുകയില്ലേ? എപ്പോഴും രോഗം തന്നെ. ഭഗവാൻെറ ഭവനത്തിൽ അവൾക്കു സ്ഥലമില്ലേ? ഇതവളുടെ കബളിപ്പിക്കലാണെന്നു ഞാൻ മനസ്സിലാക്കുന്നു.

മാ—അല്ല, അമ്മേ! എൻെറ അമ്മ വാസ്തവത്തിൽ രോഗിണിയാണു്. അവൾക്കു പലദിവസങ്ങളായി പനി വന്നുകൊണ്ടിരിക്കുന്നു.

ഗോ—അതുകൊണ്ടു് പൂജാരി ഭക്ഷണം ഒന്നും കഴിക്കേണ്ടയോ? വീട്ടിൽ വരേണ്ടയോ? നിനക്കും കുറച്ചു ബുദ്ധിയൊക്കെ വേണം.

മാ—അമ്മേ! ഹൽവ തയ്യാറായി.

ഗോ—മിണ്ടാതെ, നീ എന്തിനിങ്ങനെ പുലമ്പുന്നു; പോയി ആ വെള്ളിത്തളിക എടുത്തുകൊണ്ടുവരൂ!

മാ—ങ്ഏ! ആ വെള്ളിക്കിണ്ണമോ? എങ്ങനെ? എവിടുന്നു്?

ഗോ—അതെ! അതെ, വെള്ളിത്തളിക! കേൾക്കാൻ മേലേ നിനക്കു്

മാ—അമ്മേ! അതു വിററുകഴിഞ്ഞല്ലോ.

ഗോ—വിററുവെന്നോ? ആരുവിററു? നിനക്കു ഭ്രാന്തുപിടിച്ചോ? എന്തിനുവിററു?

മാ—ഇന്നലെ ഉച്ചയ്ക്കു അമ്മ ഇവിടെ ഇല്ലാതിരുന്ന തക്കംനോക്കി ആ വെള്ളിത്തളിക വിററുകൊണ്ടു വരുവാൻ പൂജാരി എന്നോടാജ്ഞാപിച്ചു. ഞാൻ അതു രാമലാലിൻെറ കടയിൽ പത്തുരൂപയ്ക്കു വിററു.

ഗോ—എന്നോടു ചോദിക്കാതെ?

മാ—എനിക്കെന്തറിയാം? പൂജാരിയുടെ ആജ്ഞയായിരുന്നു.

ഗോ—രൂപാ എന്തുചെയ്തു?

മാ—രൂപാ പൂജാരിക്കു കൊടുത്തു.

ഗോ—ഈ രൂപയ്ക്കു അത്ര അത്യാവശ്യമെന്തായിരുന്നു?

മാ—എനിക്കു സ്പഷ്ടമായി അറിഞ്ഞുകൂടാ; എങ്കിലും എനിക്കു തോന്നുന്നതു ക്ഷേത്രത്തിനു എതിർവശം പാക്കുന്ന ആ വൃദ്ധയ്ക്കുവേണ്ടിആയിരുന്നു എന്നാണു്.

ഗോ—ഏതു കിഴവി? വടിയും ഊന്നിപ്പിടിച്ചു ചിലപ്പോൾ ഇവിടെ വരാറുള്ളവളോ? എട! അവളൊരു വലിയ പിശാചാണല്ലോ; ഒന്നാംക്ലാസ്സു് അലസ; ഒരിക്കലും ഒരു ജോലിയും ചെയ്കയില്ല; ഒരു പൈസ സമ്പാദിക്കയില്ല; എപ്പോൾ നോക്കിയാലും മററുള്ളവരുടെ മുമ്പിൽ കൈയുംപരത്തി നടക്കുന്നതു കാണാം; അവൾക്കിപ്പോൾ രൂപയുടെ ആവശ്യമെന്തു്?

മാ—വീട്ടുവാടക കൊടുക്കുന്നതിനു്, വീട്ടുടമസ്ഥൻ അവരെ വളരെ കഷ്ടപ്പെടുത്തുന്നുണ്ടു്. ഇനിയും സഹിക്കുവാൻ നിവൃത്തിയില്ലെന്നു അയാൾ പറഞ്ഞിരിക്കുന്നു. ഉടൻതന്നെ വാടക കൊടുത്തില്ലെങ്കിൽ വീട്ടിൽനിന്നു് അവരെ പുറത്താക്കും. അതുകൊണ്ടു് അവർ തന്റെ ഇളയപുത്രിയെ സഹായാർത്ഥം പൂജാരിയുടെ അടുക്കൽ അയച്ചിരുന്നു.

ഗോ—ഉഫ്! വലിയ ആപത്തുതന്നെ. ഇനി യാതൊന്നും ഞങ്ങളുടെ പക്കൽ ശേഷിക്കയില്ലെന്നാണു തോന്നുന്നതു്. വീട്ടിലെ രൂപയെല്ലാം ചിലവായി; ഭൂമി വിൽക്കപ്പെട്ടു: എന്റെ അല്പമാത്രമായ സമ്പാദ്യമെങ്കിലും ഇല്ലായിരുന്നുഎങ്കിൽ സാമാന്യഭക്ഷണംപോലും കഴിക്കുവാൻ നിവൃത്തിയില്ലാതെ വിശപ്പുകൊണ്ടു മരിച്ചുപോയേനെ—ഹാ! എന്റെ സുന്ദര...സുന്ദരമായ തളിക. (തേങ്ങിക്കരയുന്നു)

(വാതിൽതുറക്കുന്നു; പൂജാരി അകത്തു കടക്കുന്നു)

പൂ—ഹോ! ഇവിടെ എന്തുമാതിരി ചൂടു്. വെളിയിൽ മഞ്ഞുപെയ്യുന്നതുപോലെ തോന്നും. നെഞ്ചു പിളക്കത്തക്കവിധം കാററു ശക്തിയായി അടിക്കുന്നു. (ഗോദാവരിയെ കണ്ടിട്ടു്) ഗോദാവരി! സോദരി! നീ കരയുകയാണോ? മാധവൻ എന്തെങ്കിലും കൈപ്പിഴ കാണിച്ചുവോ?

ഗോ—ഇല്ല, ഇല്ല, മാധവൻ ഒന്നും ചെയ്തില്ല; എല്ലാം എന്റെ ഭാഗ്യദോഷം തന്നെ.

പൂ—കൊള്ളാം! കൊള്ളാം! എന്തു സംഭവിച്ചുഎന്നു ഞാനിപ്പോൾതന്നെ കേൾക്കട്ടെ. ആദ്യമായി മാധവനെ വീട്ടിൽ അയയ്ക്കാം. മാധവ! പോകൂ! നീ വീട്ടിലേയ്ക്കു പോകൂ! നിന്റെ മാതാവിന്റെ ദേഹസ്ഥിതി നന്നായിവരുന്നുണ്ടു്. ഞാൻ അവൾക്കുവേണ്ടി ഭഗവാനോടു പ്രാർത്ഥിക്കയും ഡാക്ടരെ വരുത്തി അവരെ കാണിക്കയും ചെയ്തുകഴിഞ്ഞു.

(മാധവൻ പുറത്തുപോകുവാൻ ഭാവിക്കുന്നു)

പൂ—മാധവാ! ഇതാ, എന്റെ കംബളം എടുത്തുകൊള്ളു. ഇതുകൊണ്ടു ദേഹത്തിനു തണുപ്പു തട്ടുകയില്ല. വെളിയിൽ നല്ല വണ്ണം മഞ്ഞുപെയ്യുന്നുണ്ടു്.

മാ—വേണ്ട, വേണ്ട, ഇരിക്കട്ടെ.

ഗോ—സഹോദരാ! ഇതെല്ലാം എന്താണു്? അവൻ നല്ല ചെറുപ്പമാണു്. അവനെ തണുപ്പു ബാധിക്കുമോ?

പൂ—ഓഹോ! നിങ്ങൾ വെളിയിൽപോയോ? അവിടെ എത്രമാത്രം ശൈത്യമുണ്ടെന്നു നിങ്ങൾക്കറിയാമോ? വസ്ത്രം പുതയ്ക്കാതെ പുറത്തുപോകുന്നതു വളരെ പ്രയാസമാണു്. കാററു് കത്തി കണക്കേ കരളിൽ കുത്തിക്കയറുന്നു.

(പൂജാരി എഴുന്നേററു മാധവനെ കമ്പി

ളി പുതപ്പിക്കുന്നു. അവൻ വെളിയിലേക്കു പോകുന്നു.)

ഗോ—സോദരാ! നിങ്ങളോടൊരുമിച്ചു എനിക്കു കഴിഞ്ഞുകൂട്ടുവാൻ വിഷമംതന്നെ. കൊള്ളാം; ഇതാ ഹൽവാതിന്നുക; തണുത്തുപോകുന്നു. എന്തും ചീത്തയാണു നിങ്ങൾക്കിഷ്ടം.

പൂ—(അല്പം ഹൽവ തിന്നിട്ടു്) ഹ! ഇതു വളരെ നന്നായിരിക്കുന്നല്ലോ. ആരുണ്ടാക്കി?

ഗോ—ഈ ശൈത്യമേറിയ രാത്രിയിൽ അങ്ങയ്ക്കു വെളിയിൽ താമസിക്കത്തക്കവിധം അത്ര ഭയങ്കരമായ രോഗം മാധവന്റെ മാതാവിനില്ലെന്നു എനിക്കു പരിപൂർണ്ണവിശ്വാസമുണ്ടു്. പൂജാരിയെ സ്വഗൃഹങ്ങളിൽ വിളിപ്പിച്ചു ശുശ്രൂഷാദികൾ ചെയ്യിക്കുന്നതിനുവേണ്ടി ആളുകൾ രോഗാവസ്ഥ നടിക്കുന്നു. ഈ മനുഷ്യകീടങ്ങൾക്കു പൂജാരിയുടെ സുഖദുഃഖങ്ങളിൽ യാതൊരു ചിന്തയുമില്ല.

പൂ—അവർ എന്നെ സ്വഗൃഹങ്ങളിൽ വിളിപ്പിക്കുന്നതു് അവരുടെ ദയവുകൊണ്ടു മാത്രമാണു്.

ഗോ—എന്നാൽ ആളുകൾ ആദ്യം സ്വഗൃഹങ്ങളിൽ വിളക്കുവച്ചിട്ടു പിന്നീടു കോവിലിൽ വിളക്കുവയ്ക്കയാണു വേണ്ടതു്.

പൂ—അതുകൊണ്ടാണോ നിങ്ങൾ എനിക്കുവേണ്ടി ഈ രസകരമായ ഹൽവ തയാർചെയ്യതു്? ഇതെത്ര നന്നായിരിക്കുന്നു സോദരി?

ഗോ—അതെ, നല്ലതുതന്നെ. നിങ്ങൾ സ്വേച്ഛാപൂർവ്വം പ്രവർത്തിക്കുന്നു. ഞാനില്ലായിരുന്നുവെങ്കിൽ കാണാമായിരുന്നു, നിങ്ങൾ എവിടെയായിരിക്കുമെന്നു്. ഒന്നുകിൽ വല്ല കുത്സിതമായ കുടിലുകളിൽ വൃദ്ധകളെ ശുശ്രൂഷിച്ചും അല്ലെങ്കിൽ വല്ല ധൂർത്തന്മാരുടേയും ചതിയിലകപ്പെട്ടും ജീവിക്കുമായിരുന്നു. എല്ലാവരും ഒന്നുപോലെയല്ലല്ലോ!

പൂ—ആളുകൾ വ്യാജംപറഞ്ഞുപരത്തിയാൽ അതിന്റെ ഫലം അവർ അനുഭവിക്കും. എനിക്കെന്താ?

ഗോ—എന്നാൽ ഇതൊന്നും എനിക്കിഷ്ടമല്ല. ഇങ്ങനെയായാൽ കുറച്ചുദിവസത്തിനുള്ളിൽതന്നെ നമ്മുടെപക്കൽ യാതൊന്നും ശേഷിക്കാതെവരും. നിങ്ങൾ സ്വന്തംവകയെല്ലാം കൊടുത്തുതീർക്കും. കുറച്ചൊക്കെ തൻകാര്യവും നോക്കണം.

പൂ—സോദരി! ലോകത്തിൽ നമ്മെക്കാളും ദുഃഖിതരായ ആളുകൾ അനവധിയുണ്ടു്. എല്ലാവരേയും ശുശ്രൂഷിക്കുവാനും സഹായിക്കുവാനും നമുക്കു കഴിവില്ലെങ്കിലും കഴിവുള്ളേടത്തോളം നാം പ്രവർത്തിക്കതന്നെവേണം.

ഗോ—മററുള്ളവരെക്കാൾ എററവും കൂടുതൽ നിങ്ങളെ സ്നേഹിക്കുന്ന എന്റെ കഷ്ടതകളെപ്പററി നിങ്ങൾക്കൊട്ടും അറിവില്ല.

പൂ—(എഴുന്നേററു്) സോദരി! എന്താണീപറയുന്നതു്? ഞാൻ നിങ്ങളെ എങ്ങനെ കഷ്ടപ്പെടുത്തി? ഓഹോ! ഓമ്മവന്നു. നിങ്ങൾ കരയുകയായിരുന്നു. ഞാനാണോ അതിനു കാരണക്കാരൻ? ഞാൻ മനഃപൂർവ്വം നിങ്ങൾക്കു യാതൊരു ദുഃഖവുംവരുത്തിയിട്ടില്ല. പറയൂ എന്താണു സംഗതി?

ഗോ—പറയൂ? സംഗതി? നിങ്ങൾക്കു ഒന്നും അറിഞ്ഞുകൂടെന്നുതോന്നുന്നു; വെറും കുഞ്ഞു്; പാവം. ഇപ്പോൾ എന്റെ ദൃഷ്ടികൾ ഇവിടെനിന്നും പിൻതിരിഞ്ഞുപോയാൽ നിങ്ങളെ വിശ്വസിക്കാൻ നിവൃത്തിയില്ല. ഇന്നലെ സ്വല്പനേരം ഞാനിവിടെ ഇല്ലായിരുന്നു; ഉടൻ നിങ്ങളെന്റെ വെള്ളിത്തളിക വില്പിച്ചു.

പൂ—ഓഹോ! ആ തളിക; അതെ, നിങ്ങൾക്കതിൽ വളരെ അഭിമാനമായിരുന്നു.

ഗോ—എന്തുകൊണ്ടു് അഭിമാനമില്ലാതിരിക്കും? അതു വളരെക്കൊല്ലങ്ങളായി വീ

ട്ടിലുണ്ടായിരുന്നതാണു്. എൻെറ മാതുല പത്നി എനിക്കുതന്നതാണു്.

പൂ—അതെ, അതു വളരെ സുന്ദരമായിരുന്നു; എന്നാൽ സോദരി! ഹൽവ മററുള്ള പാത്രത്തിൽ ഭക്ഷിക്കുവാൻകഴിയുമല്ലോ.

ഗോ—അതുശരി, പക്ഷേ ഭക്ഷണം നിലത്തുവിളമ്പി ഭക്ഷിക്കാനും കഴിയും. ആ സമയവും ക്ഷണംതന്നെവരുമെന്നാണുതോന്നുന്നതു്. വീട്ടിനുള്ളിൽ ഇനി ഒരൊററ വെള്ളിപ്പാത്രംമാത്രമേ ശേഷിപ്പുള്ളൂ.

പൂ—ക്ഷേത്രത്തിനെതിർവശം താമസിക്കുന്ന വൃദ്ധയെ അവളുടെ വീട്ടുടമസ്ഥൻ കെട്ടിടവാടകയ്ക്കുവേണ്ടി വളരെ കഷ്ടപ്പെടുത്തിക്കൊണ്ടിരുന്നു. പാവം! ദരിദ്രയുടെ ഉള്ളംകൈ വെറും പൊള്ളയായിരുന്നു.

ഗോ—അതിനാണോ നിങ്ങൾ എൻെറ വെള്ളിപ്പാത്രം വിററതു്? ഇനിയും ഒരെണ്ണം ബാക്കിയുണ്ടു്. അതും കൊണ്ടുപോയിവിററു് വിലമാറി ഏതെങ്കിലും തെണ്ടികൾക്കു കൊടുക്കു്. നിങ്ങളെ ഇനി ഇതിൽ നിന്നുദ്ധരിക്കാൻ കഴിയുമെന്നു എനിക്കു വിശ്വാസമില്ല.

പൂ—അല്ല സോദരീ! എനിക്കറിയാം നിനക്കു് ആ പാത്രം വളരെപ്രിയപ്പെട്ടതാണെന്നു്. അതു ഞാൻ ഒരിക്കലും വില്ക്കുയില്ല.

ഗോ—എന്തുകൊണ്ടില്ല? അതിനും ആരുടെയെങ്കിലും വീട്ടുവാടക വീട്ടുവാൻ കഴിവുണ്ടു്.

പൂ—പോകു, സോദരീ! ഇപ്പോൾ സമയം അതിക്രമിച്ചിരിക്കുന്നു. പോയി ഉറങ്ങൂ.

(രണ്ടുപേരും പോകുന്നു.)

(കർട്ടൻ)

രംഗം മൂന്നു്.

[രാത്രി പതിനൊന്നുമണി. തണുത്ത കാററു് വീശിക്കൊണ്ടിരിക്കുന്നു. സർവ്വത്ര നിശ്ശബ്ദത. പൂജാരി സ്വഗൃഹത്തിനുള്ളിൽ കസേരയിലിരുന്നു് ഒരു തടിച്ച പുസ്തകം വായിച്ചുകൊണ്ടിരിക്കുന്നു. മേശയുടെ വലതുവശം ഒരു മണ്ണെണ്ണവിളക്കു മിന്നിമിന്നി പ്രകാശിക്കുന്നു. മുറിയുടെ വാതൽ പകുതി തുറന്നുകിടക്കുന്നു. ഈ സമയം വെളിയിൽനിന്നു് ഒരാൾ നിശ്ശബ്ദനായി പൂജാരിയുടെ മുറിക്കുള്ളിൽ പ്രവേശിച്ചു് പുറകിൽക്കൂടി അദ്ദേഹത്തെ കടന്നുപിടിക്കുന്നു.]

പൂ—(ഞെട്ടിയിട്ടു്) ആരതു്?

മനുഷ്യൻ—മിണ്ടരുതു്! ശബ്ദിച്ചുപോയാൽ...ഇതാ നോക്കൂ! ഈ കഠാര (ഇത്രയുംപറഞ്ഞു് ആ മനുഷ്യൻ കഠാരയോടുകൂടിയ തൻെറ വലതുകൈ പൂജാരിയുടെ നേരെ നീട്ടുന്നു.)

പൂ—(അല്പംഭയത്തോടു്) സോദരാ! നിങ്ങൾക്കെന്തുവേണം? നോക്കൂ! ഞാൻ ഇവിടെ വായിച്ചുകൊണ്ടിരിക്കയാണു്. എന്തെങ്കിലും നിങ്ങൾക്കാവശ്യമുണ്ടെങ്കിൽ പറയൂ.

മ—എനിക്കു ഭക്ഷണംവേണം. ഞാൻ വിശന്നു ചാവുന്നു. മൂന്നു ദിവസമായി ഞാൻ യാതൊന്നും കഴിച്ചിട്ടില്ല. വേഗം ആഹാരംതരു! അല്ലെങ്കിൽ......ഇതാ നോക്കൂ! (കഠാര കാണിക്കുന്നു.)

പൂ—(സന്തുഷ്ടനായിട്ടു്) അതെ, അതെ, തീർച്ചയായും നിങ്ങൾക്കു ഭക്ഷണം ലഭിക്കും. ഇരിക്കൂ; ഞാനിപ്പോൾതന്നെ താക്കോൽ വരുത്താം. (എഴുന്നേൽക്കുന്നു.)

മ—ഇല്ലില്ല; നിങ്ങൾക്കിപ്രകാരം വെളിയിൽപോകാൻ സാദ്ധ്യമല്ല. ഞാൻ അത്ര മഠയനുംമററുമല്ല, നിങ്ങൾ എന്നെ ചതിച്ചു് ഇവിടെനിന്നും തെററുവാൻ. താക്കോൽ വാങ്ങാനെന്ന നാട്യത്തിൽ നിങ്ങൾ വീട്ടുകാരെയെല്ലാം ഉണർത്താനാഗ്രഹിക്കുന്നു. കൊള്ളാം! സമർത്ഥ, പറയൂ! എവിടെ ഭക്ഷണം? താക്കോൽ? എനിക്കതൊന്നും അറിഞ്ഞിട്ടു കാര്യമില്ല. ഭക്ഷണം

വേണം. ഞാൻ വിശപ്പുകൊണ്ടു വലയു ന്നു പറയൂ വേഗം, ഭക്ഷണം എവിടെ?

പൂ—(സ്വഗതം) ഗോദാവരി അലമാര പൂട്ടിയിരുന്നില്ലെങ്കിൽ എത്ര നന്നായിരുന്നു. (ഉറക്കെ) ഭയപ്പെടേണ്ട സോദരാ! ഈ വീട്ടിൽ ഞങ്ങൾ രണ്ടുപേർമാത്രം, എന്റെ സഹോദരിയും ഞാനും.

മ—ഞാൻ എങ്ങനെ വിശ്വസിക്കും?

പൂ—അപ്പോൾ ഞാൻ വ്യാജം പറയുന്നു എന്നാണോ നിങ്ങളുടെ വിചാരം?

മ—(പൂജാരിയുടെ നേരെ തുറിച്ചുനോക്കി വീണ്ടും പറയുന്നു.) ഓർമ്മയിരിക്കട്ടെ, എന്നെ നിങ്ങൾ വഞ്ചിക്കയാണെങ്കിൽ ഈ കഠാര നിങ്ങളുടെ കരളിന്റെ മറുവശം ദർശിക്കും. കൊള്ളാം, വേഗം ഭക്ഷണം വരുത്തുക. എനിക്കു വിശപ്പു സഹിക്കുവാൻ നിവൃത്തിയില്ല.

പൂ—ഗോദാവരി! ഗോദാവരി!!

ഗോ—(ഉള്ളിൽനിന്നും) എന്താസോദരാ!

പൂ—ഒരു പാവപ്പെട്ട പാന്ഥൻ വിശന്നു വലഞ്ഞു വന്നിരിക്കുന്നു. നിങ്ങൾവന്നു് അലമാര തുറന്നു് അവനു ഭക്ഷണം കൊടുക്കൂ!

ഗോ—(ഉള്ളിൽനിന്നു്) ഇത്ര ഇരുട്ടിയിട്ടും, വിചിത്രജീവികൾതന്നെ. നമ്മെ ഉറങ്ങാനും സമ്മതിക്കയില്ലല്ലോ; രാത്രിതോറുംഅലഞ്ഞുനടക്കുന്നു; കൊള്ളരുതാത്തവർ; ഈ തെണ്ടിപ്പരിഷകളുടെ കാര്യമേ കേൾക്കാനുള്ളൂ.

പൂ—എന്നാൽ, ഈ മനുഷ്യൻ ക്ഷുൽപീഡിതനാണു്. സംശയമില്ല.

(ഗോദാരി വരുന്നു. ആ മനുഷ്യന്റെ കൈയിൽ കഠാരകണ്ടു ഭയപ്പെടുന്നു.)

ഗോ—സഹോദരാ! അവൻ കഠാരകൊണ്ടു് എന്തുചെയ്യുകൊണ്ടിരിക്കയാണു്?

പൂ—കത്തി, അതെ, അതെ, നാം ഇവനെ ചതിക്കുമെന്നു് ഇവൻ വിചാരിച്ചു. (ചിരിക്കുന്നു.)

ഗോ—സോദരാ! എനിക്കു ഭയമാകുന്നു. (പതുക്കെ) നോക്കൂ! ഒരു കാട്ടുമൃഗത്തെപ്പോലെ അവൻ തുറിച്ചു നോക്കുന്നു.

മ—വേഗമാവട്ടെ, ഭക്ഷണംതരു, ഇല്ലെങ്കിൽ ഈ കരവാളംകൊണ്ടു് രണ്ടിന്റേയും കഥ ഞാൻ കഴിക്കും.

പൂ—സോദരി! താക്കോൽ തന്നിട്ടു നിങ്ങൾപോയി ഉറങ്ങിക്കൊള്ളൂ.

(ഗോദാവരി താക്കോൽ കൊടുത്തിട്ടു പോകാൻ ഭാവിക്കുന്നു.)

മ—(കസേരയിൽനിന്നും ചാടി എണീറ്റു്) നില്ക്കു! അവിടെ. ഞാൻ ഇവിടെനിന്നും അപ്രത്യക്ഷനാകുംവരെ നിങ്ങളാരും തന്നെ ഇവിടെനിന്നും പൊയ്ക്കൂടാ. (ഗോദാവരി പരിഭ്രാന്തയായി പൂജാരിയെ നോക്കുന്നു.)

പൂ—സഹോദരി! നിങ്ങൾ ഇവനു് ആഹാരം കൊടുക്കൂ. ഈ പാവം വിശപ്പുകൊണ്ടു ബോധഹീനനായി ചമഞ്ഞിരിക്കുന്നു. (ഗോദാവരി അലമാരയിൽനിന്നു ആഹാരംഎടുത്തു മേശപ്പുറത്തു വയ്ക്കുന്നു. അയാൾ അത്യാർത്തിയോടെ വാരി തിന്നുന്നു. ഇടയ്ക്കിടെ അലമാരയിൽ വച്ചിരുന്ന വെള്ളിത്തളികയിൽ ദൃഷ്ടി പതിപ്പിക്കുന്നു.)

മ—ഹ! ഭക്ഷണം ഏററവും രുചികരം. ഇമ്മാതിരി ഭക്ഷണം ജയിലിൽ ഞാൻ ഒരിക്കലും.........

പൂ—ജയിലിൽ?.........

മ—എടേ, നിങ്ങൾ വാതിൽ തുറന്നിട്ടതെന്തിനു? ആരെങ്കിലും അകത്തു വരുന്നതിനാണോ? നിങ്ങൾ വലിയ ചതിയനാണെന്നു തോന്നുന്നല്ലോ.

പൂ—അല്ല സോദരാ! എന്റെഗൃഹത്തിന്റെ വാതിൽ ഒരിക്കലും അടയ്ക്കാറില്ല.

(തുടരും)

# പാവങ്ങൾ

പട്ടം എൻ. ഗോപാലൻനായർ, ബി. എ., ബി. എൽ.

ഉന്നതസൌഭാഗ്യത്തിൻസ്വർണ്ണമേടയിൽമേവി–
മന്നിലാനന്ദോത്സവമാടിടും മനുഷ്യരേ!

ഒന്നിനിത്താഴോട്ടേക്കു കണ്ണയയ്ക്കുവിൻ, ഭുവിൻ-
ഖിന്നമാംവശംകണ്ടു കാരുണ്യംപൊഴിക്കുവിൻ

നിങ്ങളെത്താലോലിക്കും സുന്ദരസ്വപ്നങ്ങൾതൻ-
മംഗലമണിവേദിയല്ലയീ ധരാതലം...!

ഉണ്ണാനു,മുടുക്കാനുമേതുമേ പാങ്ങില്ലാതെ
ഖിന്നരായ് നിത്യം ചുടുകണ്ണുനീർ കുടിക്കുവോർ,

ദീനദീനമായോരോ വാതിലിൽമുട്ടി, തപ്ത-
പ്രാണനെപ്പുലർത്തുവാൻ വൻതപം നടത്തുന്നോർ,

അർദ്ധനഗ്നരായ്, തെണ്ടിത്തിരിഞ്ഞു, വഴിവക്കി–
ലസ്ഥിമാത്രരായ് നിശാവിശ്രമം വരിക്കുന്നോർ,

രാപ്പകൽ ക്ലേശിച്ചാലും വിശപ്പൊന്നടക്കുവാൻ
വായ്പവാങ്ങിച്ചു, പാരതന്ത്ര്യത്തിൽ കുടുങ്ങുന്നോർ;

പെരുവീഥിയിൽത്തന്നെ ജനിച്ചു, വളർന്നതിൻ-
വിരിമാർത്തട്ടിലന്ത്യനിദ്രയിൽ ലയിക്കുവോർ,

—പട്ടിണിപ്പാവങ്ങളാമവരാണിങ്ങെണ്ണത്തി-
ലൊട്ടുമുക്കാലും, പിന്നെ, പണക്കാർ ചിലർമാത്രം.

"വിധിയേവിധി"യെന്നുചൊന്നു ദാരിദ്ര്യത്തിലേ–
ക്കവരെത്താഴ്ത്തീടുന്ന സ്വാർത്ഥതേ, സൂക്ഷിച്ചോളൂ!

മർത്ത്യരാണവ,രോർത്താൽ ഭ്രാതാക്ക,ളിങ്ങൈശ്വര്യ-
സിദ്ധിയിൽമാത്രം ഭിന്നഭാഗ്യരായ് ഭവിച്ചവർ.

വിഭവസമൃദ്ധമാമൂഴിയിൽ ജീവിക്കുവാ–
നവകാശമേഴയ്ക്കുമേകിയിട്ടുണ്ടീശ്വരൻ.

സന്തതമറയ്ക്കുള്ളിൽ പണക്കാർ കുന്നിക്കുന്ന-
സമ്പത്തിലിപ്പാവങ്ങൾതൻ പങ്കമില്ലേ പാർത്താൽ?

ആയതിന്നംശം പകുത്തേകുകിൽ മരണത്തിൻ-
വായിൽനിന്നനാഥരെ വീണ്ടെടുത്തീടാം നിത്യം!

എങ്കിലും, സമ്പന്നന്മാരാരുമീ സാധുക്കൾതൻ-
സങ്കടം കാണുന്നില്ല; കാണുവോരറിവീല!

നിർദ്ദയപ്രഭുക്കളെ ശപിച്ചിങ്ങൊരു ധർമ്മ-
വിപ്ലവം പ്രതീക്ഷിച്ചു മേവിടുന്നിപ്പാവങ്ങൾ.

അദ്ദിനം പുലർന്നിടും, നിശ്ചയ,മതിൻമുമ്പു-
സസ്പൃഹം പ്രായശ്ചിത്തമാചരിക്കുവിൻ നിങ്ങൾ.

മർദ്ദനത്തിനും, രക്തചൂഷണത്തിനും നിങ്ങ-
ളുത്തരംപറയേണ്ടകാലമിങ്ങാസന്നമായ്.

അന്ധരായ്, വെറുംസ്വാർത്ഥസിദ്ധിയിൽ സംതൃപ്തരായ്,
ഹന്ത,യീയാഥാർത്ഥ്യങ്ങൾ വിസ്മരിക്കൊല്ലാനിങ്ങൾ.

പട്ടിണിയകന്നിങ്ങു സർവ്വരും ക്ഷേമത്തിന്റെ-
സ്നിഗ്ദ്ധതചാർത്തീടുന്ന വാസരം വികസിക്കാൻ

മാനവത്വത്തിൻപേരിലാർദ്രചിത്തരായ്ത്തീർന്നു
ദീനർതന്നാശീർവ്വാദമാർജ്ജിച്ചുകൊൾവിൻവേഗം...!

---

സ്വർണ്ണംമണ്ണാണെന്നു പറയുന്നതു്, സ്വർണ്ണം സ്വർണ്ണമാണെന്നു പറയുന്നതിനേക്കാൾ ബുദ്ധിശൂന്യമല്ല!

*　　　*　　　*　　　*

ഇരുൾപോയി! കാലമാല്യംപൊട്ടി ഞാന്നാകുന്ന ലോലതന്തുവിൽനിന്നതിന്റെ വീണനിമിഷങ്ങളെപ്പോലെ അങ്ങിങ്ങുകാണായ താരങ്ങളെല്ലാം അലിഞ്ഞലിഞ്ഞു അനന്തതയിൽ ലയിച്ചു!

# ലൈബ്രറി

(കെ. ആർ സുദേശൻനായർ)

(ഗുരുദേവന്റെ ബംഗാളിലേഖനത്തിന്റെ ഭാഷാന്തരം)

മഹാസമുദ്രത്തിൽ അനേകശതവർഷങ്ങളായി അടിച്ചുകൊണ്ടിരിക്കുന്ന തിരമാലകളെ ബന്ധിച്ചിടാൻ കഴികയോ, ഉറങ്ങിക്കിടക്കുന്ന ഒരു ശിശുവിനെപ്പോലെ, അതിനെ നിശ്ശബ്ദമാക്കാൻ സാധിക്കയോ ചെയ്യുമെങ്കിൽ, ആ ധ്വനി വിഹീനമായ മഹാശബ്ദത്തോട് ഈ ലൈബ്രറിയെ ഉപമിക്കാം. ഇവിടെ ഭാഷ മൂകവും, പ്രവാഹം സ്ഥിരവുമായിരിക്കുന്നു. മനുഷ്യാത്മാക്കളിലെ അനശ്വരമായ ആ ലോകത്തെ കറുത്ത അക്ഷരങ്ങളാകുന്ന ശൃംഖലകൊണ്ട് കടലാസാകുന്ന കാരാഗൃഹത്തിൽ ബന്ധിച്ചിട്ടിരിക്കുന്നു. ഇവ ലഹളയ്ക്കായി പുറപ്പെടുമ്പോൾ നിസ്തബ്ധത ഭഞ്ജിച്ചുകൊണ്ടും, അക്ഷരങ്ങളാകുന്നശൃംഖല പൊട്ടിച്ചെറിഞ്ഞുകൊണ്ടും വെളിയിൽ വരുന്നു. ഹിമാലയത്തിന്റെ ശിഖരങ്ങളിൽ കഠിനമായ മഞ്ഞുകട്ടകളുടെ ഇടയിൽ അനേകം നീരൊഴുക്കുകൾ ബദ്ധങ്ങളായിരിക്കുന്നതുപോലെ ഈ ലൈബ്രറിയുടെ മധ്യത്തിൽ മാനവഹൃദയങ്ങളിലെ പ്രവാഹങ്ങൾ ബന്ധിക്കപ്പെട്ടിരിക്കുന്നു.

വിദ്യുച്ഛക്തിയെ മനുഷ്യൻ ലോഹക്കമ്പികളാൽ ബന്ധിച്ചിടുന്നു; എന്നാൽ മനുഷ്യന് ശബ്ദത്തെ, നിശബ്ദതയുടെ ഉള്ളിൽ ബന്ധിച്ചിടാൻ സാധിക്കുമെന്നു ആരറിയുന്നു! സംഗീതത്തെ—ഹൃദയത്തിന്റെ ആശയെ—ജാഗ്രത്തായ ആത്മാവിന്റെ ആനന്ദധ്വനിയെ—ആകാശത്തിലെ ദേവവാണിയെ—അവനു കടലാസിൽ പൊതിഞ്ഞുവയ്ക്കാൻ സാധിക്കുമെന്നു ആർക്കറിയാം? മനുഷ്യൻ ഭൂതകാലത്തെ വർത്തമാനകാലത്തിൽ ബന്ധനസ്ഥനാക്കുമെന്നും അനന്തമായ കാലസമുദ്രത്തെ കേവലം ഒരു ഗ്രന്ഥംകൊണ്ടു ബന്ധിച്ചിടുമെന്നും ആരറിഞ്ഞു?

ലൈബ്രറിയുടെ മധ്യത്തിൽ നാം അനേകസഹസ്രം ശൃംഗാടകങ്ങൾ കാണുന്നു. അവയിൽ ചില മാർഗ്ഗങ്ങൾ അനന്തമായ സാഗരത്തിലേയ്ക്കു പോവുകയും, ചിലതു അത്യുന്നതശിഖരങ്ങളിലേക്കു ഉയരുകയും, ചിലതു മാനവഹൃദയങ്ങളുടെ അന്തരാളത്തിൽ പ്രവേശിക്കയും ചെയ്യുന്നു. നാം ആശിക്കുന്ന ദിക്കിലേയ്ക്കു പോകാൻ ഇവിടെ യാതൊരു തടസ്സവുമില്ല. മനുഷ്യനെ അവന്റെ രക്ഷയ്ക്കു വേണ്ടിടത്തോളം സ്ഥലത്താണു ഇവിടെ പ്രതിഷ്ഠിച്ചിരിക്കുന്നതു്.

ശംഖിനുള്ളിൽനിന്നു സമുദ്രത്തിലെ ശബ്ദം കേൾക്കുന്നതുപോലെ, ഈ ലൈബ്രറിയിൽ ഹൃദയത്തിന്റെ സ്പന്ദനശബ്ദവും കേൾക്കുന്നില്ലയോ? ഇവിടെ ജീവിച്ചിരിക്കുന്നവരും, മൃതരുമായ വ്യക്തികളുടെ ഹൃദയം ഒരേതരത്തിൽ വാസംകൊള്ളുന്നു. വാദപ്രതിവാദങ്ങൾ സഹോദരന്മാരെപ്പോലെ ഇവിടെ ഒരുമിച്ചു വസിക്കുന്നു; സംശയവും വിശ്വാസവും, സന്ധാനവും ആവിഷ്കരണവും എങ്ങും യോജിച്ചു കഴിയുന്നു. ഇവിടത്തിൽ ദീർഘായുസ്സുകളും അല്പായുസ്സുകളും ഏററവും ധൈര്യത്തോടും ശാന്തി

യോടുംകൂടി ജീവിതയാത്ര നിർവഹിക്കുന്നു; ആരും ആരെയും വിഗണിക്കയോ ഉപേക്ഷിക്കയോ ചെയ്യുന്നില്ല.

എത്രയോ ശതാബ്ദസീമകളിൽനിന്നു്, അനേകം സമുദ്രങ്ങളും, നദികളും, ശൈലങ്ങളും കടന്നു് മനുഷ്യന്റെസ്വരം ഇവിടെ വന്നെത്തിയിരിക്കുന്നു. വരുവിൻ! ഇവിടെ വരുവിൻ!! ഇവിടെ പ്രകാശത്തിന്റെ ജന്മസംഗീതം ഗാനംചെയ്യുന്നു.

ആദ്യമായി അമൃതലോകം കണ്ടുപിടിച്ചു് ഈലോകത്തെങ്ങുമുള്ള ആളുകളെവിളിച്ചു—നിങ്ങൾ സകലരും അനശ്വരതയുടെ പുത്രന്മാരാണു്, നിങ്ങൾ ദിവ്യസ്ഥാനത്താണു വസിക്കുന്നതു്—എന്നു പറയുന്ന ആ മഹാത്മാക്കളുടെ കണ്ഠസ്വരം അനേകസഹസ്രം ഭാഷകളിൽ, അനേകസഹസ്രം വത്സരങ്ങളിൽക്കൂടി ഈ ലൈബ്രറിയുടെ മദ്ധ്യത്തിൽ പ്രതിധ്വനിച്ചുകൊണ്ടിരിക്കുന്നു.

ഈ വംഗദേശസീമകൾക്കുള്ളിൽനിന്നു നമുക്കു് ഒന്നും പറയാനില്ലയോ? മനുഷ്യസമാജത്തിനു നൽകാൻ നമുക്കു യാതൊരു സംവാദവും ഇല്ലയോ? ലോകത്തിലെ ഏകസ്വരമായ സംഗീതത്തിനിടയിൽ വംഗദേശംമാത്രം നിസ്തബ്ധമായിപ്പോകുമോ?

നമ്മുടെ സമീപസ്ഥിതമായ സമുദ്രം നമ്മളോടു് ഒന്നും പറയുന്നില്ലയോ? നമ്മുടെ ഗംഗാനദി ഹിമാലയത്തിന്റെ ശിഖരങ്ങളിൽനിന്നു കൈലാസത്തിലെ യാതൊരു ഗാനവും വഹിച്ചുകൊണ്ടുവരുന്നില്ലയോ? നമ്മുടെ ശിരസ്സിനുമുകളിൽ അനന്തമായ നീലാകാശമില്ലയോ? അവിടെനിന്നു് അനന്തകാലത്തിലെ ശാശ്വതജ്യോതിസ്സായ നക്ഷത്രലിപി ഏതുഭാഗത്താണുദർശിക്കപ്പെടാത്തതു്?

സ്വദേശത്തുനിന്നും വിദേശത്തുനിന്നും, ഭൂതകാലത്തിൽനിന്നും വത്തമാനകാലത്തിൽനിന്നും നമുക്കുവേണ്ടി മാനവസമുദായം അനേകം ലേഖനങ്ങളയയ്ക്കുന്നു. അവയ്ക്കു മറുപടിനൽകാൻ നാമും രണ്ടു-നാലു ഇംഗ്ലീഷുപത്രങ്ങൾ നടത്തുകയില്ലയോ? എല്ലാ രാജ്യങ്ങളും നിസ്സീമമായ കാലയവനികയിൽ തങ്ങളുടെ നാമധേയങ്ങൾ അടയാളപ്പെടുത്തുമ്പോൾ ബംഗാളികളായ നമ്മുടെ പേരുമാത്രം അതിന്റെ പിൻപുറത്തു സ്ഥിതിചെയ്താൽമതിയോ? അചേതനങ്ങളായ പാപപുണ്യങ്ങളുമായി മാനവാത്മാക്കളുടെ സംഘട്ടനംനടക്കുന്നു; സൈന്യങ്ങളെ ആഹ്വാനംചെയ്തുകൊണ്ടു പൃഥ്വിയുടെ എല്ലാഭാഗങ്ങളിൽനിന്നും കാഹളധ്വനിമുഴങ്ങുന്നു; നാംമാത്രം ഇനിയും നമ്മുടെഉദ്ധാരണത്തിനായി കേസും അപ്പീലുംകൊണ്ടു സമയംകഴിക്കണമോ?

അനേകസംവത്സരങ്ങൾ നിസ്തബ്ധമായിരുന്ന വംഗദേശത്തിൽ ഇന്നു ശരിയായ ചൈതന്യം നിറഞ്ഞിരിക്കുന്നു. അതിനു് അതിന്റെ ഭാഷയിൽ സ്വന്തം കഥകൾ ഒരുപ്രാവശ്യം പറഞ്ഞുകൊടുക്കുവിൻ. ബംഗാളികളുടെ കണ്ഠത്തിൽ ലയിച്ചു് വിശ്വസംഗീതം അതിമധുരമായി മുഴങ്ങട്ടെ!

---

ഭാഷയുടെ പിടിക്കുള്ളിൽ കിടന്നു് പിടയുന്ന ആശയത്തിനു് അരികിൽ

വിടന്നുനിൽക്കുന്ന പനിനീർപൂവിനെ തൊടുവാൻ കഴിയുന്നില്ല!

* * * *

# അസംബന്ധങ്ങളുടെ അരങ്ങേററം

പി. ദാമോദരൻ പിള്ള ബി. എ.

പത്രലോകം. അതൊരു വല്ലാത്തലോകമാണു്. ഇത്രമാത്രം അസംബന്ധങ്ങളും, അബദ്ധങ്ങളും കൊണ്ടു് കൈകഴുകുന്ന ലോകം, അവയിൽ മുങ്ങിപ്പൊങ്ങി മദിക്കുന്ന ഒരുലോകം വേറെയില്ല. മണ്ടനെ മിടുക്കനും, വിഡ്ഢിയെ വിജ്ഞനും, ലോഭിയെ ഉദാരനും, പണ്ഡിതനെ പാമരനും, കാളിക്കൂളികളെ നടീനടന്മാരും, എഴുത്തറിയാത്തവനെ നാടകകർത്താവും ആക്കാൻ കഴിവുള്ള ഈ ലോകം ഈയുഗത്തിലെ ഒരു മഹാശാപമാകുന്നു. ദുർദ്ദൈവവശാൽ അതിൽ അകപ്പെട്ടുപോയ ഒരുവനാണു് ഇതു് എഴുതുന്നതെന്നുള്ളതുകൊണ്ടു് അതൊരു ശാപമല്ലാതായിത്തീരുന്നില്ല. ഈയിടെ ഒരു വിരുതൻ സംഭാഷണത്തിനിടയിൽ പറഞ്ഞു, "എഴുത്തറിയാവുന്നവരാണു് പത്രം നടത്തിയിരുന്നതെങ്കിൽ ഇന്നത്തെ പത്രാധിപന്മാരിൽ 99 ശതമാനവും ആ നിലയിലെത്തുകയില്ലായിരുന്നു" എന്നു്. നാലു ദിനപത്രമുള്ള കോട്ടയത്തിരുന്നുകൊണ്ടു തന്നെ ഞാനതു തലകുലുക്കി സമ്മതിച്ചു. ഇതത്രരഹസ്യമൊന്നുമല്ല. അത്രവിചിത്രമാണു നമ്മുടെ പത്രലോകം!

സൂര്യ്യൻ കിഴക്കു് ഉദിക്കുകയെന്നതു് ഒരു നിത്യസംഭവമാണു്. അതിനു് ഇന്നുവരെ മാററം വന്നിട്ടില്ല. ഒരു മാററത്തിന്റെ ആവശ്യം ആർക്കും തോന്നിയിട്ടുമില്ല. പക്ഷെ ചില പുതുമക്കാർ ഈയിടെ അഭിപ്രായപ്പെട്ടു തുടങ്ങിയിട്ടുണ്ടു് സൂര്യ്യോദയത്തിൽ യാതൊരു പുരോഗതിയുമില്ലെന്നു്. അതിനാൽ ഇന്നു് മുതൽ സൂര്യ്യൻ പടിഞ്ഞാറുദിക്കണമെന്നു് അവർക്കു് ബഹുനിർബന്ധമായിരിക്കുന്നു. അതോടെ അവർ ഉച്ചഭ്രാന്തു പിടിച്ചു് പ്രസംഗവേദികളെല്ലാം പൊടിച്ചു തകർക്കുകയായി. ഉടൻ അതെല്ലാം പത്രങ്ങളിൽ സ്ഥലം പിടിക്കുകയായി!

"എന്താകഥ?" എന്നിങ്ങനെ മററുള്ളവർ അമ്പരക്കുന്നു. സൂര്യൻ ഇനിമേൽ പടിഞ്ഞാറു് ഉദിക്കണം. അല്ലെങ്കിൽ പുരോഗമനസാഹിത്യത്തിന്റെ തൂലികത്തുമ്പിൽ ആ ഗോളം തോണ്ടിയെടുത്തു് പടിഞ്ഞാറെ കടലിലേക്കു് ഒരേറുകൊടുക്കും. അപ്പോൾകാണാം നാളെമുതൽ സൂര്യൻ മര്യാദയ്ക്കു് പടിഞ്ഞാറുദിച്ചു് പുരോഗമനോന്മുഖനായി അങ്ങനെ ഉയർന്നുയർന്നു വരുന്നതു്. "ഇതിലധികം പുനരെന്തൊരുകൗതുകം!"

ഏതായാലും, ആ സാഹസത്തിനു് ഒരുമ്പെടേണ്ടെന്നു് കണ്ടുനിൽക്കുന്ന ചിലർ വിലക്കുന്നു. പക്ഷെ അവർ വിടുമോ? ഉടനെ പണ്ടത്തേതിൽ പതിന്മടങ്ങു് തെററും തെററിന്മേൽതെററുമായി ഒരു മറുപടി അക്കൂട്ടർ തയാറാക്കുന്നു. അത്രമാത്രമോ? ചീങ്കണ്ണിയെപ്പോലെ കണ്ട ഈച്ചകളെ വിഴുങ്ങാൻ വായും പിളർന്നിരിക്കുന്ന പത്രാധിപർ അതു് അപ്പാടെ സ്വീകരിക്കുകയായി. കാര്യ്യമെന്താ? "അതൊരു അഭിപ്രായവ്യത്യാസമല്ലേ? അഭിപ്രായവ്യത്യാസക്കാർക്കും പത്രത്തിൽ സ്ഥലം കൊടുക്കണമല്ലോ?" എന്താപോരേ? സൂര്യൻ കിഴക്കു് ഉദിക്കുന്നു എന്നുള്ള അനിഷേദ്ധ്യവസ്തുതയെ സംബന്ധിച്ചുമുണ്ടത്രേ അഭിപ്രായവ്യത്യാസം

തെററുതിരുത്താൻ പുറപ്പെട്ടുപോയ അബദ്ധക്കാരൻ ഏതായാലും കഴങ്ങിയെന്നു പറഞ്ഞാൽ മതിയെല്ലോ. ഒരു തെററു തിരുത്താൻ പണിപ്പെട്ട അയാഠം നൂറുതെററിനു പിന്നെ ഉത്തരം പറയണം. പ്രതിയോഗിയുടെ മറുപടിയാൽ വാക്യംതോറുമുള്ള തെററു തിരുത്തിയാൽ മാത്രമേ അയാഠംക്കു കാര്യത്തിലേക്കു കടക്കാൻ സാധിക്കയുള്ളു. "പ്രകൃതിയുടെ ചക്രവാളത്തിനപ്പുറം" എന്നൊരിക്കൽ ഞാൻ എഴുതിപ്പോയി. ഉടനെ മറുപടിയിൽ "പ്രകൃതിയുടെ ചക്രവാളത്തിനപ്പുറവും പ്രകൃതിയാണുള്ളതു്" എന്നു് എതിരാളി തട്ടിമൂളിച്ചിരിക്കുന്നതു കാണാൻ സംഗതിവന്നു. ആ തമഹത്ത്യയാണു് നല്ലതെന്നു് എനിക്കു ആദ്യം തോന്നി. പ്രകൃതിയെന്തു്? അതിൻെറ ചക്രവാളത്തിനപ്പുറം എന്തു് എന്നൊന്നും ആലോചിക്കേണ്ട ഭാരമേ എൻെറ പ്രതിയോഗിക്കുണ്ടായില്ല. കടൽപുറത്തുനിന്നു് നോക്കുമ്പോഠം കാണുന്ന ചക്രവാളത്തിനപ്പുറം പിന്നെയും കടൽതന്നെയാണുള്ളതെന്നു് മനസ്സിലായിരുന്നതു കൊണ്ടു മാത്രമാണു് അയാഠം ആ വിഡ്ഢിത്തം എഴുന്നള്ളിച്ചതു്. എങ്കിലും ആ തെററുതിരുത്താൻ ഞാൻ ഉദ്യമിച്ചില്ല. അതു് പ്രസിദ്ധീകരിച്ച പത്രാധിപക്കു് തന്നെയും ആ തെററു്എന്തെന്നു് മനസ്സിലായിട്ടില്ലായിരുന്നു.

ഒരു പുരോഗമനസാഹിത്യ വാദിയുടെ പ്രസംഗം രണ്ടു് പത്രങ്ങളിൽ റിപ്പോർട്ടു ചെയ്തുകണ്ടു. അതിൽ "വസ്തുപ്രതിപാദനമല്ല, പ്രതിപാദന സൗന്ദര്യമാണു്" സാഹിത്യത്തിലെ സൗന്ദര്യം എന്നൊരു സിദ്ധാന്തം പുറപ്പെടുവിച്ചിരുന്നു. എന്നാൽ പുരോഗമനസാഹിത്യകാരൻ ആവശ്യപ്പെടുന്നതൊന്നും പ്രതിപാദനസൗന്ദര്യമല്ലെന്നോ, പട്ടിണി, ദാരിദ്ര്യം, വ്യഭിചാരം മുതലായവയ്ക്കു് മാത്രം സാഹിത്യത്തിൽ സ്ഥാനംകൊടുക്കണമെന്നു് പറയുമ്പോഠം അതു് വസ്തു (വിഷയ) പ്രധാനമായിത്തിരുകയാണു് ചെയ്യുന്നതെന്നോ ആ പ്രസംഗം കേട്ടുകൊണ്ടിരുന്ന സദസ്യർക്കോ അതു് പ്രസിദ്ധീകരിച്ചപത്രാധിപന്മാർക്കോ പ്രസംഗകനു തന്നെയോ ഒരു ശങ്കപോലും തോന്നിയിരുന്നില്ലല്ലോ എന്നു് ഞാൻ അത്ഭുതപ്പെട്ടുപോയി. വിഷയം ഏതായാലും പ്രതിപാദനം നന്നായാൽ മാത്രമേ സാഹിത്യം സാഹിത്യമാകയുള്ളുയെന്നു് വാദിക്കുന്നതു് പുരോഗമനസാഹിത്യസിദ്ധാന്തങ്ങളെ എതിർക്കുന്നവരാണു് എന്നു് പറയേണ്ടതില്ലല്ലോ.

ഈയിടെ രണ്ടു് പ്രസംഗവേദികളിൽ ഒരു പുരോഗമനസാഹിത്യവാദിയുടെ കൂടെ ഞാനും പ്രസംഗിക്കേണ്ടിവന്നു. സാധാരണ എനിക്കു് അങ്ങനെ ഒരു അപകടം പിണയാറില്ല. എങ്കിലും വരുന്നതുവരട്ടെ എന്നു കരുതി പ്രവത്തിച്ചതിൻെറ ഫലം ഞാൻ അനുഭവിച്ചു. അസംബന്ധങ്ങളുടെ കൊടിപിടിച്ച ഘോഷയാത്ര! ഞാൻ അന്ധാളിച്ചുപോയി. ചമ്പുക്കഠം ചവറു്, ജീവിതം പ്രവാഹമാണു്, എഴുത്തച്ഛനുശേഷം അത്ര നല്ല സാഹിത്യം ഉണ്ടായിട്ടില്ലെങ്കിൽ അതിനെററത്ഥം പുരോഗതിയില്ലെന്നാണു്, വാസ്തവത്തിൽ ഇപ്പോഴാണു് പുരോഗതി ഉണ്ടാകുന്നതു്—ഇങ്ങനെ എത്രയെത്ര മുദ്രാവാക്യങ്ങളാണു് ആ കൊടിക്കൂറകളിൽ കണ്ടതു്! ചമ്പുക്കഠം ചവറാണോ എന്നു് അവ വായിച്ചിട്ടുള്ളവക്കു മാത്രമേ അറിയാവൂ എന്നു് സമാധാനപ്പെട്ടുകളയാം. എന്നാൽ ജീവിതം ഒരു പ്രവാഹമല്ലെന്നും, അങ്ങനെയാണെങ്കിൽപോലും മുന്നോട്ടെന്നപോലെതന്നെ പിന്നോട്ടും അതു പോകാറുണ്ടെന്നും പ്രസംഗകൻ മനസ്സിലാക്കാത്തതാണു് അത്ഭുതം.

ജീവിതപ്രവാഹക്കാരുടെ സിദ്ധാന്തപ്രകാരം കാക്കപ്പൊന്നു് തനിപ്പൊന്നാകാനും, ചക്കരപ്പായസം പാല്പായസമാകാനും, കാ

ശാന്തകൊള്ളാത്ത സാഹിത്യം വിശ്വസാഹിത്യമാകാനും ഒരു പ്രയാസവുമില്ല! ആദ്യം തനിപ്പൊന്നും പിന്നീട്ട് കാക്കപ്പൊന്നും ഉപയോഗിച്ചാൽ രണ്ടാമത്തേതു് തനിപ്പൊന്നായിത്തീരും. എന്തെന്നാൽ ജീവിതം ഒരു പ്രവാഹമാകയാൽ ഇന്നു് ഇന്നലത്തേക്കാൾ പുരോഗമനംചെയ്യാതിരിക്കാതെ ഗത്യന്തരമില്ല. ഇന്നലെ പാല്പായസം കുടിച്ചിട്ടു് ഇന്നു് ചക്കരപ്പായസം കുടിച്ചാൽ ചക്കരപ്പായസം പാല്പായസമാകും. എന്തെന്നാൽ ജീവിതം ഒരു പ്രവാഹമാണു്. ഇന്നലെ എഴുത്തച്ഛൻ രാമായണം എഴുതിയെങ്കിൽ അതിനേക്കാൾ ഉത്തമം ഇന്നത്തെ പൊട്ടക്കഥകളാണു്. കാരണം, ജീവിതം ഒരു പ്രവാഹമാണു്. ഇമ്മാതിരി യുക്ത്യാഭാസങ്ങൾ നിറഞ്ഞ മസ്തിഷ്കവുമായി ഭൂമിയിൽ സഞ്ചരിക്കുന്ന വിരുതന്മാരുടെയും വിദ്വാന്മാരുടെയും ഇടയിൽനിന്നു് തലതട്ടണേ, എന്നു് മററുള്ളവർ പ്രാർത്ഥിച്ചുപോകുന്നെങ്കിൽ അതിലെന്താശ്ചര്യമുള്ളു? ജീവിച്ചിരിക്കാൻ ഏതെങ്കിലും ഒരു കൂട്ടരെങ്കിലും നാണിച്ചില്ലെങ്കിൽ അതല്ലേ ആശ്ചര്യം?

നിങ്ങൾ എത്രയെത്ര അനിഷേദ്ധ്യയുക്തികൾ നൾകിക്കൊള്ളണം. എത്രയെത്ര അനുഭവങ്ങൾ ചൂണ്ടിക്കാണിച്ചുകൊള്ളണം. അതൊന്നും മേൽപ്പറഞ്ഞ സാഹസികന്മാരുടെ തലയിൽ കയറുകയില്ല; ആ തലച്ചോറിൽ ഒരു പോറൽപോലും വീഴുകയില്ല. കാണാപ്പാഠം പഠിച്ച ആനവങ്കത്തങ്ങളും, ശുദ്ധമണ്ടത്തരങ്ങളും തന്നെ പിന്നെയും പിന്നെയും അവർ തട്ടിവിടും. ഒരു അസംബന്ധം അസംബന്ധമായിപ്പോകുന്നതു് ഒരിക്കൽ മാത്രം പറയുന്നതുകൊണ്ടാണെന്നും, വീണ്ടും വീണ്ടും പറഞ്ഞാൽ അതു് താനെ ശരിയായിക്കൊള്ളുമെന്നുമാണു് അവരുടെ ധാരണ. അതാണു് ജീവിതപ്രവാഹത്തിന്റെ മിടുക്കു്; പുരോഗതിയുടെ ഗുണം. "ഒരുവേള പഴക്കമേറിയാലിരുളും മെല്ലെ വെളിച്ചമായ്‌വരും"മായിരിക്കാം.

സാഹിത്യത്തിനു് ഒരുകാലത്തും മാററമില്ലെന്നും, അതിന്റെ സങ്കേതങ്ങൾ മാത്രമേ മാറുന്നുള്ളു എന്നും നിങ്ങൾ സയുക്തികം, സോദാഹരണം സമർത്ഥിക്കുക. അവൎക്കു മാത്രം അതു് മനസ്സിലാകയില്ല; പത്ഥ്യമാകയുമില്ല. രാവണന്റെ മദം അറിയാത്തവനു് ഇന്നത്തെ പ്രഭുവിന്റെ മദവും, സീതയുടെ വിരഹവേദന അറിയാത്തവനു് ഇന്നത്തെ തെണ്ടിപ്പെണ്ണിന്റെ വിരഹവേദനയും, കുചേലന്റെ ദാരിദ്ര്യദുഃഖം അറിയാത്തവനു് ഇന്നത്തെ തെണ്ടിയുടെ ദാരിദ്ര്യദുഃഖവും അറിയാൻസാധിക്കയില്ലെന്നു് നിങ്ങൾ അവരോടു് പറയുക. അപ്പോൾ അവർ അലറും പഴയ സാഹിത്യം വഷളും ഇന്നത്തെ സാഹിത്യം വളരെ വ്യത്യസ്തവുമാണെന്നു്. വികാരങ്ങൾക്കും അനുഭൂതികൾക്കും ഒരുകാലത്തും മാററമില്ലെന്നും, അവയാണു് കലയുടെ ജീവനെന്നും നിങ്ങൾ വാദിക്കുക. അപ്പോഴും അവർ പറയും ദാരിദ്ര്യവും, വ്യഭിചാരവും മാത്രമേ സാഹിത്യമാകയുള്ളെന്നു്.

ജീവിതം. അതെന്താണെന്നറിയാതെയാണു് പുരോഗമനക്കാർ ജീവിതത്തെ സാഹിത്യവിഷയമാക്കണമെന്നു വാദിക്കുന്നതു്. അവരുടെ ജീവിതത്തിൽ രണ്ടേരണ്ടുകാൎയ്യം മാത്രമേയുള്ളു—പട്ടിണിയും, വ്യഭിചാരവും. അവരുടെ സാഹിത്യത്തിലെ പ്രഭുക്കന്മാരെല്ലാം കണ്ണിൽ ചോരയില്ലാത്ത നിഷ്കണ്ടകന്മാരാണു്. തെണ്ടികളും വ്യഭിചാരികളുമോ? അവരെപ്പോലെ ഇത്ര ആദൎശയോഗ്യരായ ആളുകൾ മററില്ല. ആയിരക്കണക്കിനു ധൎമ്മംചെയ്യുന്ന പ്രഭുക്കന്മാർ ഇവിടെയുണ്ടു്, പാശ്ചാത്യലോകത്തുണ്ടു്, എല്ലായിടത്തുമുണ്ടു്. അവരെ കാണാൻ ഇവൎക്കു കണ്ണില്ല. സാധുക്ക

ളോടും, വ്യഭിചാരികളോടും അനുകമ്പവേണ്ട എന്നു് ബുദ്ധിയുള്ളവർ പറയുകയില്ല. എന്തായാലും അവരും മനുഷ്യരാണല്ലോ. പഴയ സാഹിത്യകാരന്മാർ "നിജമുദരമാത്രം പരിപോഷിപ്പാനജവുമിഹപോരും, പ്രഭുതയുമതല്ല" എന്നു തെളിച്ചുപറഞ്ഞപ്പോഴും, സീതയുടെയും, ശീലവതിയുടെയും പാതിവ്രത്യനിഷ്ഠയെ വാഴ്ത്തിയപ്പോഴും പട്ടിണിക്കാരെയും വ്യഭിചാരികളെയും ഉദ്ധരിക്കുകയും, കാരുണ്യം ജനിപ്പിക്കുകയുംതന്നെയായിരുന്നു അവരുടെ ലക്ഷ്യം. വ്യഭിചാരത്തിന്റെ ദോഷത്തെ വർണ്ണിച്ചാൽ പാതിവ്രത്യത്തിന്റെ മഹത്തായ ഗുണം വർണ്ണിക്കുന്നതുപോലെ ഫലപ്രദമാകയില്ലെന്നു മനസ്തത്വവേദികളായ പ്രാചീനർ അറിഞ്ഞിരുന്നു. ഇന്നത്തെ അജ്ഞകേസരികൾ അതറിയുന്നില്ല. കള്ളനെ "കള്ളാ" എന്നുവിളിച്ചാൽ അവൻ സത്യവാനാകയില്ല, കൂടുതൽ കള്ളനായിത്തീരും. ഈ തത്വമാണു ഇന്നത്തെ ധൃഷ്ടസാഹിത്യകാരന്മാർ അറിയേണ്ടതു്.

ഇവരുടെ മിഥ്യാവാദങ്ങൾക്കു കണക്കും കൈയ്യുമില്ല. പുരാതനസാഹിത്യകാരന്മാരെല്ലാം രാജാക്കന്മാരുടെ സേവകരായിരുന്നതിനാൽ രാജാക്കന്മാരെ അവർ വാഴ്ത്തിയത്രേ. നേരേമറിച്ചു രാജാക്കന്മാരെ കഷ്ടപ്പെടുത്തി, കൊല്ലാതെകൊന്ന സാഹിത്യകാരന്മാർ പണ്ടു് നിരവധിയായിരുന്നു. ഹരിശ്ചന്ദ്രൻ, ശ്രീരാമൻ, ശിബി, രന്തിദേവൻ, നളൻ, പഞ്ചപാണ്ഡവന്മാർ, എന്നിവരുടെ കഥകൾ നോക്കുക. ഭൂമിയിലും, ചിലപ്പോൾ സ്വർഗ്ഗത്തിൽപോലും ഇവരെപ്പോലെ ആരും അത്രമാത്രം കഷ്ടത സഹിച്ചിരിക്കയില്ല. വെറും തെണ്ടികൾക്കു കഷ്ടപ്പാടു് ഒരു കഷ്ടപ്പാടല്ല. കഷ്ടപ്പാടിന്റെ കൊടും ക്രൂരതയും, ഭയാനകത്വവും, ബീഭത്സതയും സമുദായത്തിൽ അത്യുച്ചനിലയിലിരിക്കുന്ന രാജാക്കന്മാരെപ്പോലെ മററാർക്കും അത്ര ദുസ്സഹമായിരിക്കയില്ല എന്നു് അല്പം ആലോചിച്ചാൽ മനസ്സിലാകാത്ത ബുദ്ധിശൂന്യന്മാർ കാണുകയില്ല. അവരുടെ ആ ദുസ്സഹതയിലാണു കാവ്യം പുഷ്ടിപ്പെടുന്നതെന്നു പുരോഗമനക്കാർ മനസ്സിലാക്കണം. ഹരിശ്ചന്ദ്രന്റെ സത്യനിഷ്ഠയും, ത്യാഗഗരിമാവും ഒരു തെണ്ടിയിലുണ്ടായാൽതന്നെയും അതിനു രസപുഷ്ടി വളരെ കുറയും. എന്തെന്നാൽ തെണ്ടിക്കു് സത്യത്തിനുവേണ്ടി ത്യജിക്കാൻ അളവററ ധനമില്ല, ഒരു സാമ്രാജ്യമില്ല, മാനമില്ല; പതിഭക്തയായ ഒരു ഭാര്യയും, വംശതന്തുവായ ഒരു പുത്രനുമില്ല. ചുടുകാട്ടിൽ കാവൽകിടക്കുകയെന്നതു ഹരിശ്ചന്ദ്രനെന്നപോലെ അവനു ഒരു പുതിയ രൂക്ഷാനുഭവമായിരിക്കയുമില്ലല്ലോ. അതിനാൽ ത്യാഗവും, അതിൽ പ്രകടമാകേണ്ട ആദർശവീരത്വവും അവന്റെ കാര്യത്തിൽ വെറും ന്യൂനംതന്നെയെന്നു പറയേണ്ടിവരുന്നതാണു്. പിന്നെങ്ങനെയാണു അവനുമ്മിൽ ഒരു ഉദ്വേഗവും, ആദർശഭക്തിയും ജനിപ്പിക്കേണ്ടതു്? എന്നിട്ടും ഒരു നിയമബിരുദധാരി ഒട്ടും കൂസാതെ എഴുതിക്കളഞ്ഞതു് പ്രാചീനന്മാർക്കു ആവക കാര്യങ്ങളെപ്പററി അറിവൊന്നുമില്ലായിരുന്നു എന്നാണു്! അഹോ, അജ്ഞതയ്ക്കുമില്ലല്ലോ ഒരതിരു്!

മററു ചില വാദങ്ങൾ ഇതിലേറെ രസാവഹമാണു്. ഇപ്പോൾ വലിയ മഹാകാവ്യങ്ങൾ വായിക്കാൻ സമയമില്ലാത്തതുകൊണ്ടാണത്രേ സാഹിത്യം കണ്ടം കണ്ടമായി തുണ്ടിച്ചുപോയതു്. ഒരു മഹാകാവ്യം എഴുതുന്നയാൾ മഹാകവിയാകുന്നതു പത്തുമുന്നൂറുപേജും, പത്തുപതിനെട്ടു സർഗ്ഗവും, ഒന്നരരൂപാ വിലയുംഉള്ള ഒരു ഗ്രന്ഥസത്വത്തെ സൃഷ്ടിച്ചുവിടുന്നതുകൊണ്ടല്ല. അയാൾക്കു നവരസങ്ങളും ഒന്നുപോലെ പ്രതിപാദിക്കാൻ തികഞ്ഞ കഴിവു

ണ്ടായിരിക്കണം. അങ്ങനെയുള്ളവൻമാത്രമേ മഹാകവിബിരുദത്തിനു അർഹനാകയുള്ളു. അനേകം കഥാപാത്രങ്ങളെ ഭാവനചെയ്യാനുള്ള കല്പനാശക്തിയോ, ഏകാഗ്രതയോ, ലോകപരിജ്ഞാനമോ ഇന്നത്തെ സാഹിത്യവങ്കന്മാക്കില്ലതാനും. പിന്നെങ്ങനെയാണു അവർ മഹാകാവ്യമെഴുതുന്നതു്? തങ്ങളുടെ കഴിവില്ലായ്മയെ മറയ്ക്കാൻ അവർ ജീവിതവ്യഗ്രതയെ കുററം പറയുന്നു. വാസ്തവത്തിൽ ഇന്നത്തെപ്പോലെ നാനാവിഷയങ്ങളെപ്പററി തടിയൻഗ്രന്ഥങ്ങൾ ആയിരക്കണക്കിനു പണ്ടു് ഉണ്ടായിട്ടില്ല. ജീവിതവ്യഗ്രതയെ പഴിപറയുന്നവർ ഇക്കാര്യം ഓർക്കേണ്ടിയിരിക്കുന്നു.

മററൊരുവാദം എഴുത്തച്ഛൻെറ രാമായണം ഒരു മതഗ്രന്ഥമാകയാൽ അനേകായിരംപേർ അതു നിത്യപാരായണം ചെയ്യുന്നുഎന്നും അതുകൊണ്ടു് അതു ഇന്നും നിലനിൽക്കുന്നു എന്നുമാണു്. എത്ര വിചിത്രം! മതഗ്രന്ഥങ്ങൾ മററു പലതും ഉണ്ടായെങ്കിലും അവയൊന്നും രാമായണംപോലെ പാരായണം ചെയ്യപ്പെട്ടിട്ടില്ല. ആ സ്ഥിതിക്കു് അതു നിലനിൽക്കുന്നതു രാമകഥയിൽ അത്യാകർഷകമായ പല രസങ്ങളും ഭാവങ്ങളും ഉള്ളതുകൊണ്ടാണെന്നു വ്യക്തമല്ലേ? വാല്മീകിരാമായണവും, ഭാരതവും തർജ്ജിമചെയ്യാൻ റഷ്യയിൽ ഒരു കമ്മററിയെ ഈയിടെ ഏൎപ്പെടുത്തിയിരിക്കുന്നതു അവയിലെ സാഹിത്യം പഴഞ്ചനായതുകൊണ്ടല്ലെന്നും, അതു നിത്യമായതുകൊണ്ടാണെന്നും സാഹിത്യബോധമില്ലാത്ത നമ്മുടെ പുരോഗമനവാദികൾ അറിയേണ്ടതാകുന്നു. ഇവിടെ തെക്കുവടക്കു നടക്കുന്ന തൊഴിലില്ലാത്തൊഴിൽക്കാരേക്കാൾ ജീവിതവ്യഗ്രത റഷ്യയിലുണ്ടെന്നുള്ളതും പ്രസ്താവ്യമാണു്.

ഈവക യാതൊരുകാൎയ്യവും പുരോഗമനവാദികൾക്കു ആലോചിക്കേണ്ടതില്ല. ആകപ്പാടെ നൂലിട്ടാലെത്താത്ത അറിവുകേടു്, നോക്കിയാൽ നോക്കെത്താത്ത കഴിവുകേടു്, ലജ്ജയെന്തെന്നറിയാത്ത ചിന്താശൂന്യത, മനുഷ്യനെ മനുഷ്യനാക്കുന്ന ഗുണങ്ങളോടെല്ലാം ഒരു വെറുപ്പു്, മാഹാത്മ്യത്തോടൊരു പുച്ഛം, നാണക്കേടിനോടൊരുബഹുമാനം, അശ്ലീലതയിലും, മ്ലേച്ഛതയിലും ആണ്ടുപൂണ്ടു രമിക്കുന്ന സൂകരസഹജമായ ഒരു കൗതുകം ഇവയാണു നമ്മുടെ പുരോഗമനത്തിൻെറ ലക്ഷണങ്ങളായി കാണുന്നതു്. ഇവരുടെ കൃതികൾ പലതും രസമായി പരിണാമം പ്രാപിക്കാതെ വെറും ഭാവത്തിൽ നിന്നുപോകുന്നതിനാൽ അവ അനാകർഷകമായി ശേഷിക്കുന്നു. ഇതിനു കാരണം അവർ വെറും പകൎപ്പെഴുത്തുകാരെപ്പോലെ ജീവിതത്തെ പകൎത്തുന്നു എന്നുള്ളതാണു്. അവരുടെ എല്ലാകൃതികളും ഇങ്ങനെയാണെന്നു ഞാൻ പറയുന്നില്ല. എങ്കിലും ഹൃദയത്തെ സാരമായി സ്പർശിക്കാൻ കഴിവുള്ള സജീവകൃതികൾ ഇവരിൽനിന്നു സാധാരണ ഉത്ഭവിക്കാറില്ലെന്നു തീൎത്തുപറയാം. ഏതുപ്രസ്ഥാനത്തിലും കുറെ ഏറെകൃതികൾ ഉണ്ടാകുന്നതു നന്നുതന്നെ. അവയിൽ സജീവമായിട്ടുള്ളവ എക്കാലത്തും നിലനിൽക്കും. പക്ഷേ അസംബന്ധസിദ്ധാന്തങ്ങളും, അബദ്ധപ്പഞ്ചാംഗങ്ങളും എഴുന്നള്ളിക്കാതെയും, മനുഷ്യരെ തെററിദ്ധരിപ്പിക്കാതെയും അതു സാധിക്കുമെന്നാണു അവർ അറിയാനുള്ളതു്.

# സമാധി

മുത്തൂർ രാഘവൻനായർ.

(കേക)

ശ്രീലസുന്ദരഭാരതാംബരഭുവിൽനിന്നു
കാലസിന്ധുവിലാണ്ടുപോയി ഹാ! രവിദേവൻ
ഹന്ത! യച്ചരാചരചിത്രത്തിൻ തിരോധാന-
മന്ധകാരത്തിൽത്താഴ്ത്തീലെത്ര ഹൃത്പത്മങ്ങളെ?
അക്ഷയ മുഷസ്സൊന്നു നൂതനം കൊളുത്തുവാൻ
അക്ഷികൾക്കഗോചരനായി നീ ചിജ്ജ്യോതിസ്സേ!
അഥവാ പാരിന്നല്ല സൗഭാഗ്യ, മേതാദൃശ-
ബുധരാൽ നേടേണ്ടതു വിണ്ണിനാണെന്നോ വേണ്ടൂ!

ഉത്തുംഗസ്തനികൾ കൈത്താർ വീശി നീന്തുമ്പോഴു
ഉൾത്തടം തുടിക്കാത്തോരംബരതടിനിയും,
മാധവൈശദ്യം പുൽകെ,ക്കോകില കളഗാന-
മാധുര്യമോളംതല്ലും നന്ദനവനികയും,
രാജഹംസങ്ങൾ മാറിൽത്തത്തിക്കളിയ്ക്കു, പ്ഫേന-
രാജിതസ്മിതം തൂവും മാനസതടാകവും,
മാലേതുമിയലാതെ മന്ദാരമലർകളാൽ
മാലകൾ കൊരുക്കുന്ന വാനവർ കിടാങ്ങളും,
ഹന്ത! നീ പൂകീവാനം വാണിയും കൊതിയ്ക്കുമാ-
ബന്ധുര പ്രകൃതിയെ വർണ്ണിച്ചു കാവ്യംതീർക്കാൻ

അകതാർ കുളിർക്കും നിന്നദ്ധ്യാത്മഗീതം പാടാൻ
അധരം വിടർത്തുന്ന ഗന്ധർവ്വകന്യകമാർ
മംഗളഗീതാഞ്ജലി സാഹ്ലാദം പാടിപ്പാടി
മഞ്ജുളഹാരങ്ങൾ നിൻകണ്ഠത്തിൽ ചൂടിച്ചൂടി
സ്വർഗ്ഗത്തിൻ ശ്രീകോവിലിൽ സ്വീകരിക്കുന്നു നിന്നെ
സ്വച്ഛ സൗഹൃദം കാളിദാസാദി സുകൃതികൾ!

ആത്മസൌഭാഗ്യപ്രദം ശാന്തിതൻ നികേതനം
ആത്മാർത്ഥഭക്ത്യാ കാണാം വാല്മീക്യാശ്രമംപോലെ
ഗീതയും കൈയിൽത്താങ്ങി നിർമ്മലജ്ഞാനധ്യാന-
രൂപൈക്യംപൂകീ വന്ദ്യ ഭാരതഗുരുദേവൻ
ഗാത്രവും ഹൃദയവുമൊന്നുപോൽ സുകുമാരം
ശബ്ദാർത്ഥമനോഹരമല്ലയോ വരകാവ്യം.

നമസ്തേ നിരർഗ്ഗളശാന്തിപ്പൊന്നലച്ചാർത്തേ!
നമസ്തേ നിരവദ്യകാവ്യമഞ്ജുളമൂർത്തേ!!

# ടാഗോറിന്റെ കത്തുകൾ.

(പി. ശേഷാദ്രി, ബി. എ., എം. എൽ.)

ദാമ്പത്യജീവിതത്തിൽ ഭാര്യാഭർത്താക്കന്മാർക്കുള്ള പരസ്പരാവകാശങ്ങളെസംബന്ധിച്ച് വളരെക്കാലമായി പ്രചരിച്ചിരുന്ന ധാരണ യൂറോപ്പിൽ ഏതാനുംവർഷങ്ങളായി ശിഥിലീഭവിച്ചിരിക്കുന്നു. ഇതിനുള്ള പ്രധാനകാരണം വിവാഹംചെയ്യാൻ ആഗ്രഹിക്കാത്ത പുരുഷന്മാരുടെ സംഖ്യ കുറേക്കാലമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. ജീവിതയാത്രയുടെ ആദർശം, ബഹുവ്യവസാദ്ധ്യമായിത്തീർന്നിട്ടുള്ളതുകൊണ്ട് ഗൃഹസ്ഥഭാരം ചുമലിൽ കേറാൻ ആർക്കും അത്ര താല്പര്യവുമില്ല. അതിനാൽ അനേകം സ്ത്രീകൾ അവിവാഹിതകളായിത്തന്നെ കഴിക്കേണ്ടിവരുന്നു. അങ്ങനെ പലർക്കും ഭർത്താക്കന്മാർ ലഭിക്കുമെന്ന് ആശിക്കാൻപോലും നിവൃത്തിയില്ലാത്ത ഒരു സമുദായത്തിൽ, അവിവാഹിതകളായിരിക്കുമ്പോൾ പരിശുദ്ധിയെ സംരക്ഷിക്കണമെന്ന് വിധി നിലവിലിരിക്കയില്ല. നമ്മുടെ രാജ്യത്തിൽ ശരീരശുദ്ധിയെ രക്ഷിക്കുന്നതിന് കഠോരനിയമങ്ങൾ ഉള്ളതുപോലെതന്നെ സ്ത്രീകളെല്ലാം വിവാഹിതകളായിരിക്കണമെന്നും നിർബന്ധിച്ചിട്ടുണ്ട്. വിധവകളുടെ ആഹാരാദികളെസംബന്ധിച്ചുള്ള അതികഠോരനിയമങ്ങൾക്ക് കയ്യും കണക്കുമില്ല. യൂറോപ്പിലാണെങ്കിൽ വിവാഹത്തിനുള്ള വിഷമങ്ങൾ വർദ്ധിക്കുന്തോറും മുമ്പറഞ്ഞ പരിശുദ്ധിയെസംബന്ധിച്ചുള്ള ധാരണയും സംസ്കാരവും മാറിക്കൊണ്ടിരിക്കുന്നു.

മറ്റൊരു കാരണവുമുണ്ട്. സ്ത്രീകൾ നിർബന്ധിതരായി പുരുഷരെ അനുഗമിക്കയും ജീവിതസന്ധാരണത്തിന് അവർക്കു മറ്റു മാർഗ്ഗം ഇല്ലാതിരിക്കയുംചെയ്തിരുന്ന കാലത്തിൽ, വിവാഹച്ചന്തയിൽ വിലയേറിയ വസ്തുവിനെ രക്ഷിക്കാൻ ശ്രമിച്ചിരുന്നു. സ്ത്രീകൾക്ക് ഉണ്ടായിരുന്ന ആ ബാധകളെല്ലാം ക്രമേണ ഇക്കാലത്ത് നശിച്ചുവരുന്നു. സന്താനങ്ങളെ സംബന്ധിച്ച പ്രശ്നങ്ങളും അത്ര പ്രബലമല്ല. അവയ്ക്കുള്ള സമാധാനങ്ങൾ പലതും സഹജേന കണ്ടുപിടിച്ചിട്ടുമുണ്ട്. (സന്താനനിയന്ത്രണോപായങ്ങൾ ക്ഷിപ്രസാദ്ധ്യങ്ങളാണ്.) സ്ത്രീകൾ ഗർഭം ധരിക്കേണ്ടിയിരുന്നതുകൊണ്ടാണ് ഇതുപര്യന്തം അവരുടെ ദേഹത്തെ ശുദ്ധമായി വച്ചുകൊള്ളണമെന്ന് നിഷ്കർഷിച്ചിരുന്നത്. എന്നുവേണ്ട നമ്മുടെ രാജ്യത്തിൽ പുരുഷന്മാരുടെ ബഹുവിവാഹത്തെ സംബന്ധിച്ച് ലോകനിന്ദ ഇല്ലായിരുന്നു. ഇക്കാലത്താണ് അതിനെതിരായി പൊതുജനാഭിപ്രായം പ്രബലമായിട്ടുള്ളത്. എന്റെ ശൈശവകാലത്ത് പുരുഷന്മാരുടെ ബഹുവിവാഹം ലജ്ജാകരമല്ലായിരുന്നു. ചുരുക്കിപ്പറഞ്ഞാൽ സ്ത്രീപുരുഷന്മാരുടെ, വിശേഷിച്ച് സ്ത്രീകളുടെ, ശാരീരികശുദ്ധിയെ രക്ഷിക്കാൻ പ്രേരിപ്പിച്ച ധനസംബന്ധവും സാമുദായികവുമായ കാരണങ്ങൾ മാറിയതോടുകൂടി ഉപദേശംകൊണ്ട് ആ ശുദ്ധിയെ നിലനിറുത്താൻ സാധിക്കയില്ല എന്നായിരിക്കുന്നു. സമുദായത്തിൽ, അതിന്റെ പ്രത്യേക പ്രയോജനത്തിനായി സ്വഭാവത്തെ അടക്കിനിറുത്താം. (അങ്ങനെ അടക്കാനും പല

കൌശലങ്ങളും ബലങ്ങളും പ്രയോഗിക്കണം.) എന്നാൽ ആ പ്രയോജനം മാറിയാൽ സ്വഭാവത്തെ ദമനംചെയ്യുന്നതു് എളുപ്പമല്ല. വ്യക്തിഗതമായി സ്വത്തു് അനുഭവിക്കുന്നതു നോക്കുക. എനിക്കു് വിശപ്പുണ്ടാകയും എന്റെ തറയിലുള്ള വൃക്ഷത്തിൽ ഫലങ്ങൾ ഇല്ലാതിരിക്കയും, നിങ്ങളുടെ ഭൂമിയിൽ കായ്ഫലമുള്ള വൃക്ഷങ്ങൾ ഇരിക്കയും ചെയ്താൽ ആ ഫലത്തെ പറിച്ചു കഴിക്കാൻ എനിക്കു സ്വാഭാവികേനതന്നെ ആഗ്രഹം ഉണ്ടാകും. എന്നാൽ വ്യക്തിഗതമായി സ്വത്തിനെ ഭാഗിക്കുക സമുദായത്തിന്റെ നിലനില്പിനു് അത്യാവശ്യമായതിനാൽ അങ്ങനെ ഫലം കഴിക്കുന്നതു മോഷണമായിത്തീരുന്നു. ഇപ്രകാരം ചൌര്യത്തെ സംബന്ധിച്ചു് നമ്മുടെ മനസ്സിൽ ഉറച്ചുകിടക്കുന്ന സംസ്കാരം സമുദായവ്യവസ്ഥയെ പ്രയാസമില്ലാതെ രക്ഷിക്കാൻവേണ്ടിയാകുന്നു. വൈജ്ഞാനികഗവേഷണങ്ങൾകൊണ്ടോ മററു വല്ല കാരണത്താലോ സ്വത്തിനു് (സ്ഥാവരജംഗമങ്ങൾക്കു്) വിലയില്ലാതെ ആയിത്തീരുകയാണെങ്കിൽ മോഷണത്തെപ്പററിയുള്ള നമ്മുടെ സംസ്കാരം മാറിപ്പോകുന്നതാണു്. സൂക്ഷ്മം നോക്കുന്നതായാൽ ചൌര്യത്തെപ്പററിയുള്ളനിയമം ശാശ്വതനിയമമല്ല; അതു മനുഷ്യനാൽ സൃഷ്ടിച്ച നിയമം മാത്രമാണു്. ഈ നീതിയെ പരിപാലിക്കാതിരുന്നാലും സമുദായശാന്തിക്കു് ഭംഗമില്ലെങ്കിൽ പരധനത്തെ അപഹരിക്കുന്നതു മോഷണമല്ല. അതിനാൽ, നിങ്ങൾ എന്റെ ഉദ്യാനത്തിൽനിന്നും കുറെ പഴങ്ങൾ ഞാൻ ഇല്ലാതിരിക്കുമ്പോൾ പറിച്ചുതിന്നാൽ അതു മോഷണമായിപ്പോയി എന്നു വിചാരിച്ചു് നിങ്ങൾ അനുശോചിക്കയില്ല; ഞാൻ കോപിക്കയും ഇല്ല. ഇതുപോലെ തന്നെയാണു് മററു സാമുദായികനിയമങ്ങളും. സമുദായത്തിന്റെ നിലനില്പിനു് ഭംഗംവരാത്ത യാതൊന്നും കുററമെന്നു ഗണിക്കേണ്ട.

ശാരീരികമായ അസംയമം എല്ലാഅവസ്ഥകളിലും അപരാധംതന്നെ. മാത്രമല്ല, ചില പ്രത്യേകസാധനങ്ങളിൽ ശാരീരികപ്രവൃത്തികളെ സമ്പൂർണ്ണമായി ദമനംചെയ്യേണ്ടതാണു്. അതിനെപ്പററിയുള്ള വിമർശനം സന്മാർഗ്ഗപരമല്ല. യഥാർത്ഥത്തിൽ ശാശ്വതനിയമത്തിനു രണ്ടുവശമുണ്ടു്; മനസ്സംബന്ധിയും ഹൃദയസ്സംബന്ധിയും. ഒന്നു അസത്യവും മറേറതു സ്നേഹമില്ലായ്മയുമാണു്. ഒന്നു് വഞ്ചിക്കുന്നു; മറേറതു നിഷ്ഠുരമായി പെരുമാറുന്നു. ഒന്നുകൊണ്ടു നാം മോഹിതരാകുന്നു; മറേറതുകൊണ്ടു നാം മരിക്കുന്നു. സത്യത്തിൽതന്നെ അന്തർഭവിക്കുന്ന ഒരു അസത്യമുണ്ടു്; അതു കവികല്പനയാണു്. സ്നേഹത്തിൽ ഉൾപ്പെടുന്ന ഒരു നിഷ്ഠുരതയുമുണ്ടു്—അന്യായത്തെ ശാസിക്കുകയെന്നതാണു് അതു്. ഞാൻ വളരെയെല്ലാം പുലമ്പിയിരിക്കുന്നു. സമയത്തിന്റെ അഭാവത്തെ കണക്കുകൂട്ടിയാൽ ഇതു് അപരാധംതന്നെ. സമയത്തിനു യാതൊരു വിലയും ഇല്ലെങ്കിൽ ഈ അമിതലേഖനം ദോഷാവഹമല്ലല്ലോ.

എന്നു് രവീന്ദ്രനാഥടാഗോർ.
ഫെബ്രുവരി ൭, ൧൯൨൧.

---

രാത്രിയുടെ കരിംകൂന്തൽ: ചീകുന്നനേരത്തു്, ചീവീടൊച്ചയെന്നു സംശയിക്കുന്നതെന്തിനു്? അവൾ വെൺചാന്തു തൊടുമ്പോൾ ചന്ദ്രനെന്നു കരുതുന്നു; മുത്തുമാല ചാർത്തുമ്പോൾ നക്ഷത്രങ്ങളെന്നു കരുതുന്നു; പുഞ്ചിരി തൂകുമ്പോൾ പൂനിലാവെന്നു കരുതുന്നു—ദൃഷ്ടിവൈപരീത്യം!

* * *

# ടാഗോർ

സാഹിത്യപ്രധാനമായ

## ഒരുൽകൃഷ്ട മാസിക.

മാസികയ്ക്കുള്ള ലേഖനങ്ങൾ, നിരൂപണത്തിനുള്ള പുസ്തകങ്ങൾ, മാററപ്പത്രങ്ങൾ, മാസികകൾ, അവയെ സംബന്ധിച്ച എഴുത്തുകൾ മുതലായവ പത്രാധിപർ, 'ടാഗോർ', കൊല്ലം എന്ന മേൽവിലാസത്തിലും, വരിസംഖ്യകൾ, മററു മണിയാർഡറുകൾ, ഏജൻസി സംബന്ധിച്ച കത്തിടപാടുകൾ എന്നിവ മാനേജർ, 'ടാഗോർ', കൊല്ലം എന്ന വിലാസത്തിലും അയയ്ക്കേണ്ടതാണു്.

വരിസംഖ്യ ഒരു കൊല്ലത്തേക്കു് അഞ്ചു രൂപാ (മുൻകൂർ)

പോസ്റ്റിൽ 6 രൂ. 8 ണ. ഒററപ്രതിക്കു് 8 ണ.

### ഒരുപ്രാവശ്യത്തെ പരസ്യനിരക്ക്

മുഴുപ്പേജിനു് 40 രൂ. അര പേജിനു് 22 രൂ. കാൽ പേജിനു് 11 രൂ.

കൂടുതൽകാലത്തേയ്ക്കുള്ള പരസ്യനിരക്കിനും മററു വിവരങ്ങൾക്കും മാനേജരുടെ പേർക്കെഴുതുക.

മാനേജർ,

ടാഗോർ—കൊല്ലം.

# The Ayurvedic Compound Tinctures Ltd.

# ALLEPPEY.

MANAGING AGENTS:-

## A. V. THOMAS & Co., (INDIA) LTD.,

ALLEPPEY.

**Some of our famous Tinctures and Specialities:**

**Tr: Gulgulu Thikthakom:** One of the most popular medicines in Kerala for the cure of chronic ulcers, abscess, eczema and other skin diseases, specially of a complicated nature. Also useful in rheumatism, disorders of intestine, diabetes, melitus, mumps, piles, cancer of the womb, anaemia, diseases of the head etc.

**Liq: Ext: of Jambul.** A speedy and permanant cure for Diabetes melitus or insipidus. Regular use of this specific soon restores normal metabolic conditions. Eliminates sugar in urine completely with in a few days.

**Tr: Kustha.** A reliable specific for asthma. Useful in all cases of cough, wooping cough, bronchitis, pneumonia, gangrene of the lungs and all phlegmatic troubles.

**Tr: Dasamulam.** Useful for all disorders of the wind (vata), cough, asthma, pneumonia, bronchitis, head-ache, anasarca, febrile diseases, dropsy, rehumatism etc. A reliable diaphorectic.

**Syrup Siddhasaraswatham.** Excellent tonic for brainfag, promotion of memory, increase of brain power. Very cooling to the eyes, improves voice. Highly recommended for brain workers, such as teachers students, lawyers and business men. Makes the body wiry and strong. A certain remedy for wet dreams, seminal weakness and loss of vitality.

**Indyodin** (For external use only). A valuable antiseptic and haemostatic. Cures all bleeding wounds, cuts abrasions etc. without causing any blistering effect almost instantaneously after application. May be used with success for scorpion stings and other poisonous insect bites.

*Supplies of the above and various other preparations can be had of :—*

1. Messrs. Ayurvedic Compound Tinctures Ltd., Alleppey.
2. „ A. V. Thomas & Co. Ltd., Trivandrum.
3. „ Do. Nagercoil.
4. „ Allied Agencies, Quilon.
5. „ C. M. & Sons, Mullakkal, Alleppey.
6. „ Punnen & Kurup(India)Ltd., Kottayam.
7. Mr. V. S. Panicker, Sadananda Ayurvedic Pharmacy, Punalur.


Printed and Published by T. K. Narayana Kurup at the Sri Rama Vilas Press, Quilon.